ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# സേവനം - പരോപകാരം



നിങ്ങൾ "നേടിയവ" മറ്റുള്ളവർക്ക് നല്കുമ്പോൾ,
പ്രകൃതി നിങ്ങളെ സംരക്ഷിക്കും.

Malayalam

ദാദാ ഭഗവാൻ
വിശദീകരിച്ചിരിക്കുന്നതു പോലെ

# സേവനം -പരോപകാരം

(Right Understanding to Help Others)

മൂലരൂപം ഗുജറാത്തിയിലാണ്.
അതിന്റെ ഇംഗ്ലീഷ് വിവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.
ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്.

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, May 2022

**Price :** Ultimate Humility (leads to Universal oneness) and Awareness of
"I Don't Know Anything"
Rs.: 25.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

**ISBN/eISBN :** 978-93-91375-08-9

## ത്രിമന്ത്രം





**നമോ വീതരാഗായ**
**നമോ അരിഹന്താണം**
**നമോ സിദ്ധാണം**
**നമോ ആയരിയാണം**
**നമോ ഉവ്വജ്ജായാണം**
**നമോ ലോ യേ സവ്വ സാഹൂണം**
**എസോ പഞ്ച നമുക്കാരോ**
**സവ്വ പാവാപ്പനാസണോ**
**മംഗളാണം ച സവ്വേശിം**
**പഠമം ഹവായ് മംഗളം** [1]
**ഓം നമോ ഭഗവതേ വാസുദേവായ** [2]
**ഓം നമഃ ശിവായ** [3]



**ജയ് സത് ചിത് ആനന്ദ്.**



# ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബഞ്ചിലിരിക്കെ, '**ദാദാ ഭഗവാൻ**' അംബാലാൽ മുൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി പ്രകടമായി. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിപ്പെടുത്തി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് അനാച്ഛാദനം ചെയ്യപ്പെട്ടു! 'ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം?' എന്നു തുടങ്ങിയ എല്ലാ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ സായാഹ്നത്തിൽ അദ്ദേഹം നേടിയത്, വെറും രണ്ട് മണിക്കൂർ കൊണ്ട് തന്റെ യഥാർത്ഥ ശാസ്ത്ര പരീക്ഷണത്തിലൂടെ (*ജ്ഞാന വിധി*) മറ്റുള്ളവർക്ക് പകർന്നു നൽകി! ഇതിനെ *അക്രം* പാത എന്ന് വിളിക്കുന്നു. *ക്രമം* എന്നാൽ ക്രമാനുഗതമായി, പടിപടിയായി കയറുക എന്നാണ് അർത്ഥമാക്കുന്നത്, *അക്രം* എന്നാൽ പടികളില്ലാത്ത, കുറുക്കുവഴി, എലിവേറ്റർ പാത!

ദാദാ ഭഗവാൻ ആരാണെന്ന് അദ്ദേഹം തന്നെ മറ്റുള്ളവരോട് വിശദീകരിക്കും, "നിങ്ങളുടെ മുന്നിൽ കാണുന്നയാൾ ദാദാ ഭഗവാനല്ല. ഞാൻ *ജ്ഞാനി പുരുഷൻ* ആണ്, ഉള്ളിൽ പ്രകടമായത് പതിന്നാലു ലോകങ്ങളുടെയും നാഥനായ ദാദാ ഭഗവാനാണ്. അദ്ദേഹം നിങ്ങളുടെ ഉള്ളിലും, എല്ലാവരുടെയും ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങളുടെ ഉള്ളിൽ പ്രകടമാകാതെ വസിക്കുന്നു, എന്നാൽ ഇവിടെ [എ. എം. പട്ടേലിനുള്ളിൽ], അദ്ദേഹം പൂർണ്ണമായും പ്രത്യക്ഷനായി! ഞാൻ, സ്വയം, ദൈവമല്ല (*ഭഗവാൻ*); എന്റെ ഉള്ളിൽ പ്രകടമായ ദാദാ ഭഗവാനെയും ഞാൻ വണങ്ങുന്നു.

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മ ജ്ഞാനത്തിനു ശേഷം, ആയിര കണക്കിന് ആത്മീയ അന്വേഷകർ ബന്ധന മുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തര വാദിത്തങ്ങൾ നിറവേറ്റുന്നതിന് ഇടക്കു തന്നെ ആത്മ അനുഭവത്തിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നു

# ഈ വിവർത്തനത്തെക്കുറിച്ചുള്ള കുറിപ്പ്

ജ്ഞാനി പുരുഷൻ, അംബലാൽ എം. പട്ടേൽ, സാധാരണയായി 'ദാദാശ്രീ' അല്ലെങ്കിൽ 'ദാദാ' എന്നും അറിയപ്പെടുന്നു, ആത്മീയ അഭിലാഷികൾ ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളുടെ രൂപത്തിൽ ആത്മീയ പ്രഭാഷണങ്ങൾ നടത്തി. ഈ പ്രഭാഷണങ്ങൾ ഗുജറാത്തി ഭാഷയിൽ പൂജ്യ ഡോ. നിരുബെൻ അമീൻ റെക്കോർഡ് ചെയ്ത് പുസ്തകങ്ങളാക്കി.

തന്റെ സത്സംഗങ്ങളും ആത്മസാക്ഷാത്കാര ശാസ്ത്രത്തെക്കുറിച്ചുള്ള അറിവും ഓരോ വാക്കിനും മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുക അസാധ്യമാണെന്ന് ദാദാശ്രീ പറഞ്ഞിരുന്നു, കാരണം ഈ പ്രക്രിയയിൽ ചില അർത്ഥങ്ങൾ നഷ്ടപ്പെടും. അതിനാൽ, ആത്മസാക്ഷാത്കാരത്തിന്റെ 'അക്രം ശാസ്ത്രം' കൃത്യമായി മനസ്സിലാക്കാൻ, ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

എന്നിരുന്നാലും, ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ പ്രയോജനം നേടാനും പിന്നീട് അവരുടെ സ്വന്തം പ്രയത്നത്തിലൂടെ പുരോഗതി നേടാനും തന്റെ വാക്കുകൾ മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ ദാദാശ്രീ തന്റെ അനുഗ്രഹം നൽകി. ഈ പുസ്തകം ഒരു അക്ഷരീയ വിവർത്തനമല്ല, എന്നാൽ അദ്ദേഹത്തിന്റെ യഥാർത്ഥ സന്ദേശത്തിന്റെ സത്ത സംരക്ഷിക്കാൻ വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ആത്മീയ പ്രഭാഷണങ്ങൾ ഗുജറാത്തിയിൽ നിന്ന് വിവർത്തനം ചെയ്യപ്പെടുകയും തുടരുകയും ചെയ്യുന്നു. ചില ഗുജറാത്തി പദങ്ങൾക്ക്, അർത്ഥം അറിയിക്കാൻ നിരവധി വിവർത്തന പദങ്ങളോ വാക്യങ്ങളോ ആവശ്യമാണ്, അതിനാൽ കൂടുതൽ നന്നായി മനസ്സിലാക്കുന്നതിനായി വിവർത്തനം ചെയ്ത വാചകത്തിൽ നിരവധി ഗുജറാത്തി പദങ്ങൾ നിലനിർത്തിയിട്ടുണ്ട്. ഗുജറാത്തി പദം

ആദ്യമായി ഉപയോഗിക്കുന്നിടത്ത്, അത് ഇറ്റാലിക് ചെയ്യുന്നു, തുടർന്ന് പരാൻതീസിസിൽ അതിന്റെ അർത്ഥം വിശദീകരിക്കുന്ന ഒരു വിവർത്തനം. തുടർന്ന്, തുടർന്നുള്ള വാചകത്തിൽ ഗുജറാത്തി വാക്ക് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഇത് രണ്ട് മടങ്ങ് പ്രയോജനം നൽകുന്നു; ആദ്യം, വിവർത്തനത്തിന്റെയും വായനയുടെയും എളുപ്പം, രണ്ടാമതായി, ഈ ആത്മീയ ശാസ്ത്രത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ നിർണായകമായ ഗുജറാത്തി വാക്കുകൾ വായനക്കാരനെ കൂടുതൽ പരിചിതമാക്കുക. ചതുരാകൃതിയിലുള്ള ബ്രാക്കറ്റുകളിലെ ഉള്ളടക്കം, യഥാർത്ഥ ഗുജറാത്തി ഉള്ളടക്കത്തിൽ ഇല്ലാത്ത കാര്യത്തെക്കുറിച്ച് കൂടുതൽ വ്യക്തത നൽകുന്നു.

അദ്ദേഹത്തിന്റെ അറിവിന്റെ സത്ത, ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള എളിയ ശ്രമമാണിത്. ഈ വിവർത്തനം വായിക്കുമ്പോൾ, എന്തെങ്കിലും വൈരുദ്ധ്യമോ പൊരുത്തക്കേടോ ഉണ്ടെങ്കിൽ, അത് വിവർത്തകരുടെ തെറ്റാണ്, തെറ്റായ വ്യാഖ്യാനം ഒഴിവാക്കാൻ ജീവിച്ചിരിക്കുന്ന ജ്ഞാനിയെക്കൊണ്ട് കാര്യത്തെക്കുറിച്ചുള്ള ധാരണ വ്യക്തമാക്കണം.

# ആമുഖം

ഒരു വ്യക്തി തന്റെ മനസ്സും വാക്കും ശരീരവും, മറ്റുള്ളവരുടെ സന്തോഷത്തിനു വേണ്ടി ഉപയോഗിക്കുകയാണ് എങ്കിൽ, അപ്പോൾ അയാൾക്ക് ഈ ലൗകിക ജീവിതത്തിൽ സന്തോഷത്തിന് ഒരു കുറവും ഉണ്ടാവില്ല. ആത്മജ്ഞാനം നേടുന്ന ആൾക്ക് അനശ്വരമായ ആനന്ദം ലഭിക്കുന്നു. ഇത്രമാത്രമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. ഒരു വ്യക്തി ഈ ലക്ഷ്യം പിന്തുടരുകയാണ് എങ്കിൽ, അയാൾക്ക് ഈ മനുഷ്യ ജീവിതത്തിൽ തന്നെ മുക്തമായ അവസ്ഥ ലഭിക്കും. അതിനപ്പുറം ഈ ജീവിതത്തിൽ ഒന്നും തന്നെ നേടാനായി ബാക്കി ഇല്ല!

ഈ മാവിന്റെ മരത്തിന് അതിന്റെ എത്ര മാങ്ങകൾ തിന്നണം? അതിന്റെ പഴങ്ങളും, മരത്തടിയും, ഇലകളും എല്ലാം മറ്റുള്ളവർക്ക് ഉപയോഗിക്കാൻ മാത്രം ഉള്ളതാണ്. അല്ലേ! അതുകൊണ്ടുള്ള ഫലം എന്താണ് എന്നു വെച്ചാൽ, അത് കൂടുതൽ ഉയർന്ന ജീവരൂപത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു. സഹായ മനോഭാവത്തിൽ നിന്നാണ് യഥാർത്ഥത്തിൽ മതം ആരംഭിക്കുന്നത്. നിങ്ങൾ മറ്റുള്ളവർക്ക് എന്തെങ്കിലും നല്കുന്ന നിമിഷം മുതൽ, ഒരാളുടെ സ്വന്തം സന്തോഷം ആരംഭിക്കുന്നു.

പരമപൂജ്യ ദാദാശ്രീ ഒരൊറ്റ വാചകത്തിൽ പറഞ്ഞിരിക്കുന്നു, മാതാപിതാക്കളെ സേവിക്കുന്ന മക്കൾക്ക് ഒരിക്കലും പണത്തിന് കുറവുണ്ടാവില്ല, അവർക്ക് ആവശ്യമായത് എല്ലാം ലഭിക്കും എന്ന്. ആത്മജ്ഞാനം നേടിയ ഗുരുവിനെ സേവിക്കുന്ന ആൾക്ക് മോക്ഷം ലഭിക്കും!

തന്റെ ജീവിതകാലം മുഴുവനും ദാദാശ്രീ ഈ ഒരു ലക്ഷ്യമാണ് നില നിർത്തിയിരുന്നത്, "ഞാൻ കണ്ടുമുട്ടുന്നവർ എല്ലാം സന്തോഷം അനുഭവിക്കണം.'' തന്റെ സ്വന്തം സുഖത്തെ കുറിച്ച് അദ്ദേഹത്തിന് ഒരൊറ്റ ചിന്ത പോലും ഉണ്ടായിരുന്നില്ല. അതിനു പകരം, അദ്ദേഹം സ്ഥിരമായി ഈ ഭാവത്തോടെ ജീവിച്ചു, "മറ്റെ ആൾ എന്ത് ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്, എങ്ങനെ ആ ബുദ്ധിമുട്ട്

ഇല്ലാതാക്കാം?" അതുകൊണ്ടാണ് നിരന്തരമായ, വ്യവസ്ഥകൾ ഒന്നും ഇല്ലാത്ത കാരുണ്യം അദ്ദേഹത്തിനുള്ളിൽ പ്രകടമായത്. അത്ഭുതകരമായ ഒരു ആദ്ധ്യാത്മിക ശാസ്ത്രം അദ്ദേഹത്തിൽ പ്രകടമായി.

ഈ സമാഹരണത്തിൽ, ലളിതവും കൃത്യവുമായ ഉദാഹരണങ്ങളിലൂടെ, മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഭാവത്തിലൂടെ, എങ്ങനെ മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം, എല്ലാ തരത്തിലും, എങ്ങനെ നിറവേറ്റാം എന്നതിനുള്ള തിരിച്ചറിവ് ദാദാശ്രീ നല്കുന്നു. നമ്മുടെ ജീവിതത്തിൽ ഈ തിരിച്ചറിവ് ഒരു ലക്ഷ്യമാക്കി സ്വാംശീകരിക്കുകയാണ് എങ്കിൽ, അപ്പോൾ ഈ മനുഷ്യ ജന്മം ഒരു വിജയമാണ് എന്ന് കണക്കാക്കാം!

**-ഡോ. നീരുബെൻ അമീൻ**

# സേവനം - പരോപകാരം

## (Right Understanding to Help Others)

### 1. ഒരു മനുഷ്യജീവിതത്തിന്റെ പ്രത്യേക പ്രാധാന്യം

**ചോദ്യകർത്താവ്:** ഈ മനുഷ്യജീവിതം പാഴാകാതിരിക്കാൻ എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** "ഈ മനുഷ്യ ജന്മം വ്യർത്ഥമായി പോകാൻ പാടില്ല", നിങ്ങൾ ദിവസം മുഴുവനും ഇങ്ങനെ ധ്യാനിച്ചാൽ, നിങ്ങൾ വിജയിക്കും. ഈ മനുഷ്യ ജന്മത്തെ കുറിച്ച് വ്യസനിക്കുന്നതിനു പകരം, ആളുകൾ പണത്തെ കുറിച്ചാണ് വ്യസനിക്കുന്നത്! ഒരു പരിശ്രമം നടത്തുക എന്നത് നിങ്ങളുടെ സ്വാധീനത്തിൽ പെട്ട കാര്യം അല്ല, എന്നാൽ ആന്തരികമായ ഭാവം (ഭാവ്) നിലനിർത്തുക എന്നത് നിങ്ങൾക്ക് സാധ്യമായ കാര്യം ആണ്. പരിശ്രമം നടത്തുക എന്നത് മറ്റെന്തിന്റേയോ നിയന്ത്രണത്തിൽ ആണ്. നിങ്ങളുടെ ഭാവത്തിന്റെ ഫലം നിങ്ങൾക്ക് ലഭിക്കും. വാസ്തവത്തിൽ, ഭാവം നില നിർത്തുക എന്നതു പോലും നിങ്ങളുടെ നിയന്ത്രണത്തിൽ അല്ല. എന്നാൽ നിങ്ങളുടെ ഭാവത്തിന് അനുസരിച്ചുള്ള ഫലം നിങ്ങൾക്ക് ലഭിക്കും.

**ചോദ്യകർത്താവ്:** ഒരു മനുഷ്യജന്മം ലഭിച്ചതിന്റെ സവിശേഷമായ പ്രാധാന്യം എന്താണ്?

**ദാദാശ്രീ:** മനുഷ്യജീവിതം മറ്റുള്ളവരെ സഹായിക്കാൻ (പരോപകാർ) ഉള്ളതാണ്. ഇന്ത്യയിലെ ആളുകളെ ജീവിതം പൂർണ്ണതയിൽ എത്താൻ ഉള്ളതാണ്, മോക്ഷം നേടാൻ ഉള്ളത്. ഇന്ത്യക്ക് പുറത്തുള്ള രാജ്യങ്ങളിലെ ആളുകളുടെ ജീവിതം മറ്റുള്ളവരെ സഹായിക്കാൻ ഉള്ളതാണ്. മറ്റുള്ളവരെ സഹായിക്കുക എന്നതിന് അർത്ഥം, മനസ്സു പോലും മറ്റുള്ളവർക്കായി ഉപയോഗിക്കുക, വാക്കുകൾ പോലും മറ്റുള്ളവർക്കായി ഉപയോഗിക്കുക, അതുപോലെ പെരുമാറ്റവും മറ്റുള്ളവർക്കായി ഉപയോഗിക്കുക എന്നാണ്! ഒരാൾ മറ്റുള്ളവരെ മനസ്സുകൊണ്ടും, വാക്കു കൊണ്ടും, ശരീരം കൊണ്ടും സഹായിക്കണം. അപ്പോൾ ഒരാൾ ചോദിച്ചേക്കാം, "എനിക്ക് എന്ത് സംഭവിക്കും?" എന്ന്. ഒരാൾ മറ്റുള്ളവരെ സഹായിച്ചു

കൊണ്ടിരുന്നാൽ, അയാൾക്ക് ബാക്കിയായി എന്തുണ്ടാവും?

**ചോദ്യകർത്താവ്:** അവന് തീർച്ചയായും നേട്ടങ്ങൾ ഉണ്ടാവും, ഇല്ലേ!

**ദാദാശ്രീ:** അതെ, എന്നാൽ ആളുകൾ വെറുതെ അങ്ങനെ വിചാരിച്ചു പോകുന്നു, "ഞാൻ കൊടുത്താൽ, എന്റേതെല്ലാം എനിക്ക് നഷ്ടപ്പെടും" എന്ന്.

**ചോദ്യകർത്താവ്:** താഴ്ന്ന തലത്തിലുള്ള ചിന്തകൾ ഉള്ള ആളുകൾ അങ്ങനെ വിശ്വസിക്കും.

**ദാദാശ്രീ:** ഉയർന്ന തലത്തിൽ ഉള്ള ചിന്തകളോടു കൂടിയ ആൾ, "മറ്റുള്ളവർക്ക് നല്കുന്നത് ശരിയാണ്" എന്ന് വിശ്വസിക്കുന്നു.

## 2.മറ്റുള്ളവരെ സഹായിക്കാനായി ജീവിക്കുക.......

നിങ്ങളുടെ മനസ്സും വാക്കും ശരീരവും മറ്റുള്ളവരെ സഹായിക്കാനായി നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങൾക്ക് എല്ലാം ഉണ്ടായിരിക്കും എന്നതാണ് ഇതിന്റെ എല്ലാം പിറകിലുള്ള നിഗൂഢമായ ശാസ്ത്രം. നിങ്ങൾ അത് മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിക്കുകയും, അതിന് നിങ്ങൾ ഒരു ഫീസ് ഈടാക്കുകയും ചെയ്താൽ, എന്താവും?

**ചോദ്യകർത്താവ്:** അത് വിഷമങ്ങൾ സൃഷ്ടിക്കും.

**ദാദാശ്രീ:** കോടതികളിൽ അവർ എല്ലാം, "അതിന് നൂറ് രൂപയാകും, ഇതിന് നൂറ്റ് അമ്പത് രൂപയാകും'', എന്നെല്ലാം പറഞ്ഞു കൊണ്ട് ഫീസ് ഈടാക്കും. അപ്പോൾ ഒരാൾ പറയും, "സർ നൂറ്റിയമ്പത് രൂപ സ്വീകരിക്കൂ" എന്ന്. എങ്കിലും പരോപകാരത്തിന്റെ നിയമം (പരോപകാരം) ഇവിടെ ഒരിക്കലും പ്രാവർത്തികമല്ല. അങ്ങനെ അല്ലേ!

**ചോദ്യകർത്താവ്:** ഒരു വ്യക്തിക്ക് വേറെ എന്തെങ്കിലും ഒരു കാര്യത്തിനോട് രുചി തോന്നിയാൽ, അയാൾ തീർച്ചയായും അത് പറയണം, വേണ്ടേ?

**ദാദാശ്രീ:** അതിനെക്കുറിച്ച് ഒട്ടും ചിന്തിക്കരുത്. നിങ്ങൾ മറ്റുള്ളവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുകയാണെങ്കിൽ,

നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ഇപ്പോൾ, ആളുകൾക്ക് എന്താണ് സംഭവിക്കുന്നത്? ഒരു വ്യക്തി അപൂർണ്ണമായ ധാരണയോടെ മറ്റുള്ളവരെ സഹായിക്കാൻ ശ്രമിക്കുമ്പോൾ, ഒരു പ്രതികൂല ഫലം ഉണ്ടാകുന്നു, അതിനാൽ അവന്റെ മനസ്സിൽ വിശ്വാസം സ്ഥാപിക്കപ്പെടുന്നില്ല, അത് അപ്രത്യക്ഷമാകുന്നു. ഒരു വ്യക്തി ഇപ്പോൾ [മറ്റുള്ളവരെ സഹായിക്കാൻ] തുടങ്ങിയാൽ, രണ്ടോ മൂന്നോ ജീവിതത്തിനുള്ളിൽ, അവൻ അതിന്റെ പ്രതിഫലം കൊയ്യും. ഇത് കൃത്യമായി ശാസ്ത്രമാണ്.

## 3.നല്ലതായാലും ചീത്തയായാലും, തുല്യമായി, മറ്റുള്ളവരെ സഹായിക്കുക!

**ചോദ്യകർത്താവ്:** ആളുകൾ മറ്റുള്ളവരെ സഹായിക്കുന്ന ജീവിതം നയിക്കുന്നു, കാരണം അവർ അങ്ങനെ ചെയ്യുന്നത് നല്ല കാര്യമാണ് എന്ന് കരുതുന്നു, അവർ മറ്റുള്ളവരോടും ആവശ്യപ്പെടുന്നു [അത് ചെയ്യാൻ]. എന്നാൽ മറ്റുള്ളവരുടെ ഗുണത്തിന് എന്ന് ഒരാൾ പറഞ്ഞാൽ തന്നെയും, ആരും ഇത് മനസ്സിലാക്കാൻ സമ്മതിക്കുന്നില്ല, അവൻ അങ്ങനെ പറയുന്നത് "അവന്റെ സ്വന്തം ഗുണത്തിന് വേണ്ടി തന്നെയാണ്" എന്ന്. അതിനെ കുറിച്ച് എന്ത് പറയുന്നു?

**ദാദാശ്രീ:** അത് ഇങ്ങനെയാണ്, മറ്റുള്ളവരെ സഹായിക്കുന്ന ആൾ മറ്റെ ആളുടെ തിരിച്ചറിവിനെ കുറിച്ച് ചിന്തിക്കുന്നില്ല. മറ്റൊരാളെ സഹായിക്കുന്ന ആൾ മറ്റെ ആളുടെ തിരിച്ചറിവിനെ കുറിച്ച് ചിന്തിക്കുന്നു എങ്കിൽ, അത് വിധിപൂർവ്വകമാണ് എന്ന് കണക്കാക്കപ്പെടും. അതുകൊണ്ട് മറ്റേ ആളുടെ തിരിച്ചറിവ് പരിഗണിക്കേണ്ട കാര്യം ഇല്ല.

ഈ മരങ്ങളെല്ലാം, ഉദാഹരണത്തിന് മാവുകൾ, വേപ്പുമരങ്ങൾ എന്നിവയെല്ലാം, അവയിലെല്ലാം ഫലങ്ങൾ ഉണ്ടാകുന്നു. അപ്പോൾ, അതിലെ എത്ര സ്വന്തം മാങ്ങകൾ മാവ് തിന്നണം?

**ചോദ്യകർത്താവ്:** ഒരെണ്ണം പോലും തിന്നില്ല.

**ദാദാശ്രീ:** ആർക്കാണ് ഈ മാങ്ങകൾ എല്ലാം?

**ചോദ്യകർത്താവ്:** മറ്റുള്ളവർക്ക്.

**ദാദാശ്രീ:** അതെ, അപ്പോൾ അത്, "ഈ ആൾ ചതിയനാണോ നല്ലവനാണോ" എന്നത് പരിഗണിക്കുന്നുണ്ടോ? "മാങ്ങകൾ അവ എടുത്തു കൊണ്ടു പോകുന്ന ആൾക്ക് സ്വന്തമാണ്, അവ എന്റെ അല്ല." അത് ഔദാര്യത്തിന്റേതായ ഒരു ജീവിതം നയിക്കലാണ്. ഇത്തരം ജീവിതങ്ങൾ നയിക്കുന്നതിലൂടെ, അത്തരം ജീവികൾ (മരങ്ങൾ), സാവധാനം ഉയർന്ന ജീവരൂപങ്ങളിലേക്ക് പുരോഗമിക്കുന്നു.

**ചോദ്യകർത്താവ്:** പക്ഷെ, പലപ്പോഴും, സഹായിക്കപ്പെട്ട വ്യക്തി, സഹായിച്ച ആളെ കുറ്റപ്പെടുത്തുന്നു.

**ദാദാശ്രീ:** അതെ, അങ്ങനെയാണ് ശരിക്കും കാണപ്പെടുന്നത്, അല്ലേ? ഉദാര മനസ്കരായ ആളുകൾ പോലും നന്ദികേടു കൊണ്ട് ബഹുമാനിതരാകുന്നു.

**ചോദ്യകർത്താവ്:** അത് തിരിച്ചറിവില്ലായ്മ കൊണ്ടാണ്!

**ദാദാശ്രീ:** എവിടന്നാണ് ഒരാൾക്ക് അത്തരം തിരിച്ചറിവുകൾ ലഭിക്കുക? ഒരാൾക്ക് അത്തരം തിരിച്ചറിവുകൾ ഉണ്ടായിരുന്നെങ്കിൽ, അയാളുടെ "ജോലി" തീർച്ചയായും പൂർത്തിയായേനെ, ഇല്ലേ! എവിടന്നാണ് ഒരാൾ അത്തരം തിരിച്ചറിവുകൾ നേടുക?!

സഹായ മനോഭാവം വാസ്തവത്തിൽ ഏറ്റവും ഉയർന്ന അവസ്ഥയാണ്. മറ്റുള്ളവരെ സഹായിക്കുന്ന ഈ ജീവിതം, ഇതു തന്നെയാണ്, മനുഷ്യജീവിതത്തിന്റെ പൂർണ്ണമായ ലക്ഷ്യം.

## ജീവിതത്തിൽ, ഇവ രണ്ടെണ്ണം മാത്രമാണ് പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ!

അതിലും ഉപരിയായി, ഇന്ത്യയിൽ ഉള്ള ആളുകളുടെ ജീവിതത്തിന്റെ ഉദ്ദേശ്യം എന്താണ്? ഒരാൾ പെട്ടു പോയ ബന്ധനത്തിൽ നിന്നും എന്നെന്നേക്കുമായി മോചിതനാകുക, പൂർണ്ണമായി [ആത്മാവായി] മാറുക, പൂർണ്ണമാകുന്നതിനുള്ള അറിവ് ലഭിച്ചില്ല എങ്കിൽ, മറ്റുള്ളവരെ സഹായിക്കുന്നതിനു വേണ്ടി ജീവിക്കുക. ഈ രണ്ട് ഉദ്ദേശ്യങ്ങൾ നേടുന്നതിനു വേണ്ടി മാത്രമാണ് ഒരാൾ ഇന്ത്യയിൽ ജന്മമെടുക്കുന്നത്. ആളുകൾ ശരിക്കും ഈ രണ്ട് ഉദ്ദേശ്യങ്ങൾ നേടിയെടുക്കുന്നുണ്ടോ? അതിനു പകരം ആളുകൾ,

ചീത്തയായിരിക്കുകയും, എങ്ങനെ മനുഷ്യരൂപത്തിൽ നിന്നും മൃഗങ്ങളുടെ രൂപത്തിലേക്ക് പോകാം എന്ന കല രൂപപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നു!

## ലാളിത്യത്തിനുള്ള പരിഹാരങ്ങൾ!

**ചോദ്യകർത്താവ്:** ജീവിതം സാത്വികവും (സാത്വിക്) സരളവും (സരൾ) ആക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?

**ദാദാശ്രീ:** സഹായ മനോഭാവത്തോടെ നിങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവർക്ക് നല്കിക്കൊണ്ടിരിക്കുക. സാവധാനം, നിങ്ങളുടെ ജീവിതം സ്വാഭാവികമായി സരളമായിത്തീരും. നിങ്ങൾക്ക് എന്നെങ്കിലും സഹായ മനോഭാവം ഉണ്ടായിരുന്നോ? സഹായ മനോഭാവം നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?

**ചോദ്യകർത്താവ്:** ഒരളവ് വരെ, എനിക്കതുണ്ട്!

**ദാദാശ്രീ:** നിങ്ങൾക്കത് കൂടുതൽ അളവിൽ അത് ഉണ്ടെങ്കിൽ, അപ്പോൾ നിങ്ങൾക്ക് കൂടുതൽ നേട്ടം ഉണ്ടാകും. ആളുകളെ സഹായിക്കുന്നത് തുടരുക. ആരുടെയെങ്കിലും ഒക്കെ ജോലികൾ ചെയ്തു കൊടുക്കുക, മറ്റുള്ളവരുടെ കാര്യങ്ങൾ ചെയ്തു കൊടുക്കുക, പണം ദാനം ചെയ്യുക, നിർഭാഗ്യവാനായ ഒരാൾക്ക് രണ്ട് ജോടി വസ്ത്രങ്ങൾ തുന്നിക്കൊടുക്കുക, ഇങ്ങനെയെല്ലാം മറ്റുള്ളവരെ സഹായിക്കുക.

ഭഗവാൻ പറയുന്നു, "നിങ്ങളുടെ മനസ്സും വാക്കും ശരീരവും, ആപേക്ഷിക ആത്മാവ് (പ്രതിഷ്ഠിത് ആത്മ) എന്ന പ്രായോഗിക ബോധവും മറ്റുള്ളവർക്കായി ഉപയോഗിക്കുക. എന്നിട്ടും എന്തെങ്കിലും തരത്തിലുള്ള ദുഃഖങ്ങൾ വരുന്നു എങ്കിൽ, എന്നെ അറിയിക്കുക" എന്ന്.

സഹായ മനോഭാവത്തിൽ നിന്നുമാണ് മതം സത്യത്തിൽ ആരംഭിക്കുന്നത്. നിങ്ങൾക്കുള്ള എന്തെങ്കിലും ഒന്ന് നിങ്ങൾ മറ്റുള്ളവർക്ക് നല്കുമ്പോൾ, അവിടെയാണ് ശരിക്കും സന്തോഷം ഇരിക്കുന്നത്. അതിനു പകരം, ആളുകൾ എടുക്കാൻ പഠിക്കുകയാണ്! നിങ്ങൾക്കു വേണ്ടി നിങ്ങൾ ഒന്നും തന്നെ ചെയ്യരുത്. ചെയ്യുന്നതെല്ലാം മറ്റുള്ളവർക്ക് വേണ്ടി ആയിരിക്കണം. അപ്പോൾ നിങ്ങൾക്കു വേണ്ടി നിങ്ങൾ ഒന്നും തന്നെ ചെയ്യേണ്ടി വരില്ല.

## ഭാവം നൂറു ശതമാനവും ഉണ്ടായിരിക്കണം!

ഏതെങ്കിലും മരം അതിന്റെ ഫലം തിന്നുമോ? അതുകൊണ്ട്, ഈ മരങ്ങൾ മനുഷ്യരെ പഠിപ്പിക്കുകയാണ്, "നിങ്ങളുടെ ഫലങ്ങൾ മറ്റുള്ളവർക്ക് നല്കു. പ്രകൃതി നിങ്ങൾക്ക് വേണ്ടത് തരും'', എന്ന്. വേപ്പുമരം ശരിക്കും കയ്പുള്ളതാണ്, എന്നിരുന്നാലും അതിന്റെ മറ്റ് ഗുണങ്ങൾ മനസ്സിലാക്കി ആളുകൾ അത് നട്ടു വളർത്തുന്നു. അതല്ലെങ്കിൽ അവർ തീർച്ചയായും അത് മുളയിലെ പറിച്ചു കളഞ്ഞേനെ. എന്നാൽ അത് മറ്റ് രീതികളിൽ ഗുണകരമാണ്. അത് തണുപ്പ് നല്കുന്നു, അതിന്റെ ഔഷധഗുണങ്ങൾ ഗുണകരമാണ്, അതിന്റെ നീര് ഗുണകരമാണ്. സത്യയുഗത്തിൽ (ഹിന്ദു പുരാണേതിഹാസങ്ങളിൽ പറഞ്ഞിരിക്കുന്ന നാല് കാലഘട്ടങ്ങളിൽ, നന്മയും, ജ്ഞാനവും, സന്തോഷവും, സദാചാര ബോധവും എല്ലാം നില നിന്നിരുന്ന ഒന്നാമത്തെ കാലഘട്ടം) ആളുകൾ മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ മാത്രമേ ശ്രമിച്ചിരുന്നുള്ളൂ. ദിവസം മുഴുവനും ഉയർന്നു വന്നിരുന്ന ചിന്ത, "ആരെയാണ് ഞാൻ സഹായിക്കുക" എന്നത് മാത്രമായിരുന്നു.

നിങ്ങൾക്ക് പുറമേക്ക് ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞില്ല എങ്കിലും കുഴപ്പമില്ല, എന്നാൽ നിങ്ങളുടെ ***ഭാവം*** തീർച്ചയായും, "എന്റെ കയ്യിൽ പൈസയുണ്ട്, അതുകൊണ്ട് ഞാൻ ആരുടെയെങ്കിലും ദുഃഖം കുറയ്ക്കാൻ ആഗ്രഹിക്കുന്നു" എന്നതായിരിക്കണം. നിങ്ങൾക്ക് ജ്ഞാനമുണ്ടെങ്കിൽ, "എന്റെ ജ്ഞാനം ഉപയോഗിച്ച് പോലും, മറ്റുള്ളവർക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുത്ത് അവരുടെ വിഷമങ്ങൾ കുറയ്ക്കണം" എന്ന ഭാവം ഉണ്ടാവണം. നിങ്ങളുടെ കയ്യിൽ അധികമായി എന്താണോ ഉള്ളത്, അത് ഉപയോഗിച്ച് മറ്റുള്ളവരെ സഹായിക്കു. അതല്ലെങ്കിൽ, ചുരുങ്ങിയത് ഒരു സഹായ മനോഭാവം സൂക്ഷിക്കു. സഹായ മനോഭാവം എന്നതിന് എന്താണ് അർത്ഥം? മറ്റുള്ളവരെ സഹായിക്കുന്ന സ്വഭാവമാണ് അത്!

ഒരാൾക്ക് സഹായ മനോഭാവം ഉണ്ടെങ്കിൽ, അയാളുടെ സ്വഭാവം വളരെ മനോഹരമായിരിക്കും! വെറുതെ കാശ് കൊടുക്കുന്നത് മാത്രമല്ല സഹായ മനോഭാവമായി കണക്കാക്കുന്നത്.

നിങ്ങളുടെ കൈവശം പൈസ ഉണ്ടാവുകയോ ഇല്ലാതിരിക്കുകയോ ആവാം. എന്നാൽ നിങ്ങളുടെ ആഗ്രഹം, നിങ്ങളുടെ ഭാവം, "ഞാൻ എങ്ങനെ മറ്റുള്ളവർക്ക് സഹായം ചെയ്യുന്നവനാവും?" എന്നതായിരിക്കണം. ആരെങ്കിലും നിങ്ങളുടെ വീട്ടിൽ വരാൻ ഇടയായാൽ, "എങ്ങനെ അവനെ സഹായിക്കാം?'' എന്ന ഭാവം നിങ്ങളിൽ ഉണ്ടാവണം. പണം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ [സാമ്പത്തികമായ] അവസ്ഥയെ ആശ്രയിച്ചിരിക്കും.

മാത്രമാണ് മറ്റുള്ളവരെ സഹായിക്കാനുള്ള മാർഗ്ഗം എന്നില്ല, അത് കൊടുക്കുന്ന ആളുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ മനസ്സിൽ വെറുതെ "എങ്ങനെ എനിക്ക് മറ്റുള്ളവരെ സഹായിക്കാനാവും" എന്ന ആ ഭാവം നില നിർത്തുക മാത്രമാണ് ചെയ്യേണ്ടത്, അത്രയും നില നില്ക്കുന്നുണ്ട് എന്ന് നിങ്ങൾ ഉറപ്പു വരുത്തുക മാത്രമാണ് വേണ്ടത്.

## ജീവിതത്തിന്റെ ലക്ഷ്യം!

അതിലൂടെ [സഹായ മനോഭാവത്തിലൂടെ] നമുക്ക് നമ്മുടെ ലക്ഷ്യത്തിലേക്ക് ഒരളവു വരെ മുന്നേറാൻ കഴിയും. ഈ ജീവിതത്തിന് ഒരു ലക്ഷ്യവും ഇല്ലെങ്കിൽ, അതുകൊണ്ട് ഒരു ഗുണവും ഇല്ല. നിങ്ങൾ ഡോളറുകൾ സമ്പാദിക്കുന്നു, തിന്നുന്നു, കുടിക്കുന്നു, സ്വയം ആസ്വദിക്കുന്നു, ദിവസം മുഴുവനും വ്യസനിച്ചുകൊണ്ടും ഇരിക്കുന്നു; അത് എങ്ങനെ ജീവിതത്തിന്റെ ലക്ഷ്യമായി കണക്കാക്കാനാവും? മനുഷ്യ ജീവിതം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു, അത് വെറുതെ വ്യർത്ഥമാക്കി കളയുന്നതിൽ എന്താണ് അർത്ഥം? അതുകൊണ്ട്, മനുഷ്യ ജീവിതം ലഭിച്ചു കഴിഞ്ഞാൽ, നിങ്ങളുടെ ലക്ഷ്യം നേടാൻ നിങ്ങൾ എന്ത് ചെയ്യണം? നിങ്ങൾക്ക് ലൗകിക സന്തോഷമാണ്, ഭൗതിക സന്തോഷമാണ്, വേണ്ടതെങ്കിൽ, നിങ്ങൾക്കുള്ളത് നിങ്ങൾ മറ്റുള്ളവർക്ക് നല്കണം. നിങ്ങൾ മറ്റുള്ളവർക്ക് എന്തെങ്കിലും സന്തോഷം നല്കിയാൽ, അപ്പോൾ നിങ്ങൾക്ക് സന്തോഷം പ്രതീക്ഷിക്കാം, അതല്ലെങ്കിൽ നിങ്ങൾക്ക് സന്തോഷം ലഭിക്കില്ല. നിങ്ങൾ മറ്റുള്ളവർക്ക് ദുഃഖം നല്കുകയാണ് എങ്കിൽ, നിങ്ങൾക്ക് തിരിച്ചും ദുഃഖം ലഭിക്കും.

ഒരൊറ്റ പ്രസ്താവനയിലൂടെ, ഈ ലോകത്തിന്റെ നിയമം മനസ്സിലാക്കൂ, എല്ലാ മതങ്ങളുടെയും നിയമം മനസ്സിലാക്കൂ, "സന്തോഷം ആഗ്രഹിക്കുന്ന ആൾ മറ്റ് ജീവികൾക്ക് സന്തോഷം നല്കണം, സങ്കടമാണ് ആവശ്യമെങ്കിൽ, മറ്റുള്ളവരെ സങ്കടപ്പെടുത്തണം.'' നിങ്ങൾക്ക് നല്ലതെന്ന് തോന്നുന്നത് ചെയ്യൂ. ഇനി ഇപ്പോൾ ആരെങ്കിലും ചോദിച്ചേക്കാം, "ഞങ്ങളുടെ കൈവശം പണം ഒന്നും ഇല്ല എന്നിരിക്കെ, എങ്ങനെ ഞങ്ങൾക്ക് മറ്റുള്ളവരെ സന്തോഷിപ്പിക്കാനാവും?'' എന്ന്. പണം ഉപയോഗിച്ച് മാത്രമേ സന്തോഷം നല്കാൻ കഴിയൂ എന്നില്ല. അവരോട് ഒരു സഹായ മനോഭാവം നിലനിർത്താൻ നിങ്ങൾക്ക് കഴിയും, അവർക്ക് വേണ്ട ചെറിയ കാര്യങ്ങൾ ചെയ്തു കൊടുക്കൂ, ഉപദേശം നല്കൂ. നിങ്ങൾക്ക് മറ്റുള്ളവരെ പല രീതിയിലും സഹായിക്കാൻ കഴിയും.

മതം (ധർമ്മം) എന്നതിന്റെ അർത്ഥം, ദൈവത്തിന്റെ ഒരു മൂർത്തിയുടെ മുന്നിൽ ഇരിക്കുക എന്നതല്ല, അതിനെ ധർമ്മം എന്ന് വിളിക്കില്ല. നിങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നതാണ് ധർമ്മം. അതിനെയാണ് ധർമ്മം എന്ന് വിളിക്കുന്നത്. അതിനോടൊപ്പം, നിങ്ങൾ ഏകാഗ്രതയുള്ള എതെങ്കിലും പരിശീലനത്തിൽ മുഴുകുകയാണ് എങ്കിൽ, അത് തികച്ചും വേറെ കാര്യമാണ്. എന്നിരുന്നാലും നിങ്ങൾ ഇതിൽ ഏകാഗ്രനായാൽ, അപ്പോൾ അതിൽ എല്ലാം ഉൾപ്പെടും. ഒരു സഹായ മനോഭാവം നില നിർത്തുക, "ഇനി ഞാൻ മറ്റുള്ളവരെ സഹായിച്ചു കൊണ്ടിരിക്കാൻ ആഗ്രഹിക്കുന്നു" എന്ന് തീരുമാനിക്കുക. അപ്പോൾ നിങ്ങളിൽ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കും. "ഞാൻ മൃഗീയതയിൽ മുഴുകാൻ ആഗ്രഹിക്കുന്നില്ല, മറ്റെ ആൾ എത്ര മൃഗീയത കാണിച്ചാലും, ഞാൻ മൃഗീയത കാണിക്കാൻ ആഗ്രഹിക്കുന്നില്ല" എന്ന് തീരുമാനിക്കുക. അപ്പോൾ അത് അങ്ങനെ തന്നെ സംഭവിക്കും. അങ്ങനെ സംഭവിക്കില്ലേ? നിങ്ങൾ ആ തീരുമാനം എടുക്കുന്ന നിമിഷം മുതൽ, കുറച്ച് മാറ്റങ്ങൾ സംഭവിക്കുമോ, അതോ ഇല്ലേ?

**ചോദ്യകർത്താവ്:** പക്ഷെ, അത് വളരെ വിഷമമാണ്.

**ദാദാശ്രീ:** അത് വിഷമമാണ് എങ്കിലും, നിങ്ങൾക്ക് തീരുമാനം

എടുക്കാം. നിങ്ങൾ ഒരു മനുഷ്യനായതുകൊണ്ടാണ് അത് സാധിക്കുന്നത്, അതിനും ഉപരി, നിങ്ങൾ ഇന്ത്യയിൽ നിന്നും ഉള്ള ഒരു മനുഷ്യനാണ്. നിങ്ങൾ വെറും സാധാരണക്കാരൻ ആണോ? നിങ്ങൾ പുരാതന ഋഷിമാരുടെ (ഋഷിമുനിമാരുടെ) പരമ്പരയിൽ പെടുന്ന ആളാണ്! [അനന്തമായ] ശക്തികൾ നിങ്ങളുടെ ഉള്ളിൽ ഉണ്ട്. അവ മൂടിക്കിടന്നാൽ, അതുകൊണ്ട് നിങ്ങൾക്ക് എന്ത് ഗുണമാണ് ഉള്ളത്? ഞാൻ നിങ്ങളോട് പറയുന്നതിന്റെ അടിസ്ഥാനത്തിൽ, "ഞാൻ ഇത് ശരിക്കും ചെയ്യാൻ ആഗ്രഹിക്കുന്നു" എന്ന് നിങ്ങൾ തീരുമാനം എടുത്താൽ, അത് തീർച്ചയായും സംഭവിക്കുക തന്നെ ചെയ്യും. അതല്ലെങ്കിൽ, എത്ര കാലം നിങ്ങൾ ഈ മൃഗീയത കൊണ്ടു നടക്കും? അതുമാത്രമല്ല, നിങ്ങൾക്ക് ഒരു സന്തോഷവും ലഭിക്കുന്നില്ല, ഈ മൃഗീയതയിൽ നിന്നും നിങ്ങൾക്ക് എന്തെങ്കിലും സന്തോഷം ലഭിക്കുന്നുണ്ടോ?

**ചോദ്യകർത്താവ്:** ഇല്ല.

**ദാദാശ്രീ:** അതിനു പകരം, നിങ്ങൾ ദുഃഖങ്ങളെ അല്ലാതെ മറ്റൊന്നും ക്ഷണിച്ചു വരുത്തുന്നില്ല.

## സഹായ മനോഭാവത്തിലൂടെ
## പുണ്യ കർമ്മങ്ങൾ വന്നു ചേരുന്നു!

മോക്ഷം ലഭിക്കുന്നതുവരെ, പുണ്യകർമ്മം മാത്രമാണ് ഒരാളുടെ സുഹൃത്തായി പ്രവർത്തിക്കുന്നത്, പാപകർമ്മം ഒരാളുടെ ശത്രുവായി പ്രവർത്തിക്കുന്നു. നിങ്ങൾക്ക് ഒരു ശത്രുവിനെ വേണോ, അതോ ഒരു മിത്രത്തിനെ വേണോ എന്ന് നിങ്ങളുടെ താല്പര്യം അനുസരിച്ച് തീരുമാനിക്കുക. ഒരു മിത്രത്തിന്റെ സംയോഗം എങ്ങനെ കൊണ്ടുവരാം എന്നും ഒരു ശത്രുവിന്റെ സംയോഗം എങ്ങനെ ഒഴിവാക്കാം എന്നും നിങ്ങൾ ചോദിക്കണം. ഒരാൾക്ക് ശത്രുവിനെ ആണ് വേണ്ടത് എങ്കിൽ, അതിനുള്ള സംയോഗം എങ്ങനെ ഉണ്ടാക്കാം എന്നു ചോദിച്ചാൽ, ഞാൻ പറയും, "നിങ്ങൾക്ക് തോന്നുന്ന പോലെ കടമെടുത്ത്, ദുർവ്യയം ചെയ്ത് ജീവിക്കുക, ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞ്, നിങ്ങളുടെ ഇഷ്ടം പോലെ രസിക്കുക, പിന്നീട് വന്നു ചേരുന്ന അനന്തരഫലങ്ങളെ കൈകാര്യം ചെയ്യൂ!" ഒരാൾക്ക് ഒരു

മിത്രത്തെപ്പോലെ പുണ്യങ്ങളാണ് വേണ്ടതെങ്കിൽ, ഞാൻ ഒരു മരത്തെ ചൂണ്ടിക്കാട്ടി പറയും, "പ്രിയപ്പെട്ട മനുഷ്യാ, ഈ മരത്തിൽ നിന്നും പഠിക്കൂ. ഏതെങ്കിലും മരം എന്നെങ്കിലും അതിന്റെ സ്വന്തം ഫലം കഴിക്കുമോ? ഒരു റോസ് ചെടി എന്നെങ്കിലും അതിന്റെ പൂക്കൾ തിന്നുമോ?'' അതിന് അല്പം തിന്നണം, ശരിയല്ലേ? നാം സമീപത്തൊന്നും ഇല്ലാത്തപ്പോൾ, രാത്രിയിൽ, അത് തിന്നുന്നുണ്ടാവണം, ശരിയല്ലേ? അത്, തിന്നില്ലേ?

**ചോദ്യകർത്താവ്:** ഇല്ല, അത് തിന്നില്ല.

**ദാദാശ്രീ:** ഈ മരങ്ങളും ചെടികളും എല്ലാം അവരുടെ ഫലങ്ങൾ മനുഷ്യർക്ക് നല്കി മനുഷ്യരെ സേവിക്കുന്നു. ഇനി, മരങ്ങൾക്ക് അതുകൊണ്ടുള്ള നേട്ടം എന്താണ്? അത് ഒരു ഉയർന്ന ജീവരൂപത്തിലേക്ക് വികസിക്കുകയും, അവരുടെ സഹായത്താൽ മനുഷ്യർ മുന്നോട്ട് നീങ്ങുകയും ചെയ്യും! നിങ്ങൾ ഒരു മാങ്ങ തിന്നുമ്പോൾ, ഒന്ന് ആലോചിച്ചു നോക്കുക, മാവ് മരത്തിന് എന്ത് നഷ്ടപ്പെടുന്നു? എന്ന്. പിന്നെ, നിങ്ങൾക്ക് എന്ത് നേട്ടം ഉണ്ടാകുന്നു? നിങ്ങൾ ഒരു മാങ്ങ തിന്നു, അപ്പോൾ നിങ്ങൾക്ക് സന്തോഷം തോന്നി. അതിന്റെ ഫലമായി നിങ്ങളുടെ ആന്തരിക ഭാവങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, ഒരു നൂറ് രൂപയുടെ മൂല്യമുള്ള ആത്മീയമായ നേട്ടങ്ങൾ ഉണ്ടാക്കുന്നു. ഇപ്പോൾ നിങ്ങൾ മാങ്ങ തിന്നതുകൊണ്ട്, അഞ്ച് ശതമാനം നേട്ടം മാവ് മരത്തിന് പോകും, ബാക്കിയുള്ള തൊണ്ണൂറ്റി അഞ്ച് ശതമാനം നിങ്ങൾക്ക് തന്നെ ലഭിക്കും. അതുകൊണ്ട് അവർ നിങ്ങളുടെ പങ്കിൽ നിന്നും അഞ്ച് ശതമാനം എടുത്ത്, അവ ഉയർന്ന ജീവരൂപത്തിലേക്ക് വികസിക്കുന്നു, നിങ്ങളും താഴ്ന്ന ജന്മത്തിലേക്ക് പോകില്ല, നിങ്ങളും അതുപോലെ തന്നെ വികസിക്കുന്നു. അതുകൊണ്ട് മരങ്ങൾ പറയുന്നു, "എന്റെ എല്ലാം ആസ്വദിക്കൂ, എല്ലാ തരം പൂക്കളും പഴങ്ങളും ആസ്വദിക്കൂ.''

## യോഗത്തിലൂടെയും ഉപയോഗത്തിലൂടെയും മറ്റുള്ളവരെ സഹായിക്കുക!

അതുകൊണ്ട് നിങ്ങൾക്ക് ഈ ലോകത്തെ സഹിക്കാൻ കഴിയും എങ്കിൽ, നിങ്ങൾ ഈ ലോകത്തെ ഇഷ്ടപ്പെടുന്നു എങ്കിൽ, നിങ്ങൾ ലൗകിക കാര്യങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങൾ ഈ ലോകത്തിലെ ഇന്ദ്രിയ സുഖങ്ങൾ കാംക്ഷിക്കുന്നു എങ്കിൽ, നിങ്ങൾ ഇത്രയും മാത്രം ചെയ്യുക, "യോഗവും ഉപയോഗവും പരോപകാരത്തിന് വേണ്ടി (യോഗത്തിലൂടെയും ഉപയോഗത്തിലൂടെയും മറ്റുള്ളവരെ സഹായിക്കുക)." യോഗത്തിന്റെ അർത്ഥം, മനസ്സിന്റേയും വാക്കിന്റേയും ശരീരത്തിന്റേയും ഐക്യമാണ്, അതേ സമയം ഉപയോഗം എന്നാൽ, ബുദ്ധി ഉപയോഗിക്കുക, മനസ്സിനെ ഉപയോഗിക്കുക, ചിത്തത്തെ ഉപയോഗിക്കുക (അന്തഃകരണം എന്ന് വിളിക്കപ്പെടുന്ന ആന്തരികമായ ദർശനത്തേയും അറിവിനേയും പ്രവൃത്തിപ്പിക്കുന്ന സംവിധാനത്തിന്റെ ഘടകങ്ങൾ), അതെല്ലാം മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിക്കുക, അത് മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിച്ചില്ലെങ്കിൽ, അവസാനം അവർ അത് അവരുടെ കുടുംബത്തിനു വേണ്ടി തന്നെ ഉപയോഗിക്കും, ഇല്ലേ! ഈ പട്ടി എന്തിനാണ് ഭക്ഷണം തേടുന്നത്? കാരണം അവളുടെ പട്ടിക്കുട്ടികളുടെ ഉള്ളിൽ ദൈവം വസിക്കുന്നു, അവൾ അവളുടെ പട്ടിക്കുട്ടികളെ സംരക്ഷിക്കുന്നു. അതുകൊണ്ടാണ് അവൾക്ക് എല്ലാം ലഭിക്കുന്നത്. ഈ ലോകം മുഴുവനും ഈ അടിത്തറയിൽ ആണ് പ്രവർത്തിക്കുന്നത്. ഈ മരങ്ങൾക്കെല്ലാം എവിടന്നാണ് പോഷണം ലഭിക്കുന്നത്. അതിന് ഈ മരങ്ങൾ എന്തെങ്കിലും പ്രയത്നം ചെയ്യുന്നുണ്ടോ? അവർ ഒരിക്കലും വികാരാധീനരാകുന്നില്ല. അവർ എപ്പോഴെങ്കിലും വികാരാധീനർ ആകാറുണ്ടോ? അവർ ഒരിക്കലും അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നില്ല. "വിശ്വാമിത്രി നദി ഒരു മൈൽ അകലെയാണ്, അവിടെ പോയി കുറച്ച് വെള്ളം കുടിക്കട്ടെ!'' എന്ന് അവർക്ക് ഒരിക്കലും തോന്നുന്നില്ല.

സത്യസന്ധതയും, പരസ്പരം സഹായിക്കാനുള്ള ഒരു മനോഭാവവും, ഇത്രയും മാത്രമേ ഒരാൾക്ക് ആവശ്യമുള്ളൂ. പരസ്പരം സഹായിക്കുക എന്നതാണ്, തീർച്ചയായും, മനുഷ്യജീവിതത്തിന്റെ

സവിശേഷമായ അവകാശം! ഈ ലോകത്തിൽ രണ്ടു തരത്തിലുള്ള ആളുകൾ, വ്യസനങ്ങളിൽ നിന്നെല്ലാം മുക്തരാണ്, ഒന്ന് ജ്ഞാനീ പുരുഷനാണ് (ആത്മ ജ്ഞാനം നേടി, അത് മറ്റുള്ളവർക്ക് പകർന്നു നല്കാൻ കഴിയുന്ന ആൾ), രണ്ടാമത്തെ ആൾ, മറ്റുള്ളവരെ സഹായിക്കുന്ന ആൾ ആണ്.

## മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള യഥാർത്ഥ രീതി!

**ചോദ്യകർത്താവ്:** ഈ ലോകത്തിൽ, എന്തൊക്കെയാണ് നല്ല പ്രവൃത്തികൾ? അവയെ നിർവ്വചിക്കാൻ കഴിയുമോ?

**ദാദാശ്രീ:** കഴിയും. ഈ മരങ്ങൾ ചെയ്യുന്നതാണ് നല്ല പ്രവൃത്തികൾ. അവ പൂർണ്ണമായും നല്ല പ്രവൃത്തികൾ മാത്രം ചെയ്യുന്നു. എന്നാൽ അവക്ക് കർത്താ ഭാവം (ഞാൻ ചെയ്യുന്നു എന്ന ഭാവം) ഇല്ല. ഈ മരങ്ങൾ ജീവനുള്ളവയാണ്. അവർ അവരുടെ ഫലങ്ങൾ എല്ലാം മറ്റുള്ളവർക്കായി നല്കുന്നു. അതുപോലെ, നിങ്ങളുടെ "ഫലങ്ങളും" മറ്റുള്ളവർക്കു വേണ്ടി നല്കു. നിങ്ങൾക്ക് നിങ്ങളുടെ "ഫലങ്ങൾ" ലഭിച്ചു കൊണ്ടിരിക്കും. എന്തെല്ലാം "ഫലങ്ങൾ" നിങ്ങളുടെ ഉള്ളിൽ പ്രകടമായാലും, അവ ശരീരവുമായും, മനസ്സുമായും, വാക്കുമായും ബന്ധപ്പെട്ടവയായാലും, നിങ്ങൾ അതെല്ലാം വില വാങ്ങാതെ മറ്റുള്ളവർക്ക് നല്കുകയാണ് എങ്കിൽ, അപ്പോൾ നിങ്ങൾക്ക് ആവശ്യമായതെല്ലാം ലഭിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ജീവിതത്തിന്റെ അത്യാവശ്യങ്ങൾക്കൊന്നും, നിങ്ങൾ ചെറിയ വിഷമം പോലും നേരിടേണ്ടി വരില്ല. എന്നാൽ, നിങ്ങൾ ആ "ഫലങ്ങൾ" സ്വയം ഭക്ഷിക്കുകയാണ് എങ്കിൽ, നിങ്ങൾക്ക് വിഷമങ്ങൾ നേരിടേണ്ടി വരും. ഈ മാവ് അതിന്റെ ഫലങ്ങൾ എല്ലാം സ്വയം തിന്നുകയാണ് എങ്കിൽ, അപ്പോൾ അതിന്റെ അവകാശി ആരായാലും, അയാൾ എന്തു ചെയ്യും? അയാൾ അത് മുറിച്ചിടും, ഇല്ലേ? അതുപോലെ, ഈ ആളുകൾ എല്ലാം അവരുടെ "ഫലങ്ങൾ" സ്വയം തിന്നുന്നു, അതു മാത്രമല്ല, അതു കൂടാതെ അവർ അതിന് കൂലിയും ചോദിക്കുന്നു!

ഒരൊറ്റ അപേക്ഷ ഫോം ഫില്ല ചെയ്ത് കൊടുക്കുന്നതിന് മാത്രം ആളുകൾ ഇരുപത്തിരണ്ടു രൂപാ ചാർജ് ചെയ്യുന്നു. നിയമപരമായ

സഹായങ്ങൾ പണം വാങ്ങാതെ ചെയ്തു കൊടുത്തിരുന്ന ഒരു രാജ്യത്ത്, അതുമാത്രമല്ല, നിയമം നടപ്പാക്കിയിരുന്നത് കക്ഷികളെ വീട്ടിലേക്ക് ഭക്ഷണത്തിന് ക്ഷണിച്ചും ആയിരുന്നു, അതിനു പകരം ഇപ്പോഴത്തെ അവസ്ഥ ഇതാണ്! കഴിഞ്ഞ കാലങ്ങളിൽ, ഗ്രാമത്തിൽ ഒരു വഴക്ക് ഉണ്ടായാൽ, ഗ്രാമത്തലവൻ, രണ്ടു പാർട്ടികളോടും പറയും, "ചന്ദുഭായ്, ഇന്ന് പത്തരക്ക് എന്റെ വീട്ടിൽ വരൂ, നഗീൻഭായ് നിങ്ങളും ആ സമയത്ത് എന്റെ വീട്ടിൽ വരൂ." നഗീൻഭായിക്ക് പകരം, അത് ഒരു കൂലിക്കാരനായാലും, ഒരു കർഷകനായാലും, വഴക്കിൽ പെടുന്നത് മറ്റാരായാലും, അവരെയെല്ലാം അദ്ദേഹം വീട്ടിലേക്ക് വിളിക്കും. ഇരു കൂട്ടരെയും ഒരുമിച്ചിരുത്തി, അവരെ ഒരു ഒത്തുതീർപ്പിൽ അദ്ദേഹം എത്തിപ്പിക്കും. കടക്കാരനെ കൊണ്ട് ഒരു ഭാഗം പണമായി കൊടുപ്പിക്കുകയും, ബാക്കിയുള്ളത് തവണകളായി അടക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. പിന്നീട് അദ്ദേഹം രണ്ടു കൂട്ടരോടും, "വരൂ, എന്നോടൊപ്പം ഭക്ഷണം കഴിക്കൂ" എന്നു പറയും. അവർക്ക് ഭക്ഷണം കൊടുത്ത് അദ്ദേഹം അവരെ വീട്ടിലേക്ക് മടക്കി അയയ്ക്കും! അങ്ങനെയുള്ള വക്കീലന്മാർ ഇന്നുണ്ടോ? അതുകൊണ്ട്, ഇന്നത്തെ കാലഘട്ടത്തെ മനസ്സിലാക്കി, തിരച്ചറിഞ്ഞ്, അതിനനുസരിച്ച് നിങ്ങളുടെ പെരുമാറ്റത്തെ ശരിയാക്കുക. എന്തൊക്കെയായാലും, ഒരാൾ സ്വയം തന്റെ കാര്യങ്ങൾക്ക് മാത്രമാണ് ചെലവു ചെയ്യുന്നത് എങ്കിൽ, അപ്പോൾ അയാളുടെ മരണസമയത്ത് അയാൾ വളരെ ദുഃഖിതനായിരിക്കും. അയാൾക്ക് മരിക്കാനും കഴിയില്ല, അയാളുടെ ബംഗ്ലാവും കാറും വിട്ടു പോകാനും കഴിയില്ല!

[കഴിഞ്ഞ കാലങ്ങളിൽ] ഉപദേശം നല്കുന്നതിന് ആരും പണം വാങ്ങിയിരുന്നില്ല. അയാൾ കാര്യം ഏതെങ്കിലും രീതിയിൽ അവസാനിപ്പിക്കും; അയാൾ സ്വന്തം കീശയിൽ നിന്നും ഒരു രണ്ടായിരം രൂപ കൊടുത്തു എന്നും വരും. അതേ സമയം, ഇന്നത്തെ കാലത്ത്, ആരെങ്കിലും ഉപദേശം തേടി വന്നാൽ, ഉപദേശത്തിന് നൂറു രൂപാ ഫീസ് അയാൾ ഈടാക്കും! "ഹേ, നിങ്ങൾ ഒരു ജൈനൻ അല്ലേ!" അപ്പോൾ അയാൾ മറുപടി പറയും, "അതെ, ഞാൻ തീർച്ചയായും ജൈനനാണ്. പക്ഷെ, എനിക്ക് എന്തെങ്കിലും ഒരു

ബിസിനസ്സ് വേണ്ടേ?'' സർ, വെറും ഒരു ഉപദേശത്തിന് ഫീസോ? അതു മാത്രമല്ല, നിങ്ങൾ ജൈനനാണോ? നിങ്ങൾ ഭഗവാനെ തന്നെ അമ്പരപ്പിക്കുകയാണ്? നിങ്ങൾ വീതരാഗി ഭഗവാന്മാരെ (പൂർണ്ണജ്ഞാനം നേടിയ, പൂർണ്ണമായും നിസ്സംഗരായ ആളുകൾ) പോലും അമ്പരപ്പിക്കുന്നു? വിവരങ്ങൾ നല്കുന്നതിനും ഒരു ഫീസ്? എന്തുമാത്രം മനഃസാക്ഷിയില്ലായ്മയായാണ് ഇതിനെ കണക്കാക്കുക?

**ചോദ്യകർത്താവ്:** അമിത ബുദ്ധി ഉപയോഗിക്കുന്നതിന് ഒരു ഫീസ്, അതാണ് അങ്ങ് ഉദ്ദേശിക്കുന്നത്. അല്ലേ!

**ദാദാശ്രീ:** ബുദ്ധിയുണ്ടാകുന്നത് ഒരു പ്രശ്നമൊന്നും അല്ല. എന്നാൽ ഈ ബുദ്ധി, ഒരാളെ കൂടുതലായി ആപേക്ഷികതയിലേക്ക് കൊണ്ടു പോകുന്നതാണ് (വിപരീത ബുദ്ധി). അത് ഒരാൾക്ക് സ്വയം ദോഷമുണ്ടാക്കുന്നതാണ്, ഈ വിപരീത ബുദ്ധി! ബുദ്ധിയെ ഭഗവാൻ എതിർത്തിട്ടില്ല. യാഥാർത്ഥ്യത്തിലേക്ക് നയിക്കുന്നതും ആവാം ബുദ്ധി (സമ്യക് ബുദ്ധി) എന്ന് ഭഗവാൻ പറഞ്ഞിരിക്കുന്നു. അത്തരം ബുദ്ധി വർദ്ധിച്ചാൽ, ഒരാൾക്ക് തോന്നും, "ആർക്കാണ് ഞാൻ ഒരു പരിഹാരം ഉണ്ടാക്കി കൊടുക്കേണ്ടത്, ആരെയാണ് ഞാൻ സഹായിക്കേണ്ടത്, ആർക്കാണ് ഞാൻ ഒരു ജോലി നേടിക്കൊടുക്കാൻ സഹായിക്കേണ്ടത്' എന്നെല്ലാം.

## സഹായ മനോഭാവം!

**ചോദ്യകർത്താവ്:** ഇപ്പോൾ, എന്റെ കാഴ്ചപ്പാടിൽ, ഒരു നായ ഒരു പ്രാവിനെ കൊല്ലാൻ ശ്രമിക്കുമ്പോൾ, നാം അതിനെ രക്ഷിക്കാൻ ശ്രമിക്കുന്നത്, സഹായ മനോഭാവമായി ഞാൻ കണക്കാക്കുന്നു. എന്നാൽ അത് ശരിക്കും വ്യവസ്ഥിതിയുടെ (സയിന്റിഫിക് സർക്കംസ്റ്റാൻഷ്യൽ എവിഡൻസ്) പ്രവർത്തന പദ്ധതിയുടെ ഫലമല്ലേ?

**ദാദാശ്രീ:** എപ്പോഴാണ് നിങ്ങൾക്ക് സഹായിക്കാൻ കഴിയുക? അത് പ്രാവിന്റെ വ്യവസ്ഥിതിയിൽ പെട്ടതാണ് എങ്കിൽ മാത്രമേ നിങ്ങൾക്ക് അത് സാദ്ധ്യമാവൂ. അതല്ലെങ്കിൽ, നിങ്ങൾക്ക് ഒന്നും തന്നെചെയ്യാൻ കഴിയില്ല. എന്നിരുന്നാലും, നിങ്ങൾ ഒരു സഹായ മനോഭാവം നില നിർത്തണം. അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ

പുണ്യകർമ്മം മാത്രമേ ബന്ധിപ്പിക്കൂ. അപ്പോൾ ഒരു വിഷമവും ഉയർന്നു വരാനുള്ള കാരണങ്ങൾ ഉണ്ടാവുകയില്ല. നിങ്ങൾക്ക് പണം കൊണ്ട് ചെയ്യാൻ കഴിയില്ല എങ്കിൽ, അവർക്ക് വേണ്ടി ചെറിയ കാര്യങ്ങൾ ചെയ്തു കൊടുക്കുകയോ, നിങ്ങളുടെ ബുദ്ധി ഉപയോഗിച്ച് അവർക്ക് ആവശ്യമായ അറിവുകൾ നല്കുകയോ ചെയ്യാം. ഏത് രീതിയിൽ ആയാലും സാദ്ധ്യമായ രീതിയിൽ അവരെ സഹായിക്കൂ.

## മറ്റുള്ളവരെ സഹായിക്കുന്നതുകൊണ്ട് നേട്ടം മാത്രമേ ഉണ്ടാകൂ!

അതുകൊണ്ട് ഈ ജീവിതം മറ്റുള്ളവരെ സഹായിച്ചുകൊണ്ട് ചിലവഴിച്ചാൽ, നിങ്ങൾക്ക് ഒരു തരത്തിലും നഷ്ടം ഉണ്ടാവില്ല. അതുമാത്രമല്ല, നിങ്ങൾക്ക് ഒരു തരത്തിലും ഉള്ള ബുദ്ധിമുട്ടുകളും ഉണ്ടാവില്ല; നിങ്ങൾക്ക് എന്ത് ആഗ്രഹങ്ങൾ ഉണ്ടെങ്കിലും നിറവേറും. അതേ സമയം, നിങ്ങൾ നിങ്ങളുടെ ആഗ്രഹങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചു കൊണ്ടിരുന്നാൽ, അവയൊന്നും നിറവേറ്റപ്പെടുകയില്ല. കാരണം ആ രീതികൾ നിങ്ങളെ രാത്രികളിൽ ഉറങ്ങാൻ അനുവദിക്കുകയില്ല. ഈ സമ്പന്നരായ ബിസിനസ്സുകാർക്ക് ഒരിക്കലും ഉറങ്ങാൻ കഴിയുന്നില്ല. തുടർച്ചയായി മൂന്ന് നാല് ദിവസങ്ങൾ അവർക്ക് ഉറങ്ങാൻ കഴിയുന്നില്ല. അതിനു കാരണം, അവർക്ക് കഴിയാവുന്നവരെ എല്ലാം, അവർ വെറുതെ വഞ്ചിക്കുകയും, അവരിൽ നിന്നും മോഷ്ടിക്കുകയും ആണ് ചെയ്തിരിക്കുന്നത്.

അതുകൊണ്ട്, ഒരു സഹായ മനോഭാവം നില നിർത്തൂ. നിങ്ങൾ പുറത്ത് എവിടെയെങ്കിലും പോകുമ്പോൾ, അയൽപക്കത്തെല്ലാം ചോദിക്കുക, "ഞാൻ പോസ്റ്റോഫീസിലേക്ക് പോവുകയാണ്. ആർക്കെങ്കിലും എന്തെങ്കിലും കത്തുകളോ മറ്റോ പോസ്റ്റ് ചെയ്യാനുണ്ടോ?'' നിങ്ങൾ പുറത്തു പോകുമ്പോൾ, ഇതുപോലെ ചോദിക്കുന്നതിൽ വല്ല പ്രശ്നവും ഉണ്ടോ? ആരെങ്കിലും പറഞ്ഞേക്കാം, "എനിക്ക് നിങ്ങളെ വിശ്വാസം ഇല്ല" എന്ന്. അപ്പോൾ പറയുക, "അതിന് ഞാൻ മാപ്പു ചോദിക്കുന്നു''. എന്നാൽ, നിങ്ങളെ വിശ്വസിക്കുന്നവരുടെ, കത്തുകൾ എങ്കിലും കൊണ്ടു പോകൂ.

ഞാൻ നിങ്ങളോട് പറയുന്ന ഇത്, എന്റെ കുട്ടിക്കാലത്തെ ഒരു

ഗുണമായിരുന്നു, ഒരു സഹായ മനോഭാവം. പിന്നെ, എന്റെ ഇരുപത്തഞ്ചാം വയസ്സിൽ, എന്റെ കൂട്ടുകാർക്കിടയിൽ, ഞാൻ "സൂപ്പർ ഹ്യൂമൻ" (അതിമാനവൻ) എന്ന് വിളിക്കപ്പെട്ടിരുന്നു.

ആരെയാണ് ഒരു മാനവൻ ആയി കണക്കാക്കാൻ കഴിയുക? വ്യവഹാരങ്ങളിൽ പരസ്പരം കൊടുക്കൽ വാങ്ങലുകൾ ഉള്ള ആളാണ് അത്. അവൻ, അവന് സന്തോഷം നല്കുന്നവർക്ക് സന്തോഷം നല്കുന്നു, അവനെ വേദനിപ്പിക്കുന്നവരെ അവൻ വേദനിപ്പിക്കുന്നില്ല. അങ്ങനെ പെരുമാറുന്ന ആളെ മാനവികത ഉള്ള ആളായി കണക്കാക്കാം.

ഇനി മറ്റുള്ളവരുടെ സന്തോഷങ്ങളെ എടുത്തു കളയുന്ന ആൾ മൃഗീയതയിൽ പെടുന്നു. മനുഷ്യരെപ്പോലെ ലൗകിക വ്യവഹാരങ്ങൾ നടത്തുന്ന ആൾ, സന്തോഷം കൊടുക്കുകയും സന്തോഷം സ്വീകരിക്കുകയും ചെയ്യുന്ന ആൾ, മനുഷ്യജന്മം നില നിർത്തുന്നു. അതേ സമയം മറ്റുള്ളവരുടെ സന്തോഷത്തിനു വേണ്ടി സ്വന്തം സന്തോഷം വിട്ടു കൊടുക്കാൻ തയ്യാറാവുന്ന ആൾ ദേവന്മാരുടെ രൂപം നേടുന്നു, ഒരു അതിമാനവൻ ആകുന്നു. ഒരാൾ തന്റെ സന്തോഷങ്ങൾ മറ്റുള്ളവർക്കായി വിട്ടു കൊടുക്കുമ്പോൾ, വിഷമിക്കുന്ന ഒരാൾക്ക് നല്കുമ്പോൾ, അവന് ദേവ ലോകത്തിലെ ജീവ രൂപം ലഭിക്കുന്നു.

## അതിൽ, അഹങ്കാരം സാധാരണ നിലയിൽ ഉള്ളതാണ്

**ചോദ്യകർത്താവ്:** സഹായ മനോഭാവത്തിന് അഹങ്കാരവുമായി വല്ല ബന്ധവും ഉണ്ടോ?

**ദാദാശ്രീ:** എല്ലായ്പോഴും, സഹായ മനോഭാവം ഉള്ള ഒരാളുടെ അഹങ്കാരം സാധാരണ നിലയിൽ ഉള്ളതായിരിക്കും. അത് അനുയോജ്യമായ അഹങ്കാരമാണ്. എന്നാൽ, കോടതിയിൽ, ഒരു കാര്യം ചെയ്തുകൊടുക്കുന്നതിന്, നൂറ്റി അമ്പതു രൂപ ചാർജ് ചെയ്യുന്ന ആളുടെ അഹങ്കാരം, എപ്പോഴും കൂടുതൽ ഉയർന്നിരിക്കാൻ സാദ്ധ്യതയുണ്ട്.

ഈ ലോകത്തിലെ സ്വാഭാവികമായ നിയമം, നിങ്ങൾ നിങ്ങളുടെ ഫലങ്ങൾ മറ്റുള്ളവർക്ക് നല്കുമ്പോൾ, പ്രകൃതി നിങ്ങളെ സംരക്ഷിക്കും എന്നതാണ്. ഇതാണ് കൃത്യമായ നിഗൂഢശാസ്ത്രം!

ഇതാണ് പരോക്ഷമായ ധർമ്മം (മതം), പിന്നെ പ്രത്യക്ഷ ധർമ്മം വരുന്നു, ആത്മ ധർമ്മം അവസാനം വരുന്നു. ഇത് തീർച്ചയായും മനുഷ്യജീവിതത്തിന്റെ മൂല്യമാണ്, അതിന്റെ സാരം, ഒരാൾ തന്റെ മനസ്സും, വാക്കും, ശരീരവും മറ്റുള്ളവർക്കു വേണ്ടി ഉപയോഗിക്കണം എന്നതു മാത്രമാണ്.

## പുതിയ ലക്ഷ്യം ഇന്നത്തേതാണ്, പ്രതികരണങ്ങൾ ഭൂതകാലത്തിൽ നിന്നും ഉള്ളതാണ്!

**ചോദ്യകർത്താവ്:** അപ്പോൾ, ഒരാൾ ജീവിക്കേണ്ടത് മറ്റുള്ളവരെ സഹായിക്കാൻ മാത്രമാണോ?

**ദാദാശ്രീ:** അതെ, മറ്റുള്ളവരെ സഹായിക്കാൻ വേണ്ടി മാത്രം ഒരാൾ ജീവിക്കണം. എന്നിരുന്നാലും, നിങ്ങൾ ഇപ്പോൾ ട്രാക്ക് പെട്ടന്ന് മാറ്റാൻ ശ്രമിക്കുമ്പോൾ, കഴിഞ്ഞ കാലത്തെ പ്രതികരണങ്ങൾ വരും, അപ്പോൾ നിങ്ങൾക്ക് മടുപ്പ് തോന്നി എന്നു വരാം, 'ഞാൻ ഇനിയും ഇതൊക്കെ (ദുഃഖങ്ങൾ) സഹിക്കണോ!' എന്ന് തോന്നിയേക്കാം. എന്തായാലും നിങ്ങൾക്ക് കുറച്ചു കാലം അത് അനുഭവിക്കേണ്ടി വരും, സാവധാനം നിങ്ങൾക്ക്, പിന്നീട് ദുഃഖങ്ങൾ ഒന്നും ഉണ്ടാവില്ല. എന്നാൽ ഈ സമയത്ത്, നിങ്ങൾ പുതിയതായി ആരംഭിക്കുകയാണ് എന്നതുകൊണ്ട്, ഭൂതകാലത്തിൽ നിന്നും ഉള്ള പ്രതികരണങ്ങൾ വരാതിരിക്കില്ല. ഇതുവരെ ചെയ്തുകൊണ്ടിരുന്നത്, എന്തു തന്നെയായാലും, അത് മറ്റേ അറ്റത്ത് ഉള്ളവ ആയിരുന്നു. അവയുടെ ഫലങ്ങൾ വരാതിരിക്കില്ല, ശരിയല്ലേ?

## അന്തിമമായി, ഒരാൾ സ്വന്തം ആത്മാവിനെ തന്നെയാണ് സഹായിക്കേണ്ടത്

നിങ്ങൾ മറ്റുള്ളവരെ സഹായിച്ചിട്ടുണ്ട് എങ്കിൽ, നിങ്ങൾ മറ്റുള്ളവർക്ക് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എങ്കിൽ, നിങ്ങൾ മറ്റുള്ളവർക്ക് വേണ്ടി ജീവിച്ചിട്ടുണ്ട് എങ്കിൽ, അതേ അളവിൽ തന്നെ നിങ്ങൾക്ക് നേട്ടങ്ങൾ ഉണ്ടാവാതെ ഇരിക്കില്ല, എന്നാൽ അത് ഭൗതിക നേട്ടങ്ങളാണ്, തിരിച്ചു കിട്ടുന്ന ഫലം ഭൗതികമായിരിക്കും.

**ചോദ്യകർത്താവ്:** മറ്റുള്ളവരെ സഹായിക്കുന്നതിനു പകരം, ഒരാൾ സ്വന്തം ആത്മാവിനെ സഹായിച്ചാൽ എന്താണ്?

**ദാദാശ്രീ:** അതാണത്, ഒരാളുടെ സ്വന്തം ആത്മാവിനെ സഹായിക്കാൻ ആവശ്യമായതെല്ലാം തീർച്ചയായും ചെയ്യണം. ഒരാൾ സ്വന്തം ആത്മാവിനെ സഹായിച്ചാൽ, അപ്പോൾ അവൻ അനശ്വരമായി അനുഗ്രഹീതനാകും, എന്നാൽ അതിന്, ഒരാൾ സ്വന്തം ആത്മാവിനെ തിരിച്ചറിയേണ്ടതുണ്ട്. അതുവരെ ഒരാൾ മറ്റുള്ളവരെ സഹായിക്കണം. എന്നാൽ അതിന് ലഭിക്കുന്ന പ്രതിഫലം ഭൗതിക രൂപത്തിൽ ഉള്ളതായിരിക്കും. ഒരാൾ സ്വന്തം ആത്മാവിനെ തിരിച്ചറിയാൻ, "ഞാൻ ആരാണ്" എന്ന് അയാൾ തിരിച്ചറിയണം. സത്യത്തിൽ, നിങ്ങൾ ശുദ്ധമായ ഒരു ആത്മാവാണ്. ഇതുവരെ, "ഞാൻ ചന്ദുഭായി ആണ്" എന്ന് മാത്രമേ നിങ്ങൾ അറിഞ്ഞിരുന്നുള്ളൂ, ശരിയല്ലേ? അതോ നിങ്ങൾ മറ്റെന്തെങ്കിലും അറിഞ്ഞിരുന്നോ? ഈ "ചന്ദുഭായ്" തന്നെയാണ് ശരിക്കും "ഞാൻ ആരാണ്" എന്നത്, എന്നായിരിക്കും നിങ്ങൾ പറയുക. "ഞാൻ അവളുടെ ഭർത്താവാണ്, ഞാൻ അവന്റെ അമ്മയുടെ സഹോദരനാണ്, ഞാൻ അവന്റെ പിതാവിന്റെ സഹോദരനാണ്'', അങ്ങനെ ആ ശൃംഖല തുടരുന്നു! അങ്ങനെയല്ലേ? ഇതാണ് നിങ്ങൾക്കുള്ള ഒരേ ഒരു അറിവ്, അല്ലേ? നിങ്ങൾ അതിനപ്പുറത്തേക്ക് പോയിട്ടില്ല, ഉണ്ടോ?

## ആളുകളെ സഹായിക്കുക എന്നത് ഒരു സാമൂഹിക സദാചാര ബാദ്ധ്യതയാണ് !

**ചോദ്യകർത്താവ്:** എന്നിരുന്നാലും ലൗകിക വ്യവഹാരങ്ങളിൽ, അത് എങ്ങനെയാണ് എന്നു വെച്ചാൽ, നമുക്ക് സഹതാപം തോന്നുന്നു, നാം [ആളുകൾക്ക്] സേവനം ചെയ്യുന്നു, നമുക്ക് മറ്റുള്ളവരുടെ കാര്യങ്ങളിൽ ഒരു തന്മയീഭാവം വരുന്നു, "എനിക്ക് എന്തെങ്കിലും ചെയ്യണം, ആർക്കെങ്കിലും ഒരു ജോലി തേടി കൊടുക്കണം, രോഗിയായ ഒരാളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യണം,'' എന്നിങ്ങനെ. അപ്പോൾ ഈ പ്രവൃത്തികൾ എല്ലാം ഒരു തരത്തിലുള്ള ലൗകിക ധാർമ്മിക കടമ (വ്യവഹാര ധർമ്മം) അല്ലേ?

**ദാദാശ്രീ:** അതെല്ലാം വ്യക്തിയുടെ പൊതുവായി ചുമതലകൾ ആയി കണക്കാക്കപ്പെടുന്നു.

**ചോദ്യകർത്താവ്:** അപ്പോൾ ആളുകൾക്ക് സേവനം ചെയ്യുന്നത്, ലൗകികമായ [ചുമതല] ആണ്, അങ്ങനെയാണ് അത് മനസ്സിലാക്കേണ്ടത്, അല്ലേ? അത് ലൗകികമായ വ്യാവഹാരിക ധർമ്മമായി (ധാർമ്മിക കടമ) കണക്കാക്കപ്പെടുന്നു, അല്ലേ?

**ദാദാശ്രീ:** അത് ലൗകികമായ വ്യവഹാര ധർമ്മം ആയി പോലും കണക്കാക്കപ്പെടുന്നില്ല, അത് വാസ്തവത്തിൽ, സാമൂഹിക ധാർമ്മിക കടമ (സമാജ് ധർമ്മ) എന്ന് വിളിക്കപ്പെടുന്നു. ഒരു പ്രത്യേക സമൂഹത്തിന് സൗകര്യപ്രദമായ ഒരു സേവനം (സേവ), ആ സമൂഹത്തിലെ ജനങ്ങൾക്ക് സൗകര്യപ്രദമാണ്. എന്നാൽ അതേ സേവനം മറ്റൊരു സമൂഹത്തിന് നല്കിയാൽ, അത് അസൗകര്യമായി മാറിയേക്കാം. അതുകൊണ്ട് ഒരു ലോക വ്യവഹാര ധർമ്മം എന്ന് പറയുന്നത്, അത് എല്ലാവർക്കും ഒരേ തരത്തിൽ ആയാൽ മാത്രമേ അങ്ങനെ വിളിക്കപ്പെടുകയുള്ളൂ! ഇതേ വരെ, നിങ്ങൾ എന്താണോ ചെയ്തുകൊണ്ടിരിക്കുന്നത്, അത് സാമുഹ്യ സേവനം (സമാജ് സേവ) ആയി മാത്രമേ കണക്കാക്കാൻ കഴിയൂ. ഓരോരുത്തരുടേയും സാമുഹ്യ സേവനം വ്യത്യസ്ത രീതിയിൽ ഉള്ളതാണ്. ഓരോ സമുദായവും വ്യത്യസ്ത തരത്തിൽ ഉള്ളതാണ്. ഓരോ [സമുദായത്തിലെ] സേവനവും വ്യത്യസ്ത തരത്തിൽ ഉള്ളതാണ്.

## പൊതുസേവനം കുടുംബത്തിൽ നിന്നും ആരംഭിക്കുന്നു!

**ചോദ്യകർത്താവ്:** പൊതുസേവനം ചെയ്യുന്ന ആളുകൾ ഉണ്ട്, അവർ എന്തുകൊണ്ടാവും പൊതുസേവനത്തിൽ പ്രവേശിക്കുന്നത്?

**ദാദാശ്രീ:** അത് അവരുടെ നല്ല ഭാവം മൂലമാണ്. "എങ്ങനെ എനിക്ക് ആളുകൾക്കു വേണ്ടി നല്ലത് ചെയ്യാൻ കഴിയും" എന്ന ആഗ്രഹം കൊണ്ട്. അത് നല്ല ഒരു മനോവികാരമാണ്, അല്ലേ?

അത് അവരുടെ, മറ്റുള്ളവരോടുള്ള ഭാവവും മനോവികാരവുമാണ്, "ആളുകൾ അവരുടെ ദുഃഖങ്ങളിൽ നിന്നും മുക്തരാകട്ടെ" അതാണ് അതിനു പിന്നിലുള്ള ഭാവം. അത് വളരെ ശ്രേഷ്ഠമായ ഒരു ഭാവമാണ്. എന്നാൽ പൊതുസേവനത്തിൽ ഉൾപെട്ടിട്ടുള്ളവരിൽ ഞാൻ ശ്രദ്ധിച്ചിട്ടുള്ള കാര്യം, ആരെങ്കിലും അവരുടെ വീടുകളിൽ ചെന്ന് ചോദിച്ചാൽ, അവർക്ക് അവിടെ വളരെയധികം ബാധ്യതകൾ

ബാക്കി നില്ക്കുന്നു എന്ന് കാണുന്നു, അതുകൊണ്ടു തന്നെ അവയൊന്നും സേവനങ്ങൾ ആയി കണക്കാക്കാൻ കഴിയില്ല. സേവനം വീട്ടിൽ നിന്നും ആരംഭിക്കണം, പിന്നീട് അയൽക്കാരിലേക്ക്, അത് കഴിഞ്ഞ് മറ്റ് സേവനങ്ങൾ. അതിനു പകരം നാം അവരുടെ വീടുകളിൽ ചെന്ന് ചോദിക്കുമ്പോൾ, അവിടെ ധാരാളം ബാധ്യതകൾ ബാക്കിയുണ്ടാവും. നിങ്ങൾക്ക് എന്ത് തോന്നുന്നു? ആ കാരണം കൊണ്ട്, തുടക്കം വീട്ടിൽ നിന്നാവണം, വേണ്ടേ?

**ചോദ്യകർത്താവ്:** ഈ ആൾ പറയുന്നു, അയാളുടെ കാര്യത്തിൽ വീട്ടിൽ ബാധ്യതകൾ ഒന്നും തന്നെ ഇല്ല എന്ന്.

**ദാദാശ്രീ:** അതിന്റെ അർത്ഥം അദ്ദേഹത്തിന്റെ സേവനം കളങ്കമറ്റതാണ് എന്നാണ്.

## ശുദ്ധമായ ഒരു ഭാവം നില നിർത്തിക്കൊണ്ട് പൊതുസേവനം നിർവ്വഹിക്കുക!

**ചോദ്യകർത്താവ്:** പൊതുസേവനം ചെയ്യുന്ന സമയത്ത്, ആളുകളുടെ ഉള്ളിൽ (ഭക്തിനിർഭരമായ ദർശനം) ദൈവത്തെ ദർശിച്ചുകൊണ്ട്, അത് ചെയ്യുകയാണെങ്കിൽ, അത് നല്ല ഫലം നല്കും, ഇല്ലേ?

**ദാദാശ്രീ:** ഒരാൾ ദൈവത്തെ ദർശിച്ചു കഴിഞ്ഞാൽ, പിന്നെ അയാൾ പൊതു സേവനങ്ങളിൽ പങ്കാളിയാവില്ല. കാരണം ദൈവത്തെ ദർശിച്ചു കഴിഞ്ഞാൽ, ആരാണ് ദൈവത്തെ വിട്ടു പോവുക? സത്യത്തിൽ ദൈവത്തെ കണ്ടെത്താനാണ് പൊതുസേവനങ്ങൾ നടത്തുന്നത്. പൊതുജനങ്ങൾക്ക് നല്കുന്ന സേവനം ഹൃദയത്തിൽ നിന്നും ഉള്ളതാവണം. അത് ഹൃദയത്തിൽ നിന്നും ഉള്ളതാണ് എങ്കിൽ, അത് എവിടെയും എത്തിച്ചേരും. പൊതുസേവനവും പ്രചാരണവും (പ്രഖ്യാതി) ഒന്നിച്ചുവരുമ്പോൾ, അത് ഒരാളെ വിഷമത്തിൽ എത്തിക്കും. പ്രശസ്തി ഇല്ലാതെ ആളുകളെ സേവിക്കുമ്പോൾ, അത് കളങ്കമറ്റതാണ്. ആളുകൾ പറഞ്ഞ് [വാമൊഴിയിലൂടെ], കീർത്തി തീർച്ചയായും എത്തിച്ചേരും, എന്നാൽ ഒരാളുടെ ഉള്ളിൽ പ്രശസ്തിക്കു വേണ്ടിയുള്ള ഒരു ആഗ്രഹവും

ഉണ്ടാവാൻ പാടില്ല.

ആളുകൾ പൊതുവെ ഏതെങ്കിലും സേവനം ചെയ്യാൻ തല്പരരൊന്നുമല്ല. അത് സത്യത്തിൽ കീർത്തിക്കു വേണ്ടിയുള്ള അത്യാഗ്രഹമാണ്, ബഹുമാനത്തിനു വേണ്ടിയുള്ള അത്യാഗ്രഹമാണ്, ആഴത്തിൽ ഉള്ള എല്ലാ തരം അത്യാഗ്രഹങ്ങളും അവരെക്കൊണ്ട് അങ്ങനെ ചെയ്യിപ്പിക്കുന്നു. ശരിക്കും ജനസേവനം ചെയ്യുന്നവർ എങ്ങനെയുള്ളവർ ആയിരിക്കണം? അവർ അപരിഗ്രഹികൾ (എന്തെങ്കിലും നേടാൻ ആഗ്രഹം ഇല്ലാത്തവർ) ആണ്. എന്നാൽ, ഇവിടെ എല്ലാവരും ഒരു പേരുണ്ടാക്കാൻ ഇറങ്ങിയിരിക്കുകയാണ്, "സാവധാനം, എന്നെങ്കിലും ഞാൻ ഒരു മന്ത്രിയാവും" എന്ന് അവർ കരുതുന്നു. ഈ [പ്രേരണ] ഉദ്ദേശ്യത്തോടെ അവർ പൊതു സേവനം നടത്തുന്നു. അകത്തുള്ള ഭാവം ധിക്കാരമില്ലാത്തതാകുന്നു, അതുകൊണ്ട് ബാഹ്യമായ ഈ പ്രശ്നങ്ങൾ [അത്യാഗ്രഹങ്ങൾ], അനാവശ്യമായ കൈവശാവകാശം എല്ലാം ഉപേക്ഷിച്ചാൽ, എല്ലാം ശരിയായ വഴിക്ക് വരും. അതിനു പകരം, ഒരു ഭാഗത്ത് ഒരാൾ പരിഗ്രഹി ആയിരിക്കുന്നു, പൂർണ്ണമായ പരിഗ്രഹി, മറുഭാഗത്ത്, അയാൾ ജനങ്ങളെ സേവിക്കാൻ ആഗ്രഹിക്കുന്നു, എങ്ങനെ ഇത് രണ്ടും ഒരുമിച്ച് സാധ്യമാകും?

**ചോദ്യകർത്താവ്:** ഇപ്പോൾ ഞാൻ മാനവികതക്കായി ഞാൻ പ്രവർത്തിക്കുകയാണ്. ഞാൻ വീടു വീടാന്തരം നടന്ന് യാചിച്ച്, പാവങ്ങൾക്ക് നല്കുന്നു. ഇപ്പോൾ ഇത് മാത്രമാണ് ഞാൻ ചെയ്യുന്നത്.

**ദാദാശ്രീ:** അതെല്ലാം നിങ്ങളുടെ കാർമ്മിക എക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടും. നിങ്ങൾ നല്കുന്നത് എന്തായാലും, .............അല്ല, അല്ല, നിങ്ങൾ ഒരു ഇടനിലക്കാരൻ എന്ന രീതിയിൽ ചെയ്യുന്നതെല്ലാം, അതിന്റെ ആകത്തുക കണക്കാക്കപ്പെടും, അതിന്റെ പതിനൊന്ന് ഇരട്ടി കണക്കാക്കപ്പെടും, പിന്നീട് നിങ്ങൾക്ക് എത്രയാണ് "കമ്മീഷൻ" എന്നു വെച്ചാൽ, അതായിരിക്കും നിങ്ങൾക്ക് ലഭിക്കുന്നത്. അടുത്ത ജന്മത്തിൽ നിങ്ങൾക്ക് "കമ്മീഷൻ" ലഭിക്കും, അതുമൂലം നിങ്ങൾക്ക് സമാധാനം ഉണ്ടായിരിക്കും. പരക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട്, ഇപ്പോൾ നിങ്ങൾക്ക് സമാധാനമുണ്ടാവും, ഭാവിയിലും അത്

ഉണ്ടാവും. അത് നല്ല ജോലിയാണ്.

ഇത്രയും പറഞ്ഞതുകൊണ്ട്, സേവനം എന്നു വെച്ചാൽ, നിങ്ങൾ ചെയ്യുന്ന കാര്യം ഞാൻ അറിയുക പോലും ഇല്ല. അതിനെയാണ് സേവനം എന്ന് പറയുന്നത്. അത് നിശ്ശബ്ദ സേവനം ആയിരിക്കണം. മറ്റുള്ളവർ അത് അറിയാനിടവന്നാൽ, അത് സേവനമായി കണക്കാക്കാൻ കഴിയില്ല.

ഞാൻ സൂറത്തിലെ ഒരു ഗ്രാമത്തിൽ പോയിരുന്നു. അവിടെ ഒരാൾ എന്നോട് പറഞ്ഞു, "എനിക്ക് സമുദായ സേവനം ചെയ്യണം" എന്ന്. "എന്ത് സമുദായ സേവനമാണ് നിങ്ങൾ ചെയ്യുക?'' എന്ന് ഞാൻ അയാളോട് ചോദിച്ചു. "സമ്പന്നരായ ബിസിനസ്സുകാരിൽ നിന്നും പണം ശേഖരിച്ച് ഞാൻ അത് പാവങ്ങൾക്ക് നല്കും" എന്ന് അയാൾ പറഞ്ഞു. "അത് കൊടുത്തു കഴിഞ്ഞാൽ, എവിടെ അവർ ആ പണം ചെലവഴിക്കും എന്ന് നിങ്ങൾ പരിശോധിക്കുമോ?'' എന്ന് ഞാൻ ചോദിച്ചു. "ഞാൻ അതൊക്കെ അന്വേഷിക്കുന്നത് എന്തിനാണ്?'' എന്ന് അയാൾ ചോദിച്ചു. അപ്പോൾ ഞാൻ വിശദീകരിച്ചു കൊടുത്തു, "പ്രിയ സുഹൃത്തെ, ഞാൻ നിങ്ങൾക്ക് ഒരു വഴി കാണിച്ചു തരാം. അതുപോലെ ചെയ്യൂ. ബിസിനസ്സുകാരിൽ നിന്നും നിങ്ങൾ ശേഖരിച്ച പണം കൊണ്ട് നിങ്ങൾ അയാൾക്ക് നൂറു രൂപക്ക് ഒരു പച്ചക്കറി വണ്ടി വാങ്ങി കൊടുക്കൂ. രണ്ട് ടയറുകൾ ഉള്ള ആ കൈവണ്ടികൾ, അവക്ക് നൂറോ, നൂറ്റമ്പതോ, ഇരുന്നൂറോ രൂപ വില വരും. അങ്ങനെ ഉള്ള ഒരു വണ്ടി വാങ്ങിക്കൊടുക്കൂ. പിന്നെ ഒരു അമ്പത് രൂപ അയാൾക്ക് നല്കി, ഇങ്ങനെ പറയുക, 'നിങ്ങൾ പച്ചക്കറി വാങ്ങി അത് വില്പന നടത്തൂ. എന്നും വൈകുന്നേരം മുതലിലേക്ക് കുറച്ച് പൈസ തിരിച്ചടയ്ക്കൂ. ലാഭം നിങ്ങൾക്കുള്ളതാണ്, വണ്ടിയുടെ വിലയിൽ നിങ്ങൾ അല്പാല്പം ദിവസവും തിരിച്ചടയ്ക്കണം'.'' അയാൾ പറഞ്ഞു, "എനിക്ക് ഇത് ഇഷ്ടമായി, അങ്ങ് വീണ്ടും സൂറത്തിൽ വരുന്നതിനു മുമ്പ് ഞാൻ അമ്പതോ നൂറോ ആളുകളെ കൂട്ടിച്ചേർക്കും'' എന്ന്. അതുകൊണ്ട്, ഇതുപോലെ എന്തെങ്കിലും ഇപ്പോൾ ചെയ്യൂ. ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകൾക്കെല്ലാം വണ്ടികൾ വാങ്ങി കൊടുക്കൂ. അവർക്കായി ഒരു വലിയ ബിസിനസ്സ് ആരംഭിക്കേണ്ട

ആവശ്യം ഉണ്ടോ? അവന് ഒരു വണ്ടി വാങ്ങി കൊടുക്കൂ, അപ്പോൾ വൈകുന്നേരം ആകുമ്പോഴേയ്ക്കും അവൻ ഒരു ഇരുപത് രൂപ സമ്പാദിച്ചിട്ടുണ്ടാവും. നിങ്ങൾക്ക് എന്ത് തോന്നുന്നു? നിങ്ങൾ എങ്ങനെ ചെയ്താൽ, നിങ്ങൾ വിവേകശാലിയായ ഒരു ജൈനനായി കണക്കാക്കപ്പെടില്ലേ? അത് ഇതുപോലെ ആണ്, ഒരു ചന്ദനത്തിരി കത്തിത്തീരാറാകുമ്പോഴും, അതിൽ നിന്നും സുഗന്ധം പുറത്തു വരും, ഇല്ലേ? അത് മുറി മുഴുവനും സുഗന്ധം ഉള്ളതാക്കും, ഇല്ലേ? അതുപോലെ നമുക്കും, ചുറ്റുപാടും കുറച്ച് സുഗന്ധം പരത്തേണ്ടതില്ലേ?

അത് എങ്ങനെ നമുക്ക് സ്വീകാര്യമായിത്തീരും? എനിക്ക് ഇരുപത്തിയഞ്ച് മുപ്പത് വയസ്സുള്ളപ്പോൾ പോലും വലിയ അളവിൽ അഹങ്കാരം ഉണ്ടായിരുന്നു, അതും വളരെ അസാധാരണമായ അഹങ്കാരം. ആരെങ്കിലും എന്നെ കണ്ടുമുട്ടി എന്ന് കരുതുക, അയാൾക്ക് എന്നിൽ നിന്നും എന്തെങ്കിലും നേട്ടം ഉണ്ടാവണം, ഇല്ലെങ്കിൽ അയാൾ എന്നെ കണ്ടുമുട്ടിയതു തന്നെ വ്യർത്ഥമാണ്! അതുകൊണ്ട് എന്നെ കണ്ടുമുട്ടിയവർക്ക് എല്ലാം നേട്ടമുണ്ടായി. അവർ എന്നെ കണ്ടു മുട്ടിയിട്ടും, അവർക്ക് ഗുണം ഒന്നും ഉണ്ടായില്ലെങ്കിൽ, അതുകൊണ്ട് എന്താണ് ഉപയോഗം? മാവ് മരം എന്താണ് പറയുന്നത് എന്നു വെച്ചാൽ, "മാമ്പഴം ഉണ്ടാകുന്ന കാലത്ത് ഒരു വ്യക്തി എന്നെ കണ്ടുമുട്ടി, അയാൾക്ക് ഗുണമൊന്നും ഉണ്ടായില്ലെങ്കിൽ, ഞാൻ തീർച്ചയായും ഒരു മാവ് മരം അല്ല.'' മാങ്ങ ചെറുതായാൽ പോലും, നിങ്ങൾ എന്തിനാണ് മുൻഗണന കൊടുക്കുക, ചുരുങ്ങിയത് അതെങ്കിലും ലഭിച്ചു എന്ന നേട്ടം ഉണ്ടല്ലോ! മാവ് അതിൽ നിന്നും എന്തെങ്കിലും നേട്ടം ഉണ്ടാക്കുന്നു എന്ന് തോന്നുന്നില്ല. നമുക്ക് അങ്ങനെയുള്ള ചിന്തകൾ ഉണ്ടാവണം, വേണ്ടേ? മാനവ സമുദായം ഈ രീതിയിൽ ആയിരുന്നാൽ, അത് എത്രമാത്രം സ്വീകാര്യമായിരിക്കും? എന്നിരുന്നാലും, ഈ തിരിച്ചറിവ് പകർന്നു കൊടുത്താൽ, അത് അവർക്ക് മനസ്സിലാക്കാൻ കഴിയും. അത് ആ ആളുടെ തിരിച്ചറിവിൽ എത്തിച്ചേരുകയും, അത് അയാൾ പിന്തുടരുകയും ചെയ്താൽ, കാര്യങ്ങൾ മുന്നോട്ട് നീങ്ങും. നിങ്ങൾക്ക് എന്ത് തോന്നുന്നു?

**ചോദ്യകർത്താവ്:** ശരിക്കും അങ്ങ് പറയുന്നതുപോലെ തന്നെ,

മഹാജനങ്ങളുടെ (വളരെ ബഹുമാന്യരായ സാമൂഹിക നേതാക്കൾ) സംഘടന എല്ലാ സ്ഥലങ്ങളിലും ഉണ്ടായിരുന്നു.

**ദാദാശ്രീ:** പക്ഷെ, ഇന്ന് അവരും വലിയ വിഷമത്തിലാണ്. അല്ലേ! അതുകൊണ്ട് ആരും കുറ്റക്കാരല്ല. ഇപ്പോൾ സംഭവിക്കാനുള്ളത് സംഭവിച്ചിരിക്കുന്നു, എന്നാൽ, ഈ രീതിയിൽ ചിന്തിക്കാൻ തുടങ്ങിയാൽ കാര്യങ്ങൾ ഇനിയും മെച്ചപ്പെടും. നശിച്ചു പോയത് മെച്ചപ്പെടുത്തുക എന്നതാണ് ശരിയായ ധർമ്മം. മെച്ചപ്പെട്ടതിനെ സഹായിക്കാൻ എപ്പോഴും ആളുകൾ സന്നദ്ധരായിരിക്കും, എന്നാൽ നശിച്ചു പോയതിനെ മെച്ചപ്പെടുത്തുന്നതിനെയാണ് ധർമ്മം എന്ന് വിളിക്കുന്നത്.

## മനുഷ്യരാശിക്കുള്ള സേവനം ദൈവസേവനമാണോ?!

**ചോദ്യകർത്താവ്:** മനുഷ്യസമുദായത്തെ സേവിക്കുന്നത് വാസ്തവത്തിൽ ദൈവത്തെ സേവിക്കുന്നതാണ്, അല്ലേ?

**ദാദാശ്രീ:** അല്ല, അത് ദൈവത്തിനുള്ള സേവനമല്ല. എപ്പോഴാണ് ഒരു വ്യക്തി മറ്റുള്ളവർക്ക് സേവനം ചെയ്യുന്നത്? അത് അവന് സ്വയം ഉള്ളിൽ വേദന അനുഭവപ്പെടുമ്പോൾ ആണ്. നിങ്ങൾക്ക് ഏതെങ്കിലും വ്യക്തികളോട് അനുകമ്പ (ദയ) തോന്നുമ്പോൾ, അവരുടെ വിഷമകരമായ അവസ്ഥ കണ്ട് ഉള്ളിൽ വേദന അനുഭവപ്പെടുന്നു. ആ വേദനയ്ക്ക് ആശ്വാസം കിട്ടാനാണ് നിങ്ങൾ ഈ സേവനം ചെയ്യുന്നത്. അതുകൊണ്ട് ഇതെല്ലാം സ്വയം ഒരാൾക്ക് സ്വന്തം വേദനകൾക്ക് ആശ്വാസം ലഭിക്കാനാണ്. വളരെ അധികം ദയ തോന്നുന്ന ഒരാൾ ഉണ്ട്. അയാൾ പറയുന്നു, "ദയ കൊണ്ടാണ് ഞാൻ ഈ ആളുകൾക്ക് ഇതെല്ലാം നല്കുന്നത്, ആ ആളുകൾക്ക് അതെല്ലാം നല്കുന്നത്........" എന്ന്. അല്ല! നിങ്ങൾ ഈ ആളുകൾക്ക് നല്കുന്നത് നിങ്ങളുടെ സ്വന്തം വേദന ശമിപ്പിക്കാനാണ്. നിങ്ങൾക്ക് ഈ പോയന്റ് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ? ഇത് വളരെ സൂക്ഷ്മമായ പോയന്റാണ്. ഇത് ഉപരിതല സ്പർശിയായ പോയന്റല്ല. ഒരാൾ നല്കുന്നത് അയാളുടെ സ്വന്തം വേദന ശമിപ്പിക്കാനാണ്. എന്നിരുന്നാലും, അത് വളരെ നല്ല കാര്യമാണ്. നിങ്ങൾ മറ്റുള്ളവർക്ക് നല്കിയാൽ, നിങ്ങൾക്ക് തിരിച്ച് ലഭിക്കും.

**ചോദ്യകർത്താവ്:** എന്നാൽ പൊതുജനങ്ങൾക്ക് ചെയ്യുന്ന സേവനം, ദൈവത്തിനുള്ള സേവനമായി കണക്കാക്കപ്പെടുന്നില്ലേ, അതോ അത് അമൂർത്തമായ ദൈവത്തിന് ആരാധിക്കുന്നതിനു വേണ്ടി മൂർത്തമായ രൂപം നല്കുന്നതാണോ?

**ദാദാശ്രീ:** പൊതുജനങ്ങൾക്ക് സേവനം ചെയ്യുമ്പോൾ, ലൗകിക ജീവിതത്തിലെ എല്ലാ സന്തോഷങ്ങളും നിങ്ങൾക്ക് ലഭിക്കും, ഭൗതിക സുഖങ്ങൾ ലഭിക്കും, സാവധാനം പടി പടിയായി, അത് നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കും. എന്നാൽ അത് അങ്ങനെ എല്ലാ ജന്മത്തിലും ലഭിക്കില്ല. ഒരു അപൂർവ്വമായ ജന്മത്തിന് സാഹചര്യങ്ങൾ എല്ലാം ശരിയായി യോജിച്ച് വരണം. അതല്ലെങ്കിൽ, അത് എല്ലാ ജന്മങ്ങളിലും സംഭവിക്കില്ല, അതുകൊണ്ടാണ് അത് ഒരു സ്ഥാപിതമായ തത്വം അല്ലാത്തത്.

## മോക്ഷത്തിന്റെ തലങ്ങൾ തീർച്ചയായും വ്യത്യസ്തമാണ്!

സമാജ നന്മക്ക് (സാമൂഹ്യ ക്ഷേമം) ചെയ്യുന്ന കാര്യങ്ങൾ ലോക മംഗളത്തിനായി (ലോകത്തിന്റെ മോക്ഷം) ചെയ്യുന്ന കാര്യങ്ങളായി കണക്കാക്കാൻ കഴിയില്ല. ഇതെല്ലാം സത്യത്തിൽ ലൗകിക ലക്ഷ്യത്തോടു കൂടി ചെയ്യുന്ന കാര്യങ്ങളാണ്, അതെല്ലാം സാമൂഹ്യ നന്മ എന്നു മാത്രമേ അറിയപ്പെടുകയുള്ളൂ. ആളുകൾ അവർക്ക് കഴിയാവുന്ന അളവിൽ അതെല്ലാം ചെയ്യുന്നു, അതെല്ലാം സ്ഥൂലമായ ഭാഷയിൽ ഉള്ളത് മാത്രമാണ്. അതേ സമയം ലോകത്തിന്റെ മോക്ഷത്തിന് ചെയ്യുന്ന കാര്യങ്ങൾ സൂക്ഷ്മവും, സൂക്ഷ്മതരവും, സൂക്ഷ്മതമവുമായ ഭാഷയിൽ വരുന്നതാണ്. അത് ലോകമംഗളത്തിനുള്ള സൂക്ഷ്മതമമായ അവസ്ഥയിൽ ഉള്ളത് മാത്രമാകാം, അല്ലെങ്കിൽ മറ്റ് തലങ്ങളുടെ ഭാഗങ്ങൾ കൂടി അതിൽ ഉണ്ടായി എന്ന് വരാം.

## സമുദായ സേവനം പ്രകൃതിയുടെ സഹജസ്വഭാവമാണ്

ഒരാൾ ആ കർമ്മവുമായി ബന്ധിതനായി വരുമ്പോൾ, സ്വയം, പൂർണ്ണമായും ആ കാര്യത്തിനു വേണ്ടി അർപ്പിത ഭാവത്തോടുകൂടെ ഇരിക്കുമ്പോൾ, സമുദായ സേവനം നടക്കുന്നു. അതുകൊണ്ട് അവൻ സ്വന്തം കുടുംബത്തെ കുറിച്ച് കാര്യമായി ശ്രദ്ധിക്കുന്നില്ല, അവർ

പുറത്ത് മറ്റുള്ളവരെ സഹായിക്കുന്നതിൽ മുഴുകിപ്പോകുന്നു, അതിനെയാണ് സമുദായ സേവനം എന്ന് വിളിക്കുന്നത്. അതേ സമയം ബാക്കി ഉള്ളതെല്ലാം ഒരു വ്യക്തിയുടെ ആന്തരികമായ വികാരങ്ങൾ മാത്രമാണ്, അത്തരം വികാരങ്ങൾ ഒരാളുടെ ഉള്ളിൽ വന്നു കൊണ്ടേ ഇരിയ്ക്കും. ആരോടെങ്കിലും ദയ തോന്നി എന്നു വരാം, ഒരാളുടെ ദുഃഖത്തിൽ തന്മയീ ഭാവം തോന്നാം, ഇതെല്ലാം ഒരാൾ തന്റെ പ്രകൃതിയോടൊപ്പം (ആപേക്ഷികമായ ആത്മാവിന്റെ അതല്ലെങ്കിൽ അനാത്മാവിന്റെ ഭാഗമായി കഴിഞ്ഞ ജന്മത്തിൽ നിന്നും ഉള്ളത്) കൊണ്ടു വരുന്നതാണ്. എന്നാൽ അന്തിമമായി പറഞ്ഞാൽ, അതെല്ലാം വാസ്തവത്തിൽ അനാത്മാവിന്റെ (പ്രകൃതി ധർമ്മം) പ്രവർത്തനം മാത്രമാണ്. സമുദായ സേവനം പോലും പ്രകൃതി ധർമ്മമാണ്, അത് അനാത്മാവിന്റെ, "ഈ ആളുടെ സ്വഭാവം ഇങ്ങനെയാണ്, ആ ആളുടെ സ്വഭാവം അങ്ങനെയാണ്" എന്നൊക്കെ പറയാറുള്ളതുപോലെ, സഹജ സ്വഭാവമാണ് എന്ന് പറയുന്നു. ചിലർക്ക് മറ്റുള്ളവരെ വേദനിപ്പിക്കുന്ന സ്വഭാവം ഉണ്ടാവാം, വേറെ ചിലർക്ക് മറ്റുള്ളവർക്ക് സന്തോഷം നല്കുന്ന സ്വഭാവവും ഉണ്ടാവാം. രണ്ടു പേരുടേയും സ്വഭാവം പ്രകൃതിയുടെ ഗുണങ്ങൾ ആണ്, അത് ആത്മാവിന്റെ സഹജ സ്വഭാവമല്ല. എന്ത് കാർമ്മികമായ സ്റ്റോക്ക് ആണോ ഒരാൾ തന്റെ പ്രകൃതിയിൽ, കഴിഞ്ഞ ജന്മത്തിൽ നിന്നും നിറച്ച് കൊണ്ടു വന്നിരിക്കുന്നത്, ആ സ്റ്റോക്ക് ആണ് അയാളിൽ നിന്നും പുറത്ത് വരുന്നത്.

## സേവനം ചെയ്യലും സേവനം ചെയ്യാതിരിക്കലും അനാത്മാവിന്റെ സഹജ സ്വഭാവമാണ്!

നിങ്ങൾ ചെയ്യുന്ന ഈ സേവനം അനാത്മാവിന്റെ സഹജ സ്വഭാവമാണ്, വേറെ ഒരാൾ സേവനം ചെയ്യാതെ ഇരിക്കുന്നു എങ്കിൽ അത് അയാളുടെ സഹജ സ്വഭാവമാണ്. ഇതിൽ നിങ്ങളുടേതായി ഒരു പ്രയത്നത്തിന്റേയും ആവശ്യമില്ല, അയാൾക്കും അയാളുടെ ഒരു പ്രയത്നത്തിന്റേയും ആവശ്യമില്ല. എങ്കിലും ഒരാൾ വിശ്വസിക്കുന്നു, "ഞാൻ അത് ചെയ്യുന്നു" എന്ന്. ഇപ്പോൾ, "ഞാൻ അത് ചെയ്യുന്നു" എന്ന് വിശ്വസിക്കുന്നത് മിഥ്യാവിശ്വാസം (ഭ്രാന്തി) ആണ്. ഇവിടെ നിന്നും ആത്മജ്ഞാനം ലഭിച്ചതിന് ശേഷവും, നിങ്ങൾ, തീർച്ചയായും

മറ്റുള്ളവരെ സേവിക്കുന്നത് തുടർന്നു കൊണ്ടിരിക്കും, കാരണം അത് നിങ്ങൾ കൊണ്ടു വന്നിരിക്കുന്ന പ്രകൃതിയാണ്. എന്നാൽ ആ സേവനം ശുദ്ധമായ സേവനം ആയിരിക്കും. സാധാരണ അവസ്ഥയിൽ അത് ശുഭകരമായ സേവനമാണ്. ശുഭകരമായ സേവനം കാർമ്മിക ബന്ധനം ഉണ്ടാക്കുന്നതാണ്. വിലങ്ങ് സ്വർണ്ണം കൊണ്ടുള്ളതായാലും അത് തീർച്ചയായും ബന്ധനം തന്നെയാണ്, അല്ലേ! ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, മറ്റുള്ളവർക്ക് എന്ത് തന്നെ സംഭവിച്ചാലും, നിങ്ങൾക്ക് ദുഃഖം തോന്നില്ല, അവരുടെ സന്തോഷമില്ലായ്മ പോവുകയും ചെയ്യും, അപ്പോൾ നിങ്ങളിൽ ഉള്ളത് അനുകമ്പ (കരുണ) ആണ്. ഇപ്പോൾ നിങ്ങൾ, "എന്ത് അവസ്ഥയിലൂടെയാവും അയാൾ പോയിക്കൊണ്ടിരിക്കുന്നത്, എന്താവും അയാളുടെ മനസ്സിലെ വികാരങ്ങൾ!" എന്നൊക്കെ സങ്കല്പിച്ചു കൊണ്ട് അയാളോട് ദയയാണ് അനുഭവിക്കുന്നത്. നിങ്ങൾക്ക് അയാളോട് ദയ തോന്നുന്നു. അത്തരം ദയ നിങ്ങളെ എപ്പോഴും ദുഃഖിപ്പിക്കും. ദയയുള്ളിടത്ത് എപ്പോഴും അഹങ്കാരം ഉണ്ടായിരിക്കും. ദയ എന്ന വികാരം ഇല്ലാതെ പ്രകൃതി ഒരിക്കലും സേവനം ചെയ്യില്ല. എന്നാൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, നിങ്ങൾക്ക് കരുണാ ബോധം ഉണ്ടാകുന്നു.

മറ്റുള്ളവരെ സേവിക്കാനുള്ള ഭാവത്തിന്റെ ഫലം ലൗകികമായ സന്തോഷമാണ്. മറ്റുള്ളവർക്ക് സേവനം ചെയ്യാതിരിക്കാനുള്ള ഭാവത്തിന്റെ ഫലം ദുഃഖമാണ്. മറ്റുള്ളവരെ സേവിക്കാനുള്ള ഭാവം കൊണ്ട് ഒരാൾക്ക് സ്വന്തം ആത്മാവിനെ നേടാൻ കഴിയില്ല. എന്നിരുന്നാലും, ആത്മജ്ഞാനം ലഭിക്കുന്നതുവരെ, ഒരാൾ സഹായ മനോഭാവം നില നിർത്തേണ്ടതാണ്.

## ശരിയായ ഒരു സാമൂഹ്യ സേവകൻ!

ആരെയാണ് നിങ്ങൾ സഹായിക്കുന്നത്?

**ചോദ്യകർത്താവ്:** ഞാൻ സമുദായ സേവനത്തിനായി ധാരാളം സമയം ചെലവഴിക്കുന്നുണ്ട്.

**ദാദാശ്രീ:** സത്യത്തിൽ സമുദായത്തിനു വേണ്ടി ചെയ്യാൻ കഴിയുന്ന പല തരത്തിലുള്ള സേവനങ്ങൾ ഉണ്ട്. യഥാർത്ഥത്തിലുള്ള

സമുദായ സേവനത്തിൽ "ഞാൻ ഒരു സാമൂഹ്യ സേവകനാണ്" എന്ന ചെറിയൊരു ബോധം പോലും ഉണ്ടായിരിക്കില്ല.

**ചോദ്യകർത്താവ്:** അത് ശരിയായ കാര്യമാണ്.

**ദാദാശ്രീ:** അതല്ലെങ്കിൽ, എല്ലാ മേഖലകളിലും, സത്യത്തിൽ, രണ്ടു മുതൽ നാല് വരെ സാമൂഹ്യസേവകർ ഉണ്ട്. അവർ വെള്ളത്തൊപ്പിയും ധരിച്ച്, "ഞാനൊരു സാമൂഹ്യ സേവകനാണ്" എന്ന ബോധത്തോടെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ ആ ബോധം ഇല്ലാതെ ഇരിക്കുമ്പോൾ ആണ് ഒരാൾ ശരിയായ സാമൂഹ്യ സേവകനാകുന്നത്!

**ചോദ്യകർത്താവ്:** ഞാൻ എന്തെങ്കിലും നല്ല കാര്യം ചെയ്താൽ, "ഞാൻ അത് ചെയ്തു" എന്ന അഹങ്കാരം ഉള്ളിൽ ഉയരുന്നു.

**ദാദാശ്രീ:** അത് തീർച്ചയായും ഉയർന്നു വരും.

**ചോദ്യകർത്താവ്:** അപ്പോൾ, അത് മറന്നു പോകാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** എന്നാൽ "ഞാൻ സാമൂഹ്യ സേവകനാണ്" എന്ന ഈ അഹങ്കാരം ഉയർന്നു വരാൻ പാടില്ല. നിങ്ങൾ എന്തെങ്കിലും നല്ലത് ചെയ്ത്, അതിന്റെ പേരിൽ അഹങ്കാരം ഉയർന്നു വരികയാണ് എങ്കിൽ, നിങ്ങൾ വിശ്വസിക്കുന്നത് ഏത് ദൈവമായാലും ഭഗവാനായാലും, അദ്ദേഹത്തോട് ഉടനെ പറയണം, "അല്ലയോ ഭഗവാനെ, ഞാൻ അഹങ്കാരം നില നിർത്താൻ ആഗ്രഹിക്കുന്നില്ല, എങ്കിലും അത് സംഭവിക്കുന്നു, അതുകൊണ്ട് എനിക്ക് മാപ്പ് തരണേ!" നിങ്ങൾ അത്രമാത്രം ചെയ്താൽ മതി. നിങ്ങൾക്ക് അത്രയും ചെയ്യാൻ കഴിയില്ലേ?

**ചോദ്യകർത്താവ്:** കഴിയും.

**ദാദാശ്രീ:** എങ്കിൽ, അത്രയും ചെയ്യൂ!

സമുദായ സേവനം എന്നതിന്റെ അർത്ഥം എന്താണ്? ഒരു പരിധി വരെ അത് "എന്റെ" എന്നത് നശിപ്പിച്ചു കളയുന്നു. "എന്റെ" എന്നത് പൂർണ്ണമായും നശിപ്പിച്ചു കളയുകയാണ് എങ്കിൽ, അപ്പോൾ ഒരാൾ പൂർണ്ണമായ ആത്മാവ് (പരമാത്മാവ്) ആയി. അപ്പോൾ

അയാൾ പരമാനന്ദത്തിൽ ഇരിക്കാൻ യോഗ്യനാവുന്നു.

## സേവനത്തിലെ അഹങ്കാരം!

**ചോദ്യകർത്താവ്:** അങ്ങനെയാണെങ്കിൽ, ഞങ്ങൾക്ക് ഈ ലോകത്തിൽ ഒന്നും തന്നെ ചെയ്യാൻ ബാക്കിയായി ഇല്ല.

**ദാദാശ്രീ:** ഒന്നാമതായി, "നിങ്ങൾ" ഒന്നും തന്നെ ചെയ്യാനായി ഉദ്ദേശിക്കപ്പെട്ടന്നില്ല. ഇത് വെറും ഉയർന്നു വന്നിരിക്കുന്ന അഹങ്കാരമാണ്. ഈ മനുഷ്യർക്ക് മാത്രമാണ് കർത്താ ഭാവത്തിന്റെ അഹങ്കാരം ഉള്ളത്.

**ചോദ്യകർത്താവ്:** ഈ സ്ത്രീ ഒരു ഡോക്ടറാണ്. പാവപ്പെട്ട ഒരു രോഗി അവരുടെ അടുത്ത് വരുന്നു, അപ്പോൾ അവർക്ക് സഹാനുഭൂതി തോന്നുന്നു. അവർ വൈദ്യസഹായം ചെയ്യുന്നു. അങ്ങ് പറയുന്നതിന്റെ അടിസ്ഥാനത്തിൽ, അവിടെ സഹാനുഭൂതിയുടെ പ്രശ്നം ഉദിക്കുന്നില്ല, ഉണ്ടോ?

**ദാദാശ്രീ:** സഹാനുഭൂതി പോലും പ്രകൃതിസഹജമാണ്. എന്നാൽ "ഞാൻ വളരെ സഹാനുഭൂതി ഉള്ളവനായിരുന്നു!" എന്ന് ഒരാൾ അഹങ്കരിക്കുന്നു. ഒരാൾക്ക് ആ അഹങ്കാരം ഇല്ലായിരുന്നു എങ്കിൽ ഒരു പ്രശ്നവും ഇല്ല. എന്നാൽ ഒരാൾക്ക് അഹങ്കാരത്തിൽ നിന്നും മാറി നില്ക്കാൻ കഴിയുന്നില്ല, കഴിയുമോ?

## സേവനത്തിൽ അർപ്പണബോധം!

**ചോദ്യകർത്താവ്:** ലോകത്തിന് സേവനം ചെയ്യുന്ന സമയത്ത്, ദൈവത്തിന് സേവനം ചെയ്യുകയാണ് എന്ന ഭാവം ഒരാൾ നില നിർത്തുകയാണ് എങ്കിൽ, അപ്പോൾ അത് അയാളുടെ ചുമതലയായി മാറില്ലേ?

**ദാദാശ്രീ:** ശരിയാണ്, അതിന്റെ ഫലം പുണ്യമാണ്, മോക്ഷമല്ല.

**ചോദ്യകർത്താവ്:** അതിന്റെ ക്രെഡിറ്റ് പ്രകടമായ പരമാത്മാവിന് സമർപ്പിച്ചാൽ പോലും മോക്ഷം നേടാൻ സാധിക്കില്ലേ?

**ദാദാശ്രീ:** അങ്ങനെ ഒരാൾക്ക് ഫലം (ക്രെഡിറ്റ്)

സമർപ്പിക്കാനൊന്നും കഴിയില്ല.

**ചോദ്യകർത്താവ്:** ഞങ്ങൾ അത് മാനസികമായി അടിയറവ് വെച്ചാലോ?

**ദാദാശ്രീ:** അത് അടിയറവ് വെച്ചാൽ പോലും, ആരും അതിന്റെ ഫലം സ്വീകരിക്കില്ല. ആർക്കും അത് കൊടുക്കാനും കഴിയില്ല. അതെല്ലാം വെറും പൊള്ളയായ വാക്കുകളാണ്. ജ്ഞാനീപുരുഷൻ ആത്മാവിന്റെ അറിവ് (ആത്മസാക്ഷാത്കാരം) നല്കുന്ന നിമിഷം മുതൽ, ശരിയായ ധർമ്മം സ്വയം സംഭവിക്കാൻ തുടങ്ങുന്നു. എന്നാൽ വ്യവഹാര ധർമ്മം നിങ്ങൾക്ക് നിർവ്വഹിക്കാൻ ഉള്ളതാണ്, അത് നിങ്ങൾ പഠിക്കേണ്ടതുണ്ട്.

## ലൗകികമായ സമൃദ്ധി ഉപോല്പന്നമായി വന്നു ചേരുന്നു!

**ചോദ്യകർത്താവ്:** ലൗകികമായ സമൃദ്ധി നേടിയെടുക്കാനുള്ള ആഗ്രഹവും അതിനുള്ള പരിശ്രമവും, സത്യത്തിൽ, ആത്മീയ പുരോഗതിക്ക് ദോഷമുണ്ടാക്കുന്നതാണോ? ആണെങ്കിൽ, ഏത് രീതിയിൽ? അല്ലെങ്കിൽ, അതെങ്ങനെ?

**ദാദാശ്രീ:** നിങ്ങൾക്ക് ലൗകികമായ സമൃദ്ധിയാണ് വേണ്ടത് എങ്കിൽ, നിങ്ങൾ ഒരു ദിശയിലേക്ക് പോകണം. നിങ്ങൾക്ക് ആത്മീയ പുരോഗതിയാണ് വേണ്ടതെങ്കിൽ, നിങ്ങൾ ഈ ദിശയിൽ പോകണം. അപ്പോൾ, നിങ്ങൾ ഈ ദിശയിലേക്ക് പോകുന്നതിനു പകരം മറുദിശയിൽ പോയാൽ, അത് സത്യത്തിൽ ദോഷകരമായിരിക്കുമോ, ഇല്ലേ?

**ചോദ്യകർത്താവ്:** അതെ, അത് ദോഷകരമായി കണക്കാക്കണം!

**ദാദാശ്രീ:** അതിന്റെ അർത്ഥം, അത് പൂർണ്ണമായും ദോഷകരമാണ് എന്നാണ്. ആത്മീയത ഈ ദിശയിലാണെങ്കിൽ, ലൗകിക സമൃദ്ധി എതിർ ദിശയിലാണ്.

**ചോദ്യകർത്താവ്:** എന്നാൽ ലൗകിക സമൃദ്ധി ഇല്ലാതെ ഒരാൾക്ക് എങ്ങനെ നില നിൽക്കാനാവും?

**ദാദാശ്രീ:** ആരെങ്കിലും, എന്നെങ്കിലും, ഈ ലോകത്തിൽ

ശരിയായ ലൗകിക സമൃദ്ധി നേടിയിട്ടുണ്ടോ? എല്ലാവരും ലൗകിക സമൃദ്ധിക്കു പിറകെ ഓടുകയാണ്. ആരെങ്കിലും യഥാർത്ഥത്തിൽ അത് നേടിയിട്ടുണ്ടോ?

**ചോദ്യകർത്താവ്:** കുറച്ചു പേർ, അപൂർവ്വമായ വ്യക്തികൾക്ക് മാത്രം അത് ലഭിച്ചിട്ടുണ്ട്, എല്ലാവർക്കും ഇല്ല.

**ദാദാശ്രീ:** അത് ഏതെങ്കിലും വ്യക്തികൾക്ക് സ്വാധീനമുള്ള ഒന്നല്ല. ഒരു നിയന്ത്രണവും ഇല്ലാത്തിടത്ത്, അതിനെ കുറിച്ച് അനാവശ്യമായി കോലാഹലമുണ്ടാക്കുന്നതുകൊണ്ട് എന്താണ് കാര്യം? അത് അർത്ഥ ശൂന്യമാണ്!

**ചോദ്യകർത്താവ്:** ഒരു വ്യക്തിക്ക് എന്തെങ്കിലുമൊക്കെ ആഗ്രഹങ്ങൾ നില നില്ക്കുന്ന കാലത്തോളം, എങ്ങനെയാണ് അവന് ആത്മീയതയിലേക്ക് പോകാൻ കഴിയുക?

**ദാദാശ്രീ:** ശരിയാണ്, എങ്കിലും ആഗ്രഹമുണ്ടാകുന്നത് നല്ലതാണ്. ആഗ്രഹം ഉണ്ടാവും, എന്നാൽ അതിന്റെ നിയന്ത്രണം നിങ്ങളുടെ കൈകളിൽ അല്ല.

**ചോദ്യകർത്താവ്:** എങ്ങനെയാണ് ആ ആഗ്രഹം അവസാനിക്കുക?

**ദാദാശ്രീ:** ആഗ്രഹങ്ങൾ അവസാനിക്കാനുള്ള എല്ലാ സാഹചര്യങ്ങളും വന്നു ചേരും. നിങ്ങൾ അതിനെ കുറിച്ച് കൂടുതൽ അസ്വസ്ഥനാകേണ്ട കാര്യമില്ല. ആത്മീയതയെ പിന്തുടർന്നു കൊണ്ടിരിക്കുക മാത്രം ചെയ്യുക. ഈ ലൗകിക സമൃദ്ധി വെറും ഒരു ഉപോല്പന്നമാണ്. നിങ്ങൾ ആത്മീയതയുടെ "ഉല്പാദനം" ആരംഭിക്കുമ്പോൾ, നിങ്ങൾ ആ ദിശയിൽ മുന്നേറി, ആത്മീയ "ഉല്പാദനം" ആരംഭിക്കുമ്പോൾ, അപ്പോൾ ലൗകിക സമൃദ്ധി ഒരു ഉപ-ഉല്പന്നമായി, ചിലവലവൊന്നും ഇല്ലാതെ, നിങ്ങൾക്ക് വന്നു ചേരും.

**ചോദ്യകർത്താവ്:** ഒരാൾ ആത്മീയ പാത പിന്തുടരാൻ ആഗ്രഹിക്കുമ്പോൾ എന്നു പറയുന്നതുകൊണ്ട് അങ്ങ് എന്താണ് അർത്ഥമാക്കുന്നത്? എങ്ങനെ ഞങ്ങൾ അത് ചെയ്യണം എന്നാണ് ഉദ്ദേശിക്കപ്പെടുന്നത്?

**ദാദാശ്രീ:** അല്ല, ഒന്നാമതായി, ആത്മീയത ഉല്പന്നമാകുമ്പോൾ ലൗകിക സമൃദ്ധി ഉപോല്പന്നമാണ് എന്നത് നിങ്ങൾക്ക് മനസ്സിലായോ, അത് നിങ്ങളുടെ തിരിച്ചറിവിൽ ആയോ?

**ചോദ്യകർത്താവ്:** അങ്ങ് പറയുന്നത് ഞാൻ വിശ്വസിക്കുന്നു, എന്നാൽ എനിക്കത് മനസ്സിലായിട്ടില്ല.

**ദാദാശ്രീ:** അതായത്, നിങ്ങൾ അത് വിശ്വസിക്കുകയാണ് എങ്കിൽ പോലും, അപ്പോഴും ഇതെല്ലാം ഉപോല്പന്നമാണ്. ഉപോല്പന്നം എന്നതിന്റെ അർത്ഥം, അത് ചിലവില്ലാതെ ലഭിക്കുന്നു എന്നതാണ്. ഈ ലോകത്തിലെ താല്ക്കാലികമായ സന്തോഷങ്ങളെല്ലാം ചിലവില്ലാതെ ലഭിക്കുന്നതാണ്. ആത്മീയമായ സന്തോഷം നേടാനായി ശ്രമിക്കുമ്പോൾ, ആ വഴിയിൽ ഇത് ഉപോല്പന്നമായി ലഭിക്കുന്നു.

**ചോദ്യകർത്താവ്:** ആത്മീയമായ താല്പര്യങ്ങൾ ഒന്നും ഇല്ലാത്ത ധാരാളം ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അവർ ഈ ലോകത്തിൽ വളരെ സമ്പന്നരും ആണ്. അക്കാര്യത്തിൽ അവർ സന്തോഷവാന്മാരും ആണ്.

**ദാദാശ്രീ:** ശരിയാണ്, അവർ ആത്മീയമായ താല്പര്യങ്ങൾ ഇല്ലാത്തവരായി കാണപ്പെടുന്നു, എന്നാൽ [കഴിഞ്ഞ ജന്മത്തിൽ] അവർ ആത്മീയമായ സാധനകൾ ചെയ്തിട്ടുണ്ട്, അതിന്റെ ഫലമാണ് ഇത്.

**ചോദ്യകർത്താവ്:** അതിന്റെ അർത്ഥം, ഈ ജന്മത്തിലെ ആത്മീയമായ പരിശ്രമങ്ങൾ, അടുത്ത ജന്മത്തിൽ ഭൗതികമായ സുഖ സൗകര്യങ്ങൾ ആയി നല്കപ്പെടും എന്നാണോ?

**ദാദാശ്രീ:** അതെ, അടുത്ത ജന്മത്തിൽ നിങ്ങൾ അതിന്റെ ഫലം കൊയ്തെടുക്കും. ഈ ജീവിതത്തിൽ ആത്മീയമായ താല്പര്യങ്ങൾ ഒരാളിൽ കാണപ്പെട്ടില്ലെങ്കിലും, ഈ ജീവിതത്തിൽ കഴിഞ്ഞ ജന്മത്തിന്റെ ഫലങ്ങൾ കാണാം.

## ജോലിക്ക് പിറകിലുള്ള ഭാവം, സേവനമാണോ, അതോ പണം നേടലാണോ?

എല്ലാ ജോലിക്കും, അത് എന്തിനു ചെയ്യുന്നു, എന്നൊരു ഉദ്ദേശ്യം ഉണ്ട്! വളരെ ശ്രേഷ്ഠമായ ഒരു ഉദ്ദേശ്യം നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ, എന്താണ് അർത്ഥമാക്കുന്നത് എന്നു വെച്ചാൽ, ഉദാഹരണത്തിന്, ഒരാൾ ഒരു ആശുപത്രി നിർമ്മിക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ ഉദ്ദേശ്യം, എങ്ങനെ രോഗികൾക്ക് നല്ല ആരോഗ്യം ലഭിക്കും, എങ്ങനെ അവർ സന്തോഷവാന്മാരായി മാറും, എങ്ങനെ അവർക്ക് ആനന്ദം അനുഭവപ്പെടും, എങ്ങനെ അവരുടെ ജീവ ശക്തി വർദ്ധിക്കും എന്നുള്ളതൊക്കെയാണ്. അത്തരം ശ്രേഷ്ഠമായ ഒരു ഭാവത്തോടെ, സേവനം മാത്രം ലക്ഷ്യമാക്കി, നിങ്ങൾ ഒരു ജോലി ആരംഭിക്കുമ്പോൾ, അതിന്റെ ഉപോല്പന്നം എന്തായിരിക്കും? പണം (ലക്ഷ്മി)! അതുകൊണ്ട് പണമാണ് ഉപോല്പന്നം, അത് പ്രധാന "ഉല്പന്ന"മായി കണക്കാക്കരുത്. ലോകം മുഴുവനും പണത്തെ പ്രധാന ഉല്പന്നമായി മാറ്റിയിരിക്കുന്നു. അതുകൊണ്ടാണ് ആളുകൾക്ക് ഉപോല്പന്നത്തിന്റെ നേട്ടം ലഭിക്കാത്തത്.

അതുകൊണ്ട്, നിങ്ങൾ സേവനം മാത്രം പ്രധാനലക്ഷ്യം ആയി നിശ്ചയിക്കുമ്പോൾ, ഉപോല്പന്നമായി കൂടുതൽ പണം വന്നു ചേരും. അതുകൊണ്ട്, പണത്തെ ഉപോല്പന്നം മാത്രമായി കണക്കാക്കുമ്പോൾ, കൂടുതൽ പണം വരും. അതിനു പകരം ആളുകൾ ജോലി ചെയ്യുന്നത് പണം ഉണ്ടാക്കാനുള്ള ഭാവത്തോടെയാണ്. അതുകൊണ്ടാണ് പണം ലഭിക്കാത്തത്. അതുകൊണ്ടാണ് ഞാൻ നിങ്ങളോട് "നിരന്തരം സേവനം ചെയ്യാനുള്ള ഭാവം" ഉറപ്പിക്കാനായി പറയുന്നത്. അപ്പോൾ ഉപോല്പന്നം സ്വയം വന്നു കൊണ്ടിരിക്കും. അത് വെറും ഉപോല്പന്നം ആയതുകൊണ്ട്, അതിന് പരിശ്രമം ഒന്നും ആവശ്യമില്ല, അതിന് ചിലവും ആവശ്യമില്ല, അത് ചിലവില്ലാത്തതാണ്, അതുപോലെ ഈ പണവും ചിലവില്ലാതെ ലഭിക്കുന്നതാണ്. നിങ്ങൾക്ക് അത്തരം പണം വേണോ അതോ നിങ്ങൾക്ക് കള്ളപ്പണം വേണോ? നിങ്ങൾക്ക് കള്ളപ്പണം വേണ്ടല്ലോ? എങ്കിൽ, അത് നല്ലതാണ്! നിങ്ങൾക്ക് ചിലവില്ലാതെ

ലഭിക്കുന്നത്, വളരെ മികച്ചതാണ്!

അതുകൊണ്ട്, സേവനം ചെയ്യാനുള്ള ഭാവം ഉറപ്പിക്കുക, മാനവ സമുദായത്തെ മുഴുവനും സേവിക്കാനുള്ള ഭാവം! നിങ്ങൾ ഒരു "ക്ലിനിക്" തുറന്നതുകൊണ്ട്, നിങ്ങൾക്കുള്ള അറിവും നൈപുണ്യവും എല്ലാം, മറ്റുള്ളവരെ സേവിക്കാനായി ഉപയോഗിക്കപ്പെടണം, അത് മാത്രമായിരിക്കണം നിങ്ങളുടെ ഒരേയൊരു ലക്ഷ്യം. അതിന്റെ ഫലമായി, മറ്റുള്ള കാര്യങ്ങളും നിങ്ങൾക്ക് ചിലവില്ലാതെ ലഭിക്കാൻ തുടങ്ങും, നിങ്ങൾക്ക് ഒരിക്കലും പണത്തിന് കുറവുണ്ടാവില്ല, അതേ സമയം പണം നേടുന്നതിനു വേണ്ടി മാത്രം ചെയ്യുന്നവർക്ക് നഷ്ടം സംഭവിക്കുന്നു. തീർച്ചയായും അത് അങ്ങനെയാണ്, കാരണം പണം ഉണ്ടാക്കാൻ വേണ്ടി മാത്രമാണ് "ഫാക്ടറി" നിർമ്മിച്ചിരിക്കുന്നത് എന്നതുകൊണ്ട്, അവിടെ "ഉപോല്പന്നം" ഒന്നും ഉണ്ടാവില്ല, ഉണ്ടാവുമോ! അതിന്റെ കാരണം പണം തന്നെയാണ് ഉപോല്പന്നം, ഉപ ഉല്പാദനം! അതുകൊണ്ട്, നിങ്ങൾ പ്രധാന "ഉല്പന്നം" എന്താണ് എന്ന് നിശ്ചയിക്കണം, അപ്പോൾ ഉപോല്പന്നം ചിലവില്ലാതെ ലഭിക്കാൻ തുടങ്ങും.

## ലോകമോക്ഷം മാത്രമാണ് "ഉല്പന്നം"!

ആത്മാവിനെ നേടുന്നതിനു വേണ്ടി എന്തെല്ലാം ചെയ്യുന്നുണ്ടോ, അതാണ് പ്രധാന "ഉല്പന്നം''. അതിന്റെ ഫലമായി ഉപോല്പന്നങ്ങൾ ലഭിക്കുന്നു. ജീവിതത്തിന് ആവശ്യമായതെല്ലാം ലഭിക്കുന്നു. ഞാൻ എന്റെ ജീവിതത്തിൽ, ഒരു പ്രധാന "ഉല്പന്നം" മാത്രം നില നിർത്തുന്നു, "ഈ ലോകത്തിനു മുഴുവൻ അന്തിമമായ സമാധാനം ലഭിക്കണമേ, കുറച്ച് പേർക്കെങ്കിലും മോക്ഷം ലഭിക്കണമേ". അതാണ് എന്റെ "ഉല്പന്നം'', എനിക്ക് അതിന്റെ ഉപോല്പന്നം ലഭിച്ചുകൊണ്ടേ ഇരിക്കുന്നു. നിങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, എനിക്ക് സവിശേഷമായ ചായയും പലഹാരങ്ങളും ലഭിക്കുന്നു. എന്താണ് അതിന് കാരണം? അതിനു കാരണം എന്റെ "ഉല്പന്നം" നിങ്ങളുടേതിനേക്കാൾ ഉയർന്നതാണ് എന്നതാണ്. അതുപോലെ നിങ്ങളുടെ "ഉല്പന്നം" ഉയർന്ന നിലവാരത്തിൽ ഉള്ളതാണ് എങ്കിൽ, നിങ്ങളുടെ ഉപോല്പന്നവും ഉയർന്ന നിലവാരത്തിൽ ഉള്ളതായിരിക്കും.

എല്ലാ ജോലികൾക്ക് പിറകിലും ഒരു ഭാവമുണ്ട്. നിങ്ങളുടെ ഭാവം സേവനത്തിന് ഉള്ളതാണെങ്കിൽ, നിങ്ങൾക്ക് തീർച്ചയായും ഉപോല്പന്നമായി പണം ലഭിക്കും.

## ദൈവത്തെ സേവിക്കുന്നതിന് നേരിട്ടല്ലാത്ത ഒരു മാർഗ്ഗം!

മറ്റെല്ലാ "ഉല്പന്നങ്ങളും" ഉപോല്പന്നങ്ങൾ അല്ലാതെ മറ്റൊന്നുമല്ല, എന്നാൽ, ഇതിൽ നിങ്ങൾക്ക് ആവശ്യമായതെല്ലാം തുടർച്ചയായി ലഭിച്ചു കൊണ്ടിരിക്കും, അതിലും ഉപരിയായി, അതെല്ലാം വളരെ എളുപ്പത്തിൽ ലഭിക്കും. ഒന്നു നോക്കു, ആളുകൾ പണം അവരുടെ പ്രധാന "ഉല്പന്നം" ആക്കി മാറ്റിയതുകൊണ്ട്, അത് അവർക്ക്, ഇന്നത്തെ കാലത്ത്, എളുപ്പത്തിൽ വന്നു ചേരുന്നില്ല. അവർ അസ്വസ്ഥരായി എങ്ങും ഓടി നടന്നുകൊണ്ടിരിക്കുന്നു, അവർ മുഖം എപ്പോഴും ചുളിച്ചു കൊണ്ടും നടക്കുന്നു! അവർക്ക് തിന്നാനും കുടിക്കാനും വീട്ടിൽ പാകം ചെയ്ത ഒന്നാം തരം ഭക്ഷണമുണ്ട്, അതുപോലെ എന്തെല്ലാം സൗകര്യങ്ങൾ! എത്ര നല്ല വഴികളാണ്, ആളുകൾ വഴിയിൽ നടക്കുമ്പോൾ കാലിൽ പൊടി പിടിക്കില്ല! അതുകൊണ്ട് മാനവ സമൂഹത്തെ സേവിക്കു, കാരണം ദൈവം അവരുടെ ഉള്ളിൽ വസിക്കുന്നു. ദൈവം ഉള്ളിൽ തന്നെ ഇരിക്കുകയാണ്. നിങ്ങൾ ദൈവത്തെ തേടി പുറത്ത് നടന്നാൽ, അദ്ദേഹത്തെ നിങ്ങൾക്ക് പുറത്ത് കാണാൻ കഴിയുന്ന തരത്തിൽ ഉള്ള ഒരാളല്ല അദ്ദേഹം.

നിങ്ങൾ ഒരു ഡോക്ടർ ആണ്, അതുകൊണ്ടാണ് ഞാൻ നിങ്ങളോട് മനുഷ്യരെ സേവിക്കാൻ പറയുന്നത്. ഒരാൾ മൃഗ ഡോക്ടർ ആണെങ്കിൽ, ഞാൻ അയാളോട് മൃഗങ്ങളെ സേവിക്കാൻ പറയും. ദൈവം മൃഗങ്ങളുടെ ഉള്ളിലും വസിക്കുന്നു, എന്നാൽ മനുഷ്യരിൽ ദൈവം സവിശേഷമായ രീതിയിൽ പ്രകടമായിരിക്കുന്നു.

## മോക്ഷത്തിനുള്ള മാർഗ്ഗം മറ്റുള്ളവരെ സഹായിക്കുന്ന മാർഗ്ഗത്തിനും അപ്പുറത്ത് കിടക്കുന്നു!

**ചോദ്യകർത്താവ്:** എങ്ങനെയാണ് മോക്ഷത്തിനുള്ള മാർഗ്ഗം സമുദായ സേവനമാകുന്ന മാർഗ്ഗത്തേക്കാൾ ഉയർന്നതായിരിക്കുന്നത്? ദയവായി അതൊന്ന് വിശദീകരിച്ചു തരൂ.

**ദാദാശ്രീ:** നിങ്ങൾ ഒരു സാമൂഹ്യ സേവകനോട് "നിങ്ങൾ ആരാണ്?'' എന്ന് ചോദിച്ചാൽ, അയാൾ പറയും "ഞാൻ ഒരു സാമൂഹ്യ സേവകനാണ്" എന്ന്. അയാൾ എന്ത് പറയും? അങ്ങനെ തന്നെയായിരിക്കും അയാൾ തീർച്ചയായും പറയുന്നത്, അല്ലേ? അതോ, അയാൾ വേറെ എന്തെങ്കിലും പറയുമോ?

**ചോദ്യകർത്താവ്:** അങ്ങനെ തന്നെയാണ് അയാൾ ശരിക്കും പറയുക!

**ദാദാശ്രീ:** "ഞാൻ ഒരു സാമൂഹ്യസേവകനാണ്" എന്നാണ് പറയുന്നത് എങ്കിൽ, അത് അഹങ്കാരമാണ്. അതിനു പകരം, ഞാൻ ഇവിടെ ഉള്ള ഈ ആളോട്, "നിങ്ങൾ ആരാണ്?'' എന്ന് ചോദിക്കുകയാണ് എങ്കിൽ, അപ്പോൾ അയാൾ പറയും, "ലോകത്തിൽ തിരിച്ചറിയുന്നതിന് 'ഞാൻ ചന്ദുഭായ് ആണ്', എന്നാൽ ശരിയായി പറയുകയാണ് എങ്കിൽ, 'ഞാൻ ഒരു ശുദ്ധാത്മാവാണ്''' എന്ന്. അപ്പോൾ അത് അഹങ്കാരം ഇല്ലാത്തതാണ്.

ഒരു സാമൂഹ്യ സേവകന്റെ അഹങ്കാരം ഒരു നല്ല കാര്യത്തിനുള്ളതാണ്, എങ്കിലും അത് അഹങ്കാരം തന്നെയാണ്. ഒരാളുടെ അഹങ്കാരത്തെ ഒരു ചീത്ത കാര്യത്തിനായി ഉപയോഗിക്കുകയാണ് എങ്കിൽ, അയാൾ ഒരു അസുരനായി കണക്കാക്കപ്പെടും! നല്ല കാര്യത്തിനാണ് അഹങ്കാരം ഉപയോഗിക്കുന്നത് എങ്കിൽ അവൻ ഒരു ദേവനായി കണക്കാക്കപ്പെടും. എന്തായാലും അഹങ്കാരം അഹങ്കാരം തന്നെയാണ്. അഹങ്കാരം എന്നതിനർത്ഥം, ഒരാൾക്ക് ജന്മജന്മാന്തരമായി അലയേണ്ടി വരും എന്നാണ്, അഹങ്കാരം അവസാനിക്കുന്ന നിമിഷം മുതൽ, മോക്ഷം ഇവിടെ തന്നെ അനുഭവിക്കാൻ കഴിയും.

## "ഞാൻ ആരാണ്" എന്ന് അറിയുന്നത് ധർമ്മമാണ്!

**ചോദ്യകർത്താവ്:** ഓരോ മനുഷ്യനും എന്താണ് ചെയ്യേണ്ടത്? എന്തായിരിക്കണം അവന്റെ ധർമ്മം?

**ദാദാശ്രീ:** അവൻ എന്താണോ ചെയ്യുന്നത് അത് തന്നെയാണ് അവന്റെ ശരിയായ ധർമ്മം. എന്നാൽ ഒരാൾ "എന്റെ ധർമ്മം'' എന്നു പറയുമ്പോൾ തന്നെ, അവൻ എന്തു തന്നെ ചെയ്യുകയായാലും, അതിൽ തന്നെ അവന് "ഞാൻ ഇത് ചെയ്തു" എന്ന അഹങ്കാരം ഉണ്ട്. അതുകൊണ്ട്, ഇപ്പോൾ, ഒരാൾ എന്താണ് ചെയ്യേണ്ടത് എന്നു വെച്ചാൽ, "ഞാൻ ആരാണ്?'' എന്ന് തിരിച്ചറിയുക. ഒരാൾ അതിനുള്ള പരിശ്രമം നടത്തണം, അപ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. പിന്നീട് പ്രശ്നങ്ങൾ ഒന്നും ഉയർന്നു വരില്ല, പ്രശ്നങ്ങൾ ഒന്നും തന്നെ ഉയർന്നു വരാതെ ഇരിക്കുമ്പോൾ, ഒരാൾ സ്വതന്ത്രനാകാൻ തുടങ്ങും.

## പണം സത്യത്തിൽ ഒരു ഉപോല്പന്നമാണ്!

**ചോദ്യകർത്താവ്:** ഓരോ വ്യക്തിയുടേയും കടമ, ഒരു വക്കീലാണോ ഒരു ഡോക്ടറാണോ എന്നൊന്നും നോക്കേണ്ടതില്ല, എന്നാൽ അവന്റെ കടമ എല്ലാ മനുഷ്യരോടും നല്ലവനായിരിക്കണം എന്നതായിരിക്കില്ലേ?

**ദാദാശ്രീ:** അതെ, പക്ഷെ, അതിനു പകരം അവർ "ഞാൻ നല്ലത് ചെയ്യാൻ ആഗ്രഹിക്കുന്നു" എന്ന് നിശ്ചയിക്കാതെ, വെറുതെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഒരു നിശ്ചയവും എടുത്തിട്ടില്ല. ഒരു ഭാവവും തീരുമാനിക്കപ്പെടാതെ, എന്തായാലും തീവണ്ടി അങ്ങനെ ലക്ഷ്യമില്ലാതെ, ശബ്ദമുണ്ടാക്കി ഓടിക്കൊണ്ടിരിക്കുന്നു. ഏത് "പട്ടണ"ത്തിലേക്കാണ് ഒരാൾക്ക് പോകേണ്ടത് എന്നൊരു നിശ്ചയവും ഇല്ല, ഏത് "പട്ടണത്തി"ലാണ് ഇറങ്ങേണ്ടത് എന്നൊരു നിശ്ചയവും ഇല്ല, വഴിയിൽ എവിടെ നിന്നാണ് ചായയും പലഹാരങ്ങളും കഴിക്കേണ്ടത് എന്നും ഒരു തീരുമാനവും ഇല്ല. ഒരാൾ ഓടിക്കൊണ്ടേ ഇരിക്കുന്നു, അത്രമാത്രം. എല്ലാം അങ്ങനെ കെട്ടു പിണഞ്ഞു കിടക്കുന്നു. നിങ്ങൾ ഒരു ലക്ഷ്യം നിശ്ചയിക്കണം, പിന്നീട് എല്ലാ ജോലിയും ചെയ്യൂ.

നിങ്ങൾ നിങ്ങളുടെ ലക്ഷ്യം ഒന്ന് മാറ്റണം, വേറെ ഒന്നും വേണ്ട. പമ്പിന്റെ എൻജിന്റെ ഒരു ഭാഗത്ത് ഒരു ബെൽറ്റ് പിടിപ്പിച്ചാൽ അതിൽ നിന്നും വെള്ളം വരും, മറുഭാഗത്ത് ബെൽറ്റ് പിടിപ്പിച്ചാൽ, അതുപയോഗിച്ച് നെല്ല് കുത്തി അരിയാക്കാം, എന്നൊക്കെ പോലെ. ആകെ വ്യത്യാസം എവിടെ ബെൽറ്റ് പിടിപ്പിക്കുന്നു എന്നതാണ്. ലക്ഷ്യം തീരുമാനിക്കപ്പെടണം, പിന്നീട് ലക്ഷ്യം നിങ്ങളുടെ ശ്രദ്ധാ പൂർവ്വമുള്ള ബോധത്തിൽ (ലക്ഷ്) നില നില്ക്കണം. അത്രയേ ഉള്ളൂ. അതിൽ വേറെ ഒന്നും തന്നെ ഇല്ല. പണം അല്ല നിങ്ങളുടെ ശ്രദ്ധയോടുകൂടിയ ബോധത്തിൽ ഇരിക്കേണ്ടത്.

## ആത്മാവിന് ചെയ്യുന്ന സേവനം എല്ലാ മതങ്ങളേയും ഉൾക്കൊള്ളുന്നു!

രണ്ടു തരത്തിലുള്ള ധർമ്മങ്ങൾ (മതങ്ങൾ) ഉണ്ട്. മൂന്നാമതൊരു ധർമ്മം (മതം) ഇല്ല. **ലോകത്തിന്** സേവനം ചെയ്യുന്നതാണ് ഒന്നാമത്തെ തരത്തിലുള്ള ധർമ്മം. സ്വന്തം **ആത്മാവിന്** സേവനം ചെയ്യുന്നതാണ് രണ്ടാമത്തെ ധർമ്മം. ആത്മാവിന് സേവനം ചെയ്യുന്നവർ ഹോം ഡിപ്പാർട്ട്മെന്റിൽ (ആത്മാവിന്റെ ശരിയായ രൂപം) പെടുന്നു. ലോകത്തെ സേവിക്കുന്നവർക്ക് ലൗകികമായ നേട്ടങ്ങൾ അതുകൊണ്ട് ഉണ്ടാകുന്നു, അതല്ലെങ്കിൽ ഭൗതിക സുഖങ്ങൾ ആസ്വദിക്കാം. ലോക സേവനത്തിന്റെ ഒരു രൂപവും ഇല്ലാത്തിടത്ത്, ആത്മാവിന്റെ ഒരു സേവനവും ഇല്ലാത്തിടത്ത്, അതെല്ലാം വെറും സാമൂഹ്യമായ പ്രസംഗങ്ങൾ മാത്രമായി കണക്കാക്കപ്പെടുന്നു! അത് ഒരാളുടെ അഹങ്കാരത്തെ അത്യധികമായ ലഹരിയിലേക്ക് ഉയർത്തുന്നു. ലോകത്തിനു വേണ്ടി എന്തെങ്കിലും തരത്തിലുള്ള സേവനം ചെയ്യുന്നിടത്ത് ധർമ്മം (മതം) ഉണ്ട്. നിങ്ങൾക്ക് ലോകത്തിനു വേണ്ടി സേവനം ചെയ്യാൻ കഴിയുന്നില്ല എങ്കിൽ നിങ്ങൾ നിങ്ങളുടെ ആത്മാവിനു വേണ്ടി സേവനം ചെയ്യൂ. സ്വന്തം ആത്മാവിനു വേണ്ടി സേവനം ചെയ്യുന്നത് ലോകത്തിന് സേവനം ചെയ്യുന്നതിനെക്കാൾ വളരെയേറെ മികച്ച കാര്യമാണ്. കാരണം സ്വന്തം ആത്മാവിനു വേണ്ടി സേവനം ചെയ്യുന്ന ആൾ ഒരാളേയും ഒരിക്കലും വേദനിപ്പിക്കുകയില്ല!

**ചോദ്യകർത്താവ്:** എന്നാൽ ഒരാൾക്ക് തന്റെ ആത്മാവിനു

വേണ്ടി സേവ ചെയ്യാൻ തോന്നണം, വേണ്ടേ?

**ദാദാശ്രീ:** അത് ഒരാൾക്ക് തോന്നാൻ അത്ര എളുപ്പമല്ല.

**ചോദ്യകർത്താവ്:** അത് എങ്ങനെ ചെയ്യാം?

**ദാദാശ്രീ:** അതിന് നിങ്ങൾ സ്വന്തം ആത്മാവിന് സേവനം ചെയ്യുന്ന ജ്ഞാനീപുരുഷനോട് ചോദിക്കണം, "സർ, അങ്ങ് മറ്റുള്ളവർക്കാണോ സേവനം ചെയ്യുന്നത്, അതോ അങ്ങയുടെ സ്വന്തം ആത്മാവിനാണോ സേവനം ചെയ്യുന്നത്?" എന്ന്. അപ്പോൾ അദ്ദേഹം പറയും, "ഞാൻ എന്റെ സ്വന്തം ആത്മാവിനാണ് സേവനം ചെയ്യുന്നത്" എന്ന്. അപ്പോൾ നിങ്ങൾക്ക് അദ്ദേഹത്തോട് അപേക്ഷിക്കാം, "ദയവായി എനിക്ക് ആ വഴി കാണിച്ച് തരൂ!" എന്ന്.

## സ്വന്തം ആത്മാവിന് സേവനം ചെയ്യുന്നത് തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങൾ!

**ചോദ്യകർത്താവ്:** സ്വന്തം ആത്മാവിന് സേവനം ചെയ്യുന്നത് തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങൾ എന്തൊക്കെയാണ്?

**ദാദാശ്രീ:** സ്വന്തം ആത്മാവിന് സേവനം ചെയ്യുന്നത് തിരിച്ചറിയുന്നതിനുള്ള ഏറ്റവും പ്രധാന ലക്ഷണം, അത്തരം ഒരാൾ ആരേയും വേദനിപ്പിക്കുകയില്ല. എല്ലാം അതിനകത്ത് വരും. അതിൽ, അയാൾ അബ്രഹ്മചര്യത്തിൽ (ലൈംഗികത) പോലും ഉൾപ്പെടില്ല. ലൈംഗികതയിൽ ഉൾപ്പെടുക എന്നു പറയുന്നത് ആരെയെങ്കിലും വേദനിപ്പിക്കുന്നതിന് തുല്യമാണ്. പരസ്പര സമ്മതത്തോടു കൂടിയ ലൈംഗികതയിൽ പോലും ദശലക്ഷക്കണക്കിന് ജീവികൾ മരിച്ചു പോകുന്നു! അതുകൊണ്ട് അത് മറ്റുള്ളവരെ വേദനിപ്പിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് ഇതിൽ സേവനം തന്നെ ഇല്ലാതാകുന്നു. പിന്നെ, ഒരാൾ കളവ് പറയാൻ പാടില്ല. അവൻ കളവ് ചെയ്യാൻ പാടില്ല, ഭീകരത കാണിക്കാൻ പാടില്ല, പണം ശേഖരിക്കാനും പാടില്ല. സ്വന്തമാക്കുന്നത്, പണം ശേഖരിക്കുന്നത് അക്രമം തന്നെയാണ്. അപ്പോൾ ഒരാൾ മറ്റൊരാളെ വേദനിപ്പിച്ചാൽ, എല്ലാം അതിൽ ഉൾപ്പെട്ടു.

**ചോദ്യകർത്താവ്:** സ്വന്തം ആത്മാവിന് സേവനം ചെയ്യുന്നത് തിരിച്ചറിയാനുള്ള മറ്റ് ലക്ഷണങ്ങൾ എന്തെല്ലാമാണ്? ഒരാൾ സ്വന്തം ആത്മാവിന് സേവനം ചെയ്യുകയാണ് എന്ന് എപ്പോഴാണ് പറയാൻ കഴിയുക?

**ദാദാശ്രീ:** സ്വന്തം ആത്മാവിന് സേവനം ചെയ്യുന്ന ആളെ എല്ലാവർക്കും വേദനിപ്പിക്കാൻ കഴിയും, എന്നാൽ അയാൾ ഒരിക്കലും ഒരാളേയും വേദനിപ്പിക്കുകയില്ല. അയാൾ ഒരാളേയും വേദനിപ്പിക്കുകയില്ല എന്നു മാത്രമല്ല, അയാൾ മറ്റൊരാൾക്ക് മോശമായത് സംഭവിക്കാൻ പോലും ആഗ്രഹിക്കില്ല, "നിങ്ങൾക്ക് മോശമായത് സംഭവിക്കട്ടെ" എന്ന് അയാൾ ചിന്തിക്കില്ല, പകരം "നിങ്ങൾക്ക് നല്ലത് സംഭവിക്കട്ടെ" എന്ന് അയാൾ പറയും.

അതെ, ഒരാൾ തിരിച്ച് എന്തെങ്കിലും പറഞ്ഞാലും, അതൊന്നും ഒരു പ്രശ്നമല്ല. "നിങ്ങളെ ഒന്നിനും കൊള്ളില്ല, നിങ്ങൾ ഒരു തെമ്മാടിയാണ്, നിങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കുന്നു" എന്നൊക്കെ ആരെങ്കിലും പറഞ്ഞാലും അതൊന്നും നമ്മെ ബാധിക്കുകയില്ല. നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നു മാത്രമേ "നിങ്ങൾ" നോക്കേണ്ടതുള്ളൂ. മറ്റെ ആൾ ഒരു റേഡിയോ പോലെ സംസാരിച്ചു കൊണ്ടേ ഇരിക്കും, ഒരു റേഡിയോ നടക്കുന്നതുപോലെ തന്നെ!

**ചോദ്യകർത്താവ്:** ജീവിതത്തിൽ എല്ലാവരും എന്നെ വേദനിപ്പിക്കുകയും ഞാൻ എല്ലാം സഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്, എനിക്ക് സാധ്യമായ കാര്യമല്ല. കുടുംബാംഗങ്ങൾ പോലും, ചെറുതായി എന്നെ പരിഹസിക്കുന്ന രീതിയിൽ സംസാരിച്ചാൽ, എനിക്ക് സഹിക്കാൻ കഴിയില്ല. അപ്പോൾ പിന്നെ [മറ്റുള്ളവരുടെ കാര്യം] പറയണോ?

**ദാദാശ്രീ:** അതല്ലാതെ നിങ്ങൾ വേറെ എന്ത് ചെയ്യും? നിങ്ങൾക്ക് ഈ ബോധത്തിൽ നില നില്ക്കാൻ കഴിയില്ല എങ്കിൽ പിന്നെ എന്തിലാണ് നിങ്ങൾ നില നില്ക്കുക? അത് എന്നോട് പറയൂ. ഞാൻ പറയുന്ന രീതിയിൽ ഒരാൾക്ക് നില നില്ക്കാൻ പ്രയാസമാണ് എങ്കിൽ പിന്നെ എങ്ങനെയാണ് അയാൾ നില നില്ക്കുക? സുരക്ഷിതമായ വേറെ ഏതെങ്കിലും സ്ഥലം ഉണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ, അതെനിക്ക് കാണിച്ചു തരൂ.

**ചോദ്യകർത്താവ്:** അല്ല, അങ്ങനെയല്ല. എന്നാൽ ഞങ്ങളുടെ അഹങ്കാരം തീർച്ചയായും നിലനില്ക്കുന്നുണ്ട്, ഇല്ലേ?

**ദാദാശ്രീ:** ജനനം മുതൽ അഹങ്കാരം എല്ലാ കാര്യങ്ങളിലും തടസ്സങ്ങൾ സൃഷ്ടിച്ചു കൊണ്ടേ ഇരിക്കും, എന്നാൽ നിങ്ങൾ അവിടെ നില്ക്കാൻ പാടില്ല. അഹങ്കാരം അതിന് ഇഷ്ടപ്പെട്ട പോലെ "ഡാൻസ്" ചെയ്യും. "നിങ്ങൾ" "ഡാൻസ്" ചെയ്യേണ്ട കാര്യമില്ല. "നിങ്ങൾ" അതിൽ നിന്നും വേറിട്ടിരിക്കുന്നു.

## അതല്ലാതെ, ബാക്കിയുള്ളതെല്ലാം വെറും മതപരമായ വിനോദങ്ങൾ മാത്രമാണ്!

അതുകൊണ്ട് ആകെ രണ്ട് ധർമ്മം (മതങ്ങൾ) മാത്രമേ ഉള്ളൂ, മൂന്നാമത് ഒരു മതം ഇല്ല. ബാക്കി ഉള്ളതെല്ലാം അലങ്കാരങ്ങൾ ആണ്. ആളുകൾ അലങ്കാരത്തിന്റെ ഭാഗങ്ങളെ പ്രശംസിച്ചുകൊണ്ടിരിക്കും!

സേവനം ഒന്നും ഇല്ലാത്തിടത്ത്, ഒരു രൂപത്തിലും ഉള്ള സേവനം ഇല്ലാത്തിടത്ത്, ലോകത്തിന് സേവനം ഒന്നും ഇല്ലാത്തിടത്ത്, അതെല്ലാം മതപരമായ വിനോദങ്ങൾ (മനോരഞ്ജൻ) മാത്രമാണ്, അതെല്ലാം അലങ്കാരത്തിന്റെ ഭാഗമാണ്!

ബുദ്ധിയുടെ ഉപയോഗം, സേവനം ചെയ്യാനുള്ള ഭാവത്തിന്റെ തലം വരെ സ്വീകാര്യമാണ്, അത് ജീവജാലങ്ങൾക്ക് സന്തോഷം നല്കുന്ന തരത്തിൽ ഉള്ളതാണ്. അത്തരം ബുദ്ധി നല്ലതാണ്. അതല്ലാതെ, ബാക്കിയുള്ള എല്ലാ ബുദ്ധിയും ഉപയോഗം ഇല്ലാത്തതാണ്. അതിന് വിരുദ്ധമായ എല്ലാ ബുദ്ധിയും ബന്ധനം ഉണ്ടാക്കുന്നതാണ്. അത് ഒരാളെ ബന്ധനത്തിൽ പെടുത്തുന്നു, പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു, അത് നോക്കുന്നിടത്തെല്ലാം ലാഭ നഷ്ടങ്ങൾ കണ്ടു കൊണ്ടിരിക്കുന്നു. ഒരു ബസ്സിലേക്ക് കയറുമ്പോൾ, അത് ഉടനെ അന്വേഷിക്കും, "എവിടെയാണ് ഒഴിഞ്ഞ ഒരു സീറ്റുള്ളത്?" എന്ന്. ഈ രീതിയിൽ, ബുദ്ധി ഒരാളെ എവിടെയും, എല്ലായിടത്തും അലയാൻ ഇടയാക്കുന്നു. മറ്റുള്ളവർക്ക് സേവനം ചെയ്യുന്ന ബുദ്ധി നല്ലതാണ്. അതല്ലെങ്കിൽ, സ്വന്തം ആത്മാവിനെ സേവിക്കുന്ന ബുദ്ധി പോലെ മറ്റൊരു ബുദ്ധിയും ഇല്ല. സ്വന്തം

ആത്മാവിന് സേവനം ചെയ്യുന്ന ആൾ ലോകത്തിന് മുഴുവനും സേവനം ചെയ്യുന്നു.

## ഈ ലോകത്തിൽ ഒരു ജീവിയും വേദനിക്കാതിരിക്കട്ടെ!

അതുകൊണ്ടാണ് 'നാം' എല്ലാവരോടും പറയുന്നത്, "പ്രിയ സഹോദരാ, രാവിലെ വീട് വിട്ടു പോകുന്നതിനു മുമ്പ്, നിങ്ങൾക്ക് വേറെ ഒന്നും തന്നെ അറിയില്ലെങ്കിലും, ചുരുങ്ങിയത് ഇത്രയെങ്കിലും പറയൂ, 'ഒരു ജീവിയും ഏറ്റവും ചെറിയ അളവിൽ പോലും, എന്റെ മനസ്സു കൊണ്ടും, വാക്കു കൊണ്ടും, ശരീരം കൊണ്ടും വേദനിക്കാതിരിക്കട്ടെ!' പുറത്തു പോകുന്നതിനു മുമ്പ് ഇത് അഞ്ചു വട്ടം പറയുക." ബാക്കി ഉത്തരവാദിത്വങ്ങൾ എല്ലാം എന്റെയാണ്! മുന്നോട്ട് പൊക്കോളൂ, നിങ്ങൾക്ക് ഒന്നും തന്നെ അറിയില്ലെങ്കിലും, അപ്പോൾ ഞാൻ അതെല്ലാം ശ്രദ്ധിക്കും! ഇത്രയും പറയുക മാത്രം ചെയ്യൂ! പിന്നീട് ആരെങ്കിലും വേദനിക്കാൻ ഇട വന്നാൽ, ഞാനത് നോക്കിക്കോളാം. പക്ഷെ, ഇത്രയും പറയൂ. ഇതിൽ വല്ല പ്രശ്നവും ഉണ്ടോ?

**ചോദ്യകർത്താവ്:** ഇതിൽ പ്രശ്നം ഒന്നും ഇല്ല.

**ദാദാശ്രീ:** തീർച്ചയായും ഇത് പറയൂ. അപ്പോൾ അവൻ ചോദിക്കും, "ഞാൻ ആരെയെങ്കിലും വേദനിപ്പിക്കാൻ ഇട വന്നാലോ?" എന്ന്. അത് നിങ്ങൾ നോക്കേണ്ട കാര്യമല്ല. ഞാൻ അത് പിന്നീട് ഹൈകോർട്ടിൽ (പ്രകൃതിയുടെ കോടതി) നോക്കും. വക്കീലാണ് അത് ശ്രദ്ധിക്കേണ്ടത്, അല്ലേ? നിങ്ങൾക്കു വേണ്ടി ഞാൻ അതെല്ലാം ചെയ്യാം. രാവിലെ അഞ്ചു വട്ടം എന്റെ ഈ പ്രസ്താവന പറയുക മാത്രം ചെയ്യുക! അതിന് വല്ല പ്രശ്നവും ഉണ്ടോ? അത് വലിയ ഭാരമാണോ? ദാദാ ഭഗവാനെ (നിങ്ങളുടെ അകത്തുള്ള ഭഗവാനെ) വിളിക്കുക, എന്നിട്ട് പൂർണ്ണ ഹൃദയത്തോടെ ഇത് പറയുക. പിന്നെ എന്ത് പ്രശ്നമാണ് ഉള്ളത്?

**ചോദ്യകർത്താവ്:** അത് തന്നെയാണ് ഞങ്ങൾ ശരിക്കും ചെയ്യുന്നത്.

**ദാദാശ്രീ:** നന്നായി, അത്രയും ചെയ്യൂ. ഈ ലോകത്തിൽ

ചെയ്യാനായി, ഗുണകരമായി വേറെ ഒന്നും തന്നെ ഇല്ല.

## ലോകത്തിലെ വ്യവഹാര ധർമ്മം, ചുരുക്കത്തിൽ!

ലോകത്തിലെ ആളുകളെ വ്യവഹാര ധർമ്മം പഠിപ്പിക്കുന്നതിനായി, 'നാം' അവരോട് പരോപകാരികൾ ആവാൻ പറയുന്നു. സ്വാർത്ഥമായ ഒരൊറ്റ ചിന്തയും വരില്ല. ലോക മംഗളത്തിനു വേണ്ടി പരോപകാരി ആയിത്തീരൂ. നിങ്ങൾ നിങ്ങളുടെ പണം, നിങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കുകയാണ് എങ്കിൽ, അത് ഒടുവിൽ കാനയിൽ ഒഴുകും, മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിക്കുന്നത് എന്നും കൂടുതൽ മെച്ചപ്പെട്ട അഡ്ജസ്റ്റ്മെന്റാണ്.

ശുദ്ധാത്മാവ് എന്താണ് പറയുന്നത്? "മറ്റുള്ളവരെ സംരക്ഷിക്കുന്നവരെ ഞാൻ സംരക്ഷിക്കുന്നു, സ്വന്തം കാര്യം മാത്രം ശ്രദ്ധിക്കുന്നവരെ ഞാനവരുടെ പാട്ടിനു വിടുന്നു.''

ലോകത്തിനു വേണ്ടി പ്രവർത്തിക്കൂ, നിങ്ങളുടെ ജോലികൾ തീർച്ചയായും നടത്തപ്പെടും. നിങ്ങൾ ലോകത്തിനു വേണ്ടി പ്രവർത്തിക്കുമ്പോൾ, നിങ്ങളുടെ കാര്യങ്ങൾ സ്വയം നടന്നു കൊണ്ടിരിക്കും, അപ്പോൾ ആണ് നിങ്ങൾക്ക് അത്ഭുതം തോന്നുക!

ഈ ലോക ജീവിതത്തിന്റെ സ്വഭാവം എന്താണ്? ഓരോ ജീവികളുടേയും ഉള്ളിൽ ദൈവം വസിക്കുന്നു. അതിന്റെ അർത്ഥം എന്താണ്, നിങ്ങൾ ഏതെങ്കിലും ജീവികൾക്ക് സങ്കടം വരുത്തിയാൽ, നിങ്ങൾ അവയെ വേദനിപ്പിച്ചാൽ, അപ്പോൾ അധർമ്മം ഉയർന്നു വരുന്നു. നിങ്ങൾ ഏതെങ്കിലും ജീവികൾക്ക് സന്തോഷം നല്കിയാൽ, അത് ധർമ്മത്തെ വളർത്തുന്നു. അധർമ്മത്തിന്റെ ഫലം നിങ്ങളുടെ ഇച്ഛക്ക് വിരുദ്ധമായിരിക്കും. ധർമ്മത്തിന്റെ ഫലം നിങ്ങളുടെ ഇഷ്ടത്തിന് അനുസരിച്ചായിരിക്കും.

ആപേക്ഷികമായ മതങ്ങൾ, ലൗകിക ജീവിതത്തിന്റെ വഴിയാണ്, അവ സമുദായ സേവനത്തിന്റെ മാർഗ്ഗങ്ങൾ ആണ്. മോക്ഷത്തിന്റെ മാർഗ്ഗം, സമുദായ സേവനത്തിനും അപ്പുറത്തുള്ള കാര്യമാണ്. അത് ആത്മാവിൽ വസിക്കുന്ന (സ്വരമണത) മാർഗ്ഗമാണ്.

## ധർമ്മത്തിന്റെ ആരംഭം!

ഒരു മനുഷ്യൻ മറ്റുള്ളവർക്ക് സന്തോഷം നല്കാൻ തുടങ്ങുന്ന നിമിഷം മുതൽ ധർമ്മം ആരംഭിക്കുന്നു. ഒരാൾ സ്വന്തം സന്തോഷത്തെ കുറിച്ച് ചിന്തിക്കാതാകുമ്പോൾ, അയാൾ കൂടുതലും തുടർച്ചയായി, "എങ്ങനെ മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ നീക്കം ചെയ്യാം?'' എന്ന ചിന്തയിൽ മുഴുകുകയാണ്. ആ നിമിഷം മുതൽ കാരുണ്യത (ഉപാധികൾ ഒന്നും ഇല്ലാത്ത, നിരന്തരമായ കാരുണ്യം) ആരംഭിക്കുന്നു. കുട്ടിക്കാലം മുതൽ തന്നെ, മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ എങ്ങനെ നീക്കം ചെയ്യാം എന്ന കാര്യത്തിൽ ഞാൻ ശ്രദ്ധാലുവായിരുന്നു. സ്വന്തം കാര്യത്തെ കുറിച്ച് ഒരൊറ്റ ചിന്ത പോലും വരാത്ത അവസ്ഥ, കാരുണ്യത എന്ന് സൂചിപ്പിക്കപ്പെടുന്നു. തീർച്ചയായും അതു വഴിയാണ് ആത്മാവിനെ കുറിച്ചുള്ള അറിവ് പ്രകടമാകുന്നത്.

ഒരാൾ വിരമിക്കേണ്ട പ്രായമാകുമ്പോൾ, അയാൾ ഒരു ഓണററി (ബഹുമതി) പ്രസിഡന്റ് ആകുന്നു, അവൻ ഓണററി ആകുന്നു! ഹേ, വിഡ്ഢി! എന്തിനാണ് നിങ്ങൾ വിരമിക്കാറായിട്ടും, വിഷമങ്ങൾ ക്ഷണിച്ചു വരുത്തുന്നത്? നിങ്ങൾ വെറുതെ വിഷമങ്ങൾ വരുത്തുകയാണ്. ഇതെല്ലാം സ്വയം കൊണ്ടു വരുന്ന വിഷമങ്ങൾ അല്ലാതെ മറ്റൊന്നുമല്ല.

നിങ്ങൾക്ക് [മറ്റുള്ളവരെ] സേവിക്കാൻ കഴിയില്ലെങ്കിൽ, നിങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ഉപദ്രവം ഉണ്ടാക്കിയ ആളാണ് എങ്കിൽ പോലും, ആരും വേദനിക്കാൻ ഇടവരുന്നില്ല എന്നെങ്കിലും നിങ്ങൾ ഉറപ്പു വരുത്തണം. കാരണം, അത് കഴിഞ്ഞ ജന്മത്തിൽ നിന്നും ഉള്ള ഏതോ തരത്തിൽ ഉള്ള [കർമ്മപരമായ] ഒരു എക്കൗണ്ട് ആണ് അത്. എന്നാൽ, നിങ്ങൾ അയാളെ വേദനിപ്പിക്കാത്ത തരത്തിൽ വേണം എന്തെങ്കിലും ചെയ്യാൻ.

## ഇത് മാത്രമാണ് പഠിക്കാൻ യോഗ്യമായ കാര്യം!

**ചോദ്യകർത്താവ്:** മറ്റുള്ളവർക്ക് സന്തോഷം നല്കി സ്വയം സന്തോഷവാന്മാരായി തീരുക.

**ദാദാശ്രീ:** അതെ, അതുമാത്രം പഠിക്കൂ! വേറെ ഒന്നും

പഠിച്ചതുകൊണ്ട് കാര്യമില്ല. സത്യത്തിൽ, ഇതല്ലാതെ ലോകത്തിൽ വേറെ ഒരു ധർമ്മമില്ല. ഇത് മാത്രമാണ് ധർമ്മം, വേറെ ഒരു ധർമ്മം ഇല്ല. നിങ്ങൾ മറ്റുള്ളവർക്ക് നല്കുന്ന സന്തോഷം, അതിൽ നിന്നു തന്നെ നിങ്ങൾ സന്തോഷവാനായി തീരും.

നിങ്ങൾ ചെയ്യുന്ന ഈ ട്രെയഡ് അല്ലെങ്കിൽ ബിസിനസ്സ്, അതിൽ നിന്നും നിങ്ങൾക്ക് കുറച്ച് പണം ലഭിക്കും. അപ്പോൾ നിങ്ങൾക്ക് പട്ടണത്തിലുള്ള ആവശ്യക്കാർക്ക്, കുറച്ച് ഭക്ഷണവും വെള്ളവും നല്കാം. അത്തരം ആളുകളുടെ പെൺമക്കളുടെ വിവാഹത്തിന്, നിങ്ങൾക്ക് കുറച്ച് പൈസ നല്കാം. എന്തായാലും, നിങ്ങൾ സഹായങ്ങൾ നല്കണം, അപ്പോൾ അവരുടെ കാര്യങ്ങൾ ശരിയായി നടക്കും, ഇല്ലേ? നിങ്ങൾ ആരുടെയെങ്കിലും ഹൃദയത്തെ സന്തോഷിപ്പിച്ചാൽ, ദൈവം നിങ്ങളുടെ ഹൃദയത്തെ സന്തോഷിപ്പിക്കും.

## ജ്ഞാനി ഒരു എഴുതി വെച്ച ഉറപ്പ് നല്കുന്നു!

**ചോദ്യകർത്താവ്:** ഇന്നത്തെ കാലത്ത്, ആരുടെയെങ്കിലും ഹൃദയം സന്തോഷിപ്പിക്കാൻ ശ്രമിക്കുമ്പോൾ, സ്വന്തം പോക്കറ്റടിക്കപ്പെട്ട് കാലിയാകുന്നു.

**ദാദാശ്രീ:** നിങ്ങളുടെ പോക്കറ്റടിക്കപ്പെടുന്നത് കാര്യമാക്കണ്ട. അത് കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള കാർമ്മികമായ എക്കൗണ്ടാണ്, അത് തിരിച്ചടക്കപ്പെടുന്നതാണ്. എന്നാൽ നിങ്ങൾ ആരെയെങ്കിലും ഇപ്പോൾ സന്തോഷിപ്പിച്ചാൽ, അതിനുള്ള പ്രതിഫലം തീർച്ചയായും വന്നു ചേരും, നൂറു ശതമാനവും, അതിനുള്ള ഉറപ്പ് എനിക്ക് എഴുതി തരാൻ കഴിയും. ഞാൻ മുമ്പ് സന്തോഷം നല്കിയിട്ടുണ്ടാവണം, അതുകൊണ്ടാണ് എനിക്ക് ഇപ്പോൾ സന്തോഷം ലഭിക്കുന്നത്. എന്റെ 'ബിസിനസ്സ്', തീർച്ചയായും ഒരു 'സന്തോഷത്തിന്റെ സ്റ്റോർ' ആണ്. നിങ്ങൾ ഒരു 'സന്തോഷമില്ലായ്മയുടെ സ്റ്റോർ' ഒരിക്കലും തുറക്കരുത്. ഒരു സന്തോഷത്തിന്റെ സ്റ്റോർ, അപ്പോൾ സന്തോഷം ആഗ്രഹിക്കുന്നവർക്കെല്ലാം അവിടെ ചെന്ന് അത് എടുത്ത് കൊണ്ടു പോകാം. ഇനി ആരെങ്കിലും സന്തോഷമില്ലായ്മ നല്കാനായി വന്നാൽ, അപ്പോൾ നിങ്ങൾ പറയണം, "ഓ!, എനിക്കിവിടെ കുറച്ച് കുറവുണ്ട്.

തര്രു, തര്രു.''  നിങ്ങൾ അത് മാറ്റി വെക്കണം.  അതുകൊണ്ട്, ആരെങ്കിലും നിങ്ങൾക്ക് വിഷമം തരാൻ വരുന്നു എങ്കിൽ, നിങ്ങൾ അത് സ്വീകരിക്കണം.  നിങ്ങൾക്ക് ബാക്കിയായ കാർമ്മിക എക്കൗണ്ട് ഉണ്ട്, അതുകൊണ്ട് തീർച്ചയായും അത് തരാനായി അവൻ വരും, ഇല്ലേ?  അതല്ലെങ്കിൽ ആരും എനിക്ക് വിഷമം തരാനായി വരില്ല.

അതുകൊണ്ട് സന്തോഷത്തിന്റെ ഒരു സ്റ്റോർ തുറക്കുക. അപ്പോൾ നിങ്ങൾ ചെയ്യുന്നത് എല്ലാവർക്കും സന്തോഷം നല്കുക മാത്രമാണ്.  ആർക്കും സന്തോഷമില്ലായ്മ നല്കരുത്.  വിഷമം നല്കുന്നവരെ, എന്നെങ്കിലും ആരെങ്കിലും കത്തിയെടുത്ത് കുത്തും, ഇല്ലേ?  അവൻ അടുത്ത് എവിടെയോ പ്രതികാരം ചെയ്യാനായി കാത്തിരിക്കുന്നുണ്ട്.  പ്രതികാരം ചെയ്യുന്നവർ, വെറുതെ പ്രതികാരം ചെയ്യാനായി ചെയ്യുന്നതല്ല, അവർ അവരുടെ വേദന തീർക്കുകയാണ്.

## നിങ്ങൾ മറ്റുള്ളവർക്ക് സേവനം നല്കിയാൽ, നിങ്ങൾക്ക് സേവനം ലഭിക്കും!

ഏറ്റവും പ്രധാനമായും ഒന്നാമതായും, സേവിക്കപ്പെടാൻ യോഗ്യരായ ആളുകൾ, സ്വന്തം മാതാ പിതാക്കൾ ആണ്.

നിങ്ങൾ നിങ്ങളുടെ മാതാ പിതാക്കൾക്ക് സേവനം ചെയ്താൽ, നിങ്ങൾക്ക് നിങ്ങളുടെ സമാധാനം നഷ്ടപ്പെടില്ല.  എന്നാൽ ഇന്നത്തെ കാലത്ത് ആളുകൾ അവരുടെ മാതാപിതാക്കൾക്ക് പൂർണ്ണ ഹൃദയത്തോടെ സേവനം ചെയ്യുന്നില്ല.  ഒരു പുരുഷന് മുപ്പത് വയസ്സാവുമ്പോൾ, അവന്റെ "ഗുരു" (ഭാര്യ) വരുന്നു, അവൾ അവനോട് പറയുന്നു, "എന്നെ ഒരു പുതിയ വീട്ടിലേക്ക് കൊണ്ടു പോകൂ.'' അങ്ങനെയുള്ള ഒരു "ഗുരു"വിനെ നിങ്ങൾ കണ്ടിട്ടില്ലേ?  ഒരു ഇരുപത്തഞ്ച്-മുപ്പത് വയസ്സിനിടക്ക്, ഒരാൾക്ക് "ഗുരു"വിനെ ലഭിക്കുന്നു, ഒരു "ഗുരു"വിനെ കിട്ടിക്കഴിഞ്ഞാൽ, അവൻ മാറുന്നു.  ഗുരു പറയുന്നു, "നിങ്ങൾക്ക് നിങ്ങളുടെ അമ്മയെ ഒട്ടും അറിയില്ല.'' തുടക്കത്തിൽ അവൻ അത് കാര്യമാക്കില്ല.  ആദ്യം രണ്ടു മൂന്നു വട്ടം അവൻ അത് സ്വീകരിക്കില്ല.  പിന്നെ അവൻ പരാജയപ്പെടുന്നു.

അതല്ലെങ്കിൽ, സ്വന്തം മാതാ പിതാക്കളെ ശ്രദ്ധ ഭാവത്തോടെ സേവിക്കുന്നവർക്ക് അസ്വസ്ഥതകൾ ഒന്നും തന്നെ വരാത്ത തരത്തിൽ ഉള്ളതാണ് ഈ ലോകം. ഈ ലോകം ഉപേക്ഷിക്കേണ്ട ഒന്നല്ല. എങ്കിലും ആളുകൾ ചോദിക്കുന്നു, "മാതാ പിതാക്കൾക്ക് സേവനം ചെയ്യാതിരിക്കുന്നത് ശരിക്കും കുട്ടികളുടെ തെറ്റാണോ?'' എന്ന്, അപ്പോൾ അതിൽ മാതാ പിതാക്കളുടെ തെറ്റെന്താണ്? ഞാൻ അവരോട് പറഞ്ഞു, "അവർ അവരുടെ മാതാ പിതാക്കൾക്ക് സേവനം ചെയ്തിരിക്കില്ല, അതുകൊണ്ടാണ് അവർക്കും അത് ലഭിക്കാതിരിക്കുന്നത്.'' അതുകൊണ്ട് ഈ "പിന്തുടർച്ച" തന്നെ തെറ്റുള്ളതാണ്. അതുകൊണ്ട്, ഈ "പാരമ്പര്യ"ത്തിന് പകരം, ഒരാൾ പുതിയതായി ഒന്ന് തുടങ്ങുകയാണ് എങ്കിൽ, അപ്പോൾ, അത് നല്ലതായി മാറും.

അതുകൊണ്ടാണ്, ഞാൻ ഇത് എല്ലാ കുടുംബങ്ങളിലും രൂപപ്പെടുത്തുന്നത്, എല്ലാ കുട്ടികളും ശരിയായിട്ടുണ്ട്. മാതാ പിതാക്കൾ പോലും ശരിയായിരിക്കുന്നു, അതുപോലെ, കുട്ടികളും ശരിയായിരിക്കുന്നു!

മുതിർന്നവർക്ക് സേവനം ചെയ്യുമ്പോൾ, നമ്മുടെ ആത്മീയ ശാസ്ത്രം പൂവിടുന്നു. ഒരു മൂർത്തിയെ സേവിക്കാൻ കഴിയുമോ? മൂർത്തിയുടെ കാലുകൾക്ക് വേദനിക്കുമോ? സേവനം ശരിക്കും ചെയ്യേണ്ടത് ഒരാളുടെ സംരക്ഷകർക്കാണ്, മുതിർന്നവർക്കാണ്, അതല്ലെങ്കിൽ സ്വന്തം ഗുരുവിനാണ്.

## വെറുപ്പോടെ സേവനം നിരസിച്ചു കൊണ്ട് ധർമ്മം നടപ്പിലാക്കാൻ കഴിയുമോ?

നിങ്ങളുടെ മാതാ പിതാക്കളെ സേവിക്കുക എന്നത് നിങ്ങളുടെ ധാർമ്മിക കടമയാണ് (ധർമ്മമാണ്). കാർമ്മികമായ കണക്ക് എന്താണ് എന്ന് നോക്കേണ്ടതില്ല, എന്നാൽ നിങ്ങൾ അവർക്ക് സേവനം ചെയ്യേണ്ടതാണ്, അത് നിങ്ങളുടെ ധർമ്മമാണ്. നിങ്ങൾ എത്രമാത്രം നിങ്ങളുടെ ധർമ്മം നടപ്പിലാക്കുന്നുണ്ടോ, അത്രയും സന്തോഷം നിങ്ങൾക്ക് ഉള്ളിൽ ഉയർന്നു വരും. പ്രായമായവർക്ക് സേവനം ലഭിക്കും, അതിനോടൊപ്പം നിങ്ങൾക്കകത്ത് സന്തോഷവും

ഉയർന്നു വരും. നിങ്ങൾ നിങ്ങളുടെ മാതാ പിതാക്കൾക്ക് സേവനം ചെയ്യുമ്പോൾ, അപ്പോൾ നിങ്ങൾക്കുള്ളിൽ സന്തോഷം ഉണ്ടാവും. സ്വന്തം മാതാപിതാക്കൾക്ക് സന്തോഷം നല്കുന്നവർ ഒരിക്കലും സന്തോഷം ഇല്ലാത്തവർ ആയിരിക്കില്ല.

പ്രസിദ്ധമായ ഒരു ആശ്രമത്തിൽ, ഞാൻ ഒരിക്കൽ ഒരാളെ കണ്ടു. ഞാൻ അയാളോട് ചോദിച്ചു, "എന്താണ് നിങ്ങൾ ഇവിടെ?" അയാൾ പറഞ്ഞു, "കഴിഞ്ഞ പത്ത് വർഷമായി ഞാൻ ഇവിടെ ഈ ആശ്രമത്തിലാണ് താമസിക്കുന്നത്." ഞാൻ അപ്പോൾ അയാളെ അറിയിച്ചു, "ഗ്രാമത്തിൽ, നിങ്ങളുടെ മാതാപിതാക്കൾ വലിയ ദാരിദ്ര്യത്തിലാണ്. അവർ അവരുടെ ജീവിതത്തിന്റെ അന്തിമ ഘട്ടത്തിൽ ആണ്. അവർ വളരെ ദുഃഖിതരാണ്." അതിന് അയാൾ മറുപടി പറഞ്ഞു, "അതിന് ഞാൻ എന്തു ചെയ്യാനാണ്? ഞാൻ അവരെ സഹായിക്കാൻ പോയാൽ, ഞാൻ എന്റെ ധർമ്മം നിർവ്വഹിക്കുന്നത് ഉപേക്ഷിക്കലാവും." അതിനെ എങ്ങനെ ധർമ്മം എന്ന് വിളിക്കാനാവും? നിങ്ങളുടെ മാതാ പിതാക്കളെ സംരക്ഷിക്കുന്നതാണ് ധർമ്മം, നിങ്ങളുടെ സഹോദരനേയും മറ്റ് എല്ലാവരേയും സംരക്ഷിക്കുന്നതാണ് ധർമ്മം. നിങ്ങളുടെ ലൗകിക വ്യവഹാരം മാതൃകാപരം ആയിരിക്കണം. സ്വന്തം ധർമ്മം വെറുപ്പോടെ നിരസിക്കുന്ന ലോക വ്യവഹാരം, സ്വന്തം മാതാപിതാക്കളോടുള്ള ബന്ധം വെറുപ്പോടെ നിരസിക്കുന്ന ലോകവ്യവഹാരം, അത് എങ്ങനെ ധർമ്മം എന്ന് വിളിക്കപ്പെടും? നിങ്ങൾക്ക് മാതാപിതാക്കാൾ ഉണ്ടോ, അതോ ഇല്ലേ?

**ചോദ്യകർത്താവ്:** എനിക്ക് അമ്മയുണ്ട്.

**ദാദാശ്രീ:** ഇന്നു മുതൽ അവരെ നന്നായി പരിചരിക്കു. അങ്ങനെ ഒരു അവസരം നിങ്ങൾക്ക് വീണ്ടും വീണ്ടും ലഭിക്കില്ല. അതു മാത്രമല്ല, ആരെങ്കിലും എന്നോട് "ഞാൻ വിഷമത്തിലാണ്" എന്ന് പറയുകയാണെങ്കിൽ, ഞാൻ അവനോട് പറയും, "നിങ്ങളുടെ മാതാ പിതാക്കളെ നന്നായി പരിചരിക്കു, അപ്പോൾ ലൗകിക ജീവിതത്തിൽ നിങ്ങൾക്ക് ഒരു വിഷമവും ഉണ്ടാവില്ല." ഒരാൾ

സമ്പന്നനാവണം എന്നില്ല, എന്നാൽ അയാൾക്ക്, ചുരുങ്ങിയത്, വിഷമങ്ങൾ ഒന്നും നേരിടേണ്ടി വരില്ല. ധർമ്മം അതിനു ശേഷമാണ് വരേണ്ടത്. എങ്ങനെ അതിനെ (ബന്ധങ്ങളെ വെറുപ്പോടെ നിരസിക്കുന്നതിനെ) ധർമ്മം എന്ന് വിളിക്കാനാവും?

ഞാനും എന്റെ അമ്മയെ പരിചരിച്ചിട്ടുണ്ട്. അപ്പോൾ എനിക്ക് ഇരുപത് വയസ്സായിരുന്നു. അതായത് എന്റെ യുവത്വത്തിന്റെ പ്രഥമമായ അവസ്ഥയിൽ ആയിരുന്നു. അതുകൊണ്ട്, എനിക്ക് എന്റെ അമ്മയെ സേവിക്കാൻ കഴിഞ്ഞു. ഞാൻ എന്റെ പിതാവിന്റെ ശവമഞ്ചം എന്റെ ചുമലിൽ ചുമന്ന് കൊണ്ടു പോയി, അത്രമാത്രമേ എനിക്ക് അദ്ദേഹത്തിനു വേണ്ടി ചെയ്യാൻ കഴിഞ്ഞുള്ളൂ. അപ്പോൾ എനിക്ക് മനസ്സിലായി, "എനിക്ക് അതുപോലെ കുറെ അധികം പിതാക്കന്മാർ ഉണ്ടാവേണ്ടതായിരുന്നു എന്ന്! ഇനി എന്ത് ചെയ്യാനാണ്?" അതിനുള്ള ഉത്തരം ഇതായിരുന്നു, "ഇപ്പോൾ ജീവിച്ചിരിക്കുന്ന ആളെ പരിചരിക്കൂ. പിരിഞ്ഞു പോയ ആൾ പോയിക്കഴിഞ്ഞു. എന്നാൽ, ഇപ്പോൾ അദ്ദേഹം ജീവിച്ചിരിക്കുന്നു എങ്കിൽ, നീ അദ്ദേഹത്തെ പരിചരിക്കൂ. അദ്ദേഹം ജീവിച്ചിരിക്കുന്നില്ല എങ്കിൽ, പിന്നെ വ്യസനിക്കേണ്ട കാര്യമില്ല. നമുക്ക് ധാരാളം കഴിഞ്ഞ ജന്മങ്ങളിൽ ഉണ്ടായിരുന്നു. പഴയത് മറന്നു കളയൂ. ഇപ്പോൾ പുതിയതായി ആരംഭിക്കൂ." മാതാ പിതാക്കളെ സേവിക്കുമ്പോൾ നിങ്ങൾക്ക് നേരിട്ടുള്ള ഫലം ലഭിക്കുന്നു. ദൈവത്തെ കാണാൻ കഴിയില്ല, എന്നാൽ നിങ്ങളുടെ മാതാ പിതാക്കളെ കാണാൻ കഴിയും. ദൈവത്തെ കാണാൻ കഴിയുമോ? എന്നാൽ നിങ്ങളുടെ മാതാ പിതാക്കളെ കാണാൻ കഴിയും.

## മുതിർന്നവർക്ക് ശരിക്കും സേവനം ആവശ്യമാണ്!

ഇന്നത്തെ കാലഘട്ടത്തിൽ, ഏറ്റവും വിഷമം അനുഭവിക്കുന്ന ആളുകൾ അറുപത്-അറുപത്തിയഞ്ച് വയസ്സും അതിലേറെയും പ്രായമായവരാണ്. മുതിർന്ന ആളുകളാണ് ഇന്ന് അങ്ങേയറ്റം കഷ്ടപ്പെടുന്നത്. എന്നാൽ, ആരോടാണ് അവർ അത് പറയുക? അവരുടെ കുട്ടികൾ അവരെ ശ്രദ്ധിക്കുന്നില്ല. പഴയ തലമുറയും പുതിയ തലമുറയുമായി വളരെ വലിയ വിടവുണ്ട്. പഴയ ആളുകൾ അവരുടെ

പഴയ രീതികൾ ഒരിക്കലും വിട്ടു കളയില്ല. വലിയ പ്രഹരം കിട്ടിയാലും അവൻ അത് വിട്ടു കളയുന്നില്ല.

**ചോദ്യകർത്താവ്:** അറുപത്തിയഞ്ച് വയസ്സായവരുടെ എല്ലാം അവസ്ഥ ഇതാണ്, അല്ലേ!

**ദാദാശ്രീ:** അതെ, അതു തന്നെയാണ് എല്ലാവരുടേയും അവസ്ഥ! അവരെല്ലാം തീർച്ചയായും ഒരേ അവസ്ഥയിലാണ്! അപ്പോൾ, ഇന്നത്തെ ഈ കാലത്ത് ചെയ്യാൻ കൊള്ളാവുന്ന കാര്യം എന്താണ്? വയസ്സായവർക്ക്, പ്രത്യേകമായി താമസിക്കാൻ, എവിടെയെങ്കിലും ഒരു സ്ഥലം നിർമ്മിക്കുകയാണ് എങ്കിൽ അത് വളരെ നന്നായിരിക്കും. അപ്പോൾ 'നമുക്ക്' ഒരു ആശയം തോന്നി, ഞാൻ പറഞ്ഞു, "അങ്ങനെ എന്തെങ്കിലും ചെയ്യുന്നുണ്ട് എങ്കിൽ, ആദ്യം അവർക്ക് ഈ ജ്ഞാനം നല്കണം.'' പിന്നീട് അവരുടെ ഭക്ഷണത്തിന്റെയും മറ്റും കാര്യങ്ങൾ ഏതെങ്കിലും പൊതു ജന, സാമൂഹിക സന്നദ്ധ ഗ്രൂപ്പുകളെ ഏല്പിച്ചാൽ മതിയാവും. എന്തായാലും അവർ ഈ ജ്ഞാനം നേടുകയും ദർശനം (ഭഗവാന്റെ ഭക്തിനിർഭരമായ ദർശനം) തുടരുകയും ചെയ്യുകയാണെങ്കിൽ, അവരുടെ 'ജോലി' നടക്കും. അവർക്ക് ഈ ജ്ഞാനം നല്കുകയാണ് എങ്കിൽ, ആ പാവങ്ങൾക്ക് സമാധാനം ഉണ്ടാവും. അതല്ലെങ്കിൽ, എന്ത് അടിസ്ഥാനത്തിൽ ആണ് അവർക്ക് സമാധാനം അനുഭവിക്കാൻ കഴിയുക? നിങ്ങൾക്ക് എന്ത് തോന്നുന്നു?

**ചോദ്യകർത്താവ്:** അതെ, അത് സത്യമാണ്.

**ദാദാശ്രീ:** നിങ്ങൾക്ക് ഈ ആശയം ഇഷ്ടമായോ അതോ ഇല്ലേ?

ഒരാൾ തന്റെ വാർദ്ധക്യത്തിൽ, അറുപത് അറുപത്തിയഞ്ച് വയസ്സിൽ, തന്റെ വീട്ടിൽ, ആരും ശ്രദ്ധിക്കാനില്ലാതെ കഴിയുമ്പോൾ, എന്ത് സംഭവിക്കും? അയാൾക്ക് ആരോടും ഒന്നും പറയാനില്ല, അതുകൊണ്ട് ഉള്ളിൽ അയാൾ നെഗറ്റീവ് കർമ്മങ്ങൾ ബന്ധിപ്പിച്ച് കൊണ്ടിരിക്കും. അതുകൊണ്ട്, ആളുകൾ കണ്ടെത്തിയിരിക്കുന്ന ഈ വൃദ്ധസദനങ്ങൾ എന്ന ആശയം, തെറ്റായ ഒരു ആശയമല്ല, അത് ഗുണകരമാണ്. എങ്കിലും, അതിനെ വൃദ്ധസദനങ്ങൾ എന്ന് വിളിക്കാൻ പാടില്ല. അതിന് ബഹുമാന്യമായ ഒരു പേര് നല്കണം,

അവർക്ക് ബഹുമാനിക്കപ്പെടുന്നു എന്ന് അനുഭവപ്പെടണം.

## സേവനം ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടു വരുന്നു!

ആദ്യം നിങ്ങൾക്ക് ജന്മം നല്കിയ മാതാ പിതാക്കളെ നിങ്ങൾ സേവിക്കണം. അടുത്തതായി നിങ്ങൾ ഗുരുവിനെ സേവിക്കണം. ഒരാളുടെ ഗുരുവിനേയും, മാതാ പിതാക്കളേയും തീർച്ചയായും പരിചരിക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ, ഗുരു ശരിയായ ഗുരു അല്ല എന്നു വന്നാൽ, ആ സേവനം ഉപേക്ഷിക്കാവുന്നതാണ്.

**ചോദ്യകർത്താവ്:** ഇന്നത്തെ കാലത്ത്, മാതാ പിതാക്കളെ സംരക്ഷിക്കാത്തവർ ഉണ്ട്. അവരുടെ കാര്യം എന്താണ്? ഏത് ജീവ രൂപത്തിലേക്കാണ് അവർ എത്തിച്ചേരുക?

**ദാദാശ്രീ:** മാതാ പിതാക്കൾക്ക് സേവനം ചെയ്യാത്ത ആൾക്ക് ഈ ജീവിതത്തിൽ സന്തോഷം ലഭിക്കില്ല. ഒരാൾ മാതാ പിതാക്കളെ സേവനിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന വളരെ വ്യക്തമായ നേട്ടത്തിന് ഉദാഹരണം എന്താണ്? അത് നിങ്ങളുടെ ജീവിതം മുഴുവനും നിങ്ങൾക്ക് വിഷമങ്ങൾ നേരിടേണ്ടി വരില്ല എന്നതാണ്. നിങ്ങളുടെ മാതാ പിതാക്കളെ സേവിക്കുമ്പോൾ, നിങ്ങൾക്ക് [ജീവിതത്തിൽ] ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല.

ഇന്ത്യയിലെ പുരാതനമായ ശാസ്ത്രം വളരെ മികച്ചതായിരുന്നു. അതുകൊണ്ടാണ് വേദ രചയിതാക്കൾ വേദങ്ങളിൽ ഇത് ചേർത്തിരിക്കുന്നത്, "മാതാ പിതാക്കൾക്ക് സേവനം ചെയ്യൂ, അങ്ങനെ ചെയ്താൽ, നിങ്ങൾക്ക് ജീവിതത്തിൽ മുഴുവനും സാമ്പത്തികമായ ഒരു ബുദ്ധിമുട്ടും അനുഭവപ്പെടുകയില്ല.'' അത് ശരിയായ കാര്യമാണോ അല്ലയോ എന്നത് വേറെ കാര്യമാണ്. എന്നാൽ മാതാ പിതാക്കളെ സേവിക്കുക എന്നത് തീർച്ചയായും വളരെ ഗുണകരമായ കാര്യമാണ്. അതിനു കാരണം, നിങ്ങൾ അവർക്ക് സേവനം ചെയ്തില്ലെങ്കിൽ, ആരാണ് നിങ്ങൾക്ക് സേവനം ചെയ്യാൻ ഉണ്ടാവുക? നിങ്ങൾ സേവനത്തിന് യോഗ്യരാണ് എന്ന് എങ്ങനെയാണ് അടുത്ത തലമുറ മനസ്സിലാക്കുക? കുട്ടികൾ എല്ലാം

നിരീക്ഷിക്കുന്നുണ്ട്. അവർ കാണുന്നു, "എന്റെ പിതാവ് സത്യത്തിൽ ഒരിക്കലും അദ്ദേഹത്തിന്റെ പിതാവിനെ പരിചരിച്ചിട്ടില്ല.'' അതുകൊണ്ട് ഈ സദാചാര മൂല്യങ്ങൾ തീർച്ചയായും അവരിൽ വളർന്നു വരില്ല. ഉവ്വോ!

**ചോദ്യകർത്താവ്:** ഒരു മകന് തന്റെ പിതാവിനോട് എന്ത് കടമയാണ് ഉള്ളത്? എന്ന് ചോദിക്കാനാണ് ഞാൻ ഉദ്ദേശിച്ചത്.

**ദാദാശ്രീ:** കുട്ടികൾ അവർക്ക് പിതാവിനോടുള്ള കടമകൾ നിറവേറ്റണം, അവർ അങ്ങനെ ചെയ്താൽ, അതുകൊണ്ട് അവർക്ക് എന്ത് നേട്ടമാണ് ഉണ്ടാവുക? മാതാ പിതാക്കൾക്ക് സേവനം ചെയ്യുന്ന കുട്ടികൾക്ക് പണത്തിന് ഒരു കുറവും വരില്ല. അവർക്ക് ആവശ്യമായതെല്ലാം അവർക്ക് ലഭിക്കും. ഗുരുവിനെ സേവിക്കുന്നവർക്ക് മോക്ഷം ലഭിക്കും. എന്നാൽ, ഇന്നത്തെ കാലത്ത് ആളുകൾ അവരുടെ മാതാവിനെയോ, പിതാവിനെയോ, ഗുരുവിനെയോ ഒന്നും സേവിക്കുന്നില്ല. ഉണ്ടോ? അതുകൊണ്ട് ഈ ആളുകൾ എല്ലാം സന്തോഷം ഇല്ലാത്തവരായിരിക്കും.

## ഏറ്റവും ഗുണകാരികൾ , മാതാപിതാക്കൾ !

മാതാ പിതാക്കളുടെ തെറ്റുകൾ കാണുന്ന വ്യക്തി വലിയ വിലയുള്ളവനല്ല. ഒരു പക്ഷെ, അയാൾ സമ്പന്നനായിരിക്കാം; എന്നാൽ അയാൾക്ക് ഒരിക്കലും ആദ്ധ്യാത്മികമായ മുന്നേറ്റം ഉണ്ടാവില്ല. ഒരാൾ ഒരിക്കലും തന്റെ മാതാ പിതാക്കളിൽ തെറ്റ് കാണാൻ പാടില്ല. എങ്ങനെ നിങ്ങൾക്ക് അവരോടുള്ള കടമ എന്നെങ്കിലും മറക്കാൻ കഴിയും? ഒരാൾ നിങ്ങൾക്ക് ചായ നല്കിയാൽ, നിങ്ങൾ ഒരിക്കലും അദ്ദേഹത്തോടുള്ള ബാധ്യത മറക്കാൻ പാടില്ല, അപ്പോൾ പിന്നെ, എങ്ങനെയാണ് മാതാ പിതാക്കളോടുള്ള കടമ എന്നെങ്കിലും മറക്കാൻ കഴിയുക? നിങ്ങൾക്ക് മനസ്സിലായോ? ഉവ്വ്, ..... അതുകൊണ്ട് നിങ്ങൾ എന്നും കൃതജ്ഞത ഉള്ളവനായിരിക്കണം. നിങ്ങൾ അവർക്ക് വളരെയേറെ സേവ ചെയ്യണം. നിങ്ങൾ നിങ്ങളുടെ മാതാവിനേയും പിതാവിനേയും വളരെയധികം സേവിക്കണം.

ഈ ലോകത്തിൽ, ഈ മൂന്നു പേർ നിങ്ങളെ വളരെയധികം

സഹായിച്ചിട്ടുണ്ട്. നിങ്ങൾ തീർച്ചയായും, ഒരിക്കലും ആ കടമ മറക്കരുത്. അവർ നിങ്ങളുടെ പിതാവും, മാതാവും, ഗുരുവുമാണ്! ഈ മൂന്നു പേരോടും ഉള്ള കടമ, നിങ്ങളെ നേർവഴിയിൽ എത്തിച്ചവരോടുള്ള കടമ, ഒരിക്കലും മറക്കാൻ കഴിയാത്തതാണ്.

## ജ്ഞാനിയെ സേവിക്കുന്നതുകൊണ്ടുള്ള ഫലം!

സേവ്യൻ (സേവനം ചെയ്യപ്പെടാൻ യോഗ്യനായ ആൾ) ആണ് എന്ന നിങ്ങളുടെ അവസ്ഥ ഒരിക്കലും വെളിപ്പെടുത്തരുത്, ഒരു സേവകൻ (മറ്റുള്ളവർക്ക് സേവനം ചെയ്യുന്ന ആൾ) എന്ന നിലക്കുള്ള നിങ്ങളുടെ ജോലികൾ ചെയ്തുകൊണ്ടിരിക്കുക. സത്യത്തിൽ, ജ്ഞാനീ പുരുഷൻ മുഴുവൻ ലോകത്തിനും സേവകനും സേവ്യനും ആയി കണക്കാക്കപ്പെടുന്നു. "ഞാൻ" തീർച്ചയായും ഈ ലോകത്തെ മുഴുവനും സേവിക്കുന്നു, "ഞാൻ" ലോകത്തിന്റെ മുഴുവനും സേവനവും സ്വീകരിക്കുന്നു. നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞാൽ, അത് നിങ്ങളുടെ "ജോലി" പൂർണ്ണമാകുന്ന തരത്തിൽ ഉള്ളതാണ്!

ഒരാൾ എന്നെ കാണാൻ വന്നാൽ, എന്റെ ദർശനത്തിന്റെ ഫലം അയാൾക്ക് തീർച്ചയായും ലഭിക്കണം എന്നതിന്റെ ഉത്തരവാദിത്വം മുഴുവനും "ഞാൻ" ഏറ്റെടുക്കുന്നു. ആരെങ്കിലും "എന്നെ" സേവിച്ചാൽ, അപ്പോൾ ആ വ്യക്തിയുടെ ഉത്തരവാദിത്വം "എന്നിൽ" വന്ന് വീഴുന്നു, അപ്പോൾ തീർച്ചയായും ആ വ്യക്തിയെ "ഞാൻ" മോക്ഷത്തിലേക്ക് നയിക്കും.

**ജയ് സത് ചിത് ആനന്ദ്.**

(ശാശ്വതമായ അവബോധം ആനന്ദമാണ്)

## ശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

എനിക്കകത്തു വസിക്കുന്ന ശുദ്ധാത്മാവെ, അങ്ങ് എനിക്കകത്തു വസിക്കുന്നതു പോലെ എല്ലാ ജീവജാലങ്ങളുടേയും അകത്തു വസിക്കുന്നു. അങ്ങയുടെ ദിവ്യരൂപമാണ് എന്റെ യഥാർത്ഥരൂപം. എന്റെ യഥാർത്ഥരൂപം ശുദ്ധാത്മാവാണ്.

അല്ലയോ ശുദ്ധാത്മാ ഭഗവാൻ! അനന്തമായ ഭക്തിയോടെയും ഐക്യത്തോടെയും ഞാനങ്ങയെ വന്ദിക്കുന്നു.

ഞാൻ അജ്ഞതാവസ്ഥയിൽ ചെയ്ത എന്റെ എല്ലാ തെറ്റുകളും **** അങ്ങയോട് ഏറ്റു പറയുന്നു. ആത്മാർത്ഥമായി ഞാൻ ആ തെറ്റുകൾക്കെല്ലാം അങ്ങയോട് മാപ്പപേക്ഷിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു. അല്ലയോ ഭഗവാനെ, എനിക്കു മാപ്പു തരൂ, മാപ്പു തരൂ, മാപ്പുതരൂ. ആ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ എനിക്ക് ശക്തി തരൂ.

അല്ലയോ ശുദ്ധാത്മാ ഭഗവാൻ! അങ്ങയിൽ നിന്നും വേറിട്ടിരിക്കുന്ന അവസ്ഥ നീങ്ങിക്കിട്ടാനും അങ്ങയോട് ഒന്നുചേർന്നിരിക്കുന്ന അവസ്ഥ ലഭ്യമാകാനും അങ്ങ് ഞങ്ങളെ ഏവരേയും അനുഗ്രഹിക്കണമേ. ഞങ്ങളെല്ലാവരും അങ്ങയോട് എപ്പോഴും ഒന്നു ചേർന്നിരിക്കണമേ!

(**** നിങ്ങൾ മുമ്പ് ചെയ്തിട്ടുള്ള തെറ്റുകൾ ഓർമ്മിക്കുക.)

**ജയ് സത് ചിത് ആനന്ദ്**

(ശാശ്വതമായ അവബോധം ആനന്ദമാണ്)

# നവ് കലമോ

## (എല്ലാ ഗ്രന്ഥങ്ങളുടെയും സാരാംശം)

1. ഹേ ദാദാ ഭഗവാൻ [ഉള്ളിലുള്ള ഭഗവാൻ], ഏറ്റവും നിസ്സാരമായ അളവിൽ പോലും ഒരു ജീവിയുടേയും അഹത്തെ വേദനിപ്പിക്കാതെ ഇരിക്കാനും, വേദനിപ്പിക്കുന്നതിന് കാരണം ആകാതിരിക്കാനും, വേദനിപ്പിക്കുന്നതിന് പ്രേരകം ആകാതിരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

   ഏറ്റവും നിസ്സാരമായ അളവിൽ പോലും ഒരു ജീവിയുടേയും അഹത്തെ വേദനിപ്പിക്കാതെ ഇരിക്കാനും, എന്റെ വാക്കും, ചിന്തയും, പ്രവർത്തികളും എല്ലാവരാലും സ്വീകാര്യമായി തീരാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

2. ഹേ ദാദാ ഭഗവാൻ [ഉള്ളിലുള്ള ഭഗവാൻ], ഒരു മതത്തിന്റേയും അടിത്തറയെ വേദനിപ്പിക്കാതെ ഇരിക്കാനും, വേദനിപ്പിക്കുന്നതിന് കാരണം ആകാതിരിക്കാനും, വേദനിപ്പിക്കുന്നതിന് പ്രേരകം ആകാതെ ഇരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

   ഒരു മതത്തിന്റേയും അടിത്തറയെ വേദനിപ്പിക്കാതെ ഇരിക്കാനും എന്റെ വാക്കും ചിന്തയും പ്രവൃത്തികളും എല്ലാവരാലും സ്വീകാര്യമായി തീരാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

3. ഹേ ദാദാ ഭഗവാൻ [ഉള്ളിലുള്ള ഭഗവാൻ], , ജീവിച്ചിരിക്കുന്ന സന്യാസി മാരെയോ, സന്യാസിനി മാരെയോ, മത പ്രസംഗകരേയോ മത അദ്ധ്യക്ഷരേയോ വിമർശിക്കാതെ ഇരിക്കാനും, അവരോട് തെറ്റു ചെയ്യാതിരിക്കാനും, അതിന് കാരണമാകാതിരിക്കാനും, അതിന് പ്രേരകമാകാതിരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

4. ഹേ ദാദാ ഭഗവാൻ, [ഉള്ളിലുള്ള ഭഗവാൻ], ഏറ്റവും നിസ്സാരമായ അളവിൽ പോലും ഒരു ജീവിയോടും ഇഷ്ടക്കേട് തോന്നാതിരിക്കാനും, വെറുക്കാതിരിക്കാനും, വെറുപ്പിനോ ഇഷ്ടക്കേടിനോ കാരണം ആകാതെ ഇരിക്കാനും അതിന് പ്രേരകമാകാതിരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

5. ഹേ ദാദാ ഭഗവാൻ, [ഉള്ളിലുള്ള ഭഗവാൻ], ഒരു ജീവിയോടും കടുത്തതും വേദനാജനകവും ആയ ഭാഷയിൽ സംസാരിക്കാതെ ഇരിക്കാനും, അതിന് കാരണം ആകാതെ ഇരിക്കാനും, അതിന് പ്രേരകം ആകാതെ ഇരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

   ആരെങ്കിലും എന്നോട് കടുത്തതും വേദനാജനകവും ആയ ഭാഷയിൽ സംസാരിക്കുന്ന പക്ഷം, അവരോട് മൃദുവായും ദയയോടെയും മറുപടി പറയുന്നതിനുള്ള അനന്തമായ ആന്തരികശക്തി എനിക്കു നല്കിയാലും.

6. ഹേ ദാദാ ഭഗവാൻ, [ഉള്ളിലുള്ള ഭഗവാൻ], ആണായാലും, പെണ്ണായാലും, നപുംസകമായാലും ഒരു ജീവിയോടും ലൈംഗിക തൃഷ്ണയോ, വികാരങ്ങളോ, ചേഷ്ടകളോ പ്രകടിപ്പിക്കാതെ ഇരിക്കാൻ ഉള്ള അനന്തമായ ആന്തരിക ശക്തി എനിക്കു നല്കിയാലും.

   എന്നന്നേക്കുമായി ലൈംഗികാഗ്രഹങ്ങളിൽ നിന്നും സ്വതന്ത്രമാകുന്നതിനുള്ള അനന്തമായ ആന്തരികശക്തി എനിക്കു നല്കിയാലും.

7. ഹേ ദാദാ ഭഗവാൻ [ഉള്ളിലുള്ള ഭഗവാൻ], പ്രത്യേക രുചികളോടു കൂടിയ ഭക്ഷണ പദാർത്ഥങ്ങളോട് ഉള്ള അമിത ആസക്തി നിയന്ത്രിക്കുന്നതിന് ഉള്ള പരമ ശക്തി എനിക്കു നല്കിയാലും.

   സമതുലിതവും സമ്പൂർണ്ണവും ആയ ഭക്ഷണ പദാർത്ഥങ്ങൾ സ്വീകരിക്കുന്നതിന് ഉള്ള ശക്തി നല്കിയാലും.

8. ഹേ ദാദാ ഭഗവാൻ, [ഉള്ളിലുള്ള ഭഗവാൻ], ഒരു ജീവിയേയും അവർ സമീപത്ത് ഉണ്ടെങ്കിലും ഇല്ലെങ്കിലും, അവർ ജീവിച്ച് ഇരിക്കുന്നവർ ആയാലും മരിച്ചവർ ആയാലും, വിമർശിക്കാതെ ഇരിക്കുവാനും അവരോട് തെറ്റു ചെയ്യാതിരിക്കാനും, എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

9. ഹേ ദാദാ ഭഗവാൻ, [ഉള്ളിലുള്ള ഭഗവാൻ], ലോക മോക്ഷത്തിന്റെ പാതയിൽ ഒരു ഉപകരണമാകുന്നതിന് എനിക്ക് അനന്തമായ ആന്തരികശക്തി നല്കിയാലും.

**ജയ് സത് ചിത് ആനന്ദ്**

(ശാശ്വതമായ അവബോധം ആനന്ദമാണ്)

# പ്രതിക്രമണവിധി

കുറിപ്പ്: നിങ്ങൾ ശുദ്ധാത്മാവാണ്, പ്രതിക്രമണം ചെയ്യേണ്ടത് 'ചന്ദുഭായ്' (ഫയൽ നമ്പർ ഒന്ന്), ആരാണോ തെറ്റുകൾ ചെയ്തത്. ഇവിടെ, പ്രതിക്രമണം ചെയ്യാൻ നിങ്ങൾ ഒന്നാം നമ്പർ ഫയലിനോട് ആവശ്യപ്പെടും. ഇത് മൂന്ന് ഭാഗങ്ങളുള്ള ഒരു പ്രക്രിയയാണ്: പൂർണ്ണമായ വിശദാംശങ്ങൾക്കും വ്യക്തതയ്ക്കും, ദയവായി ദാദാശ്രീയുടെ 'പ്രതിക്രമൺ ' എന്ന പുസ്തകം വായിക്കുക.

1. ആലോചന: ഒരാളുടെ തെറ്റുകളെക്കുറിച്ചുള്ള ഹൃദയം നിറഞ്ഞ ആന്തരിക ഏറ്റുപറച്ചിൽ.
2. പ്രതിക്രമൺ: ഏതെങ്കിലും തെറ്റിന് പശ്ചാത്താപം ചോദിക്കുന്ന പ്രക്രിയ.
3. പ്രത്യാഖ്യാൻ: ഒരിക്കലും തെറ്റുകൾ ആവർത്തിക്കില്ലെന്ന് ആത്മാർത്ഥമായ പ്രതിജ്ഞ.

പ്രത്യക്ഷ ദാദാഭഗവാൻ സാക്ഷിയായി .......................... (നിങ്ങൾ തെറ്റുചെയ്ത ആളുടെ പേര് പറയുക) ... യുടെ മനസ്സും ശരീരവും വാക്കും ഭാവകർമ്മവും ദ്രവ്യകർമ്മവും നോകർമ്മവുമായി യാതൊരു ബന്ധവുമില്ലാത്ത ശുദ്ധാത്മാവിനെ വന്ദിക്കുന്നു.

- ഞാൻ എന്റെ തെറ്റുകൾ സമ്മതിക്കുന്നു. (ചെയ്ത തെറ്റുകൾ ഓർമ്മിക്കുക : ആലോചന).
- എന്റെ എല്ലാ തെറ്റുകൾക്കും ഞാൻ മാപ്പ് ചോദിക്കുന്നു. (പ്രതിക്രമണം.)
- ഞാൻ ആ തെറ്റുകൾ ഇനി ഒരിക്കലും ആവർത്തിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു. (പ്രത്യാഖ്യാനം).

ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, എന്റെ തെറ്റുകൾ ആവർത്തിക്കാതെ ഇരിക്കാനുള്ള ഉറച്ച തീരുമാനത്തിൽ നിലനിൽക്കാനുള്ള അനന്തമായ ആന്തരികശക്തി നല്കിയാലും.

**ജയ് സത് ചിത് ആനന്ദ്**

(ശാശ്വതമായ അവബോധം ആനന്ദമാണ്)

# Books of Dada Bhagwan Foundation

| | |
|---|---|
| 1.എങ്ങും ഇണങ്ങിപ്പോകുക<br>2.വ്യസനങ്ങൾ<br>3.മരണം<br>4.സംഘർഷം ഒഴിവാക്കുക<br>5.തെറ്റ് ക്ലേശം അനുഭവിക്കുന്നവന്റേത് ആണ്<br>6,സംഭവിച്ചതെല്ലാം ന്യായമാണ് | 7.മനുഷ്യ ധർമ്മം<br>8.കോപം<br>9.സേവനം - പരോപകാരം<br>13.ഞാൻ ആരാണ്?<br>14.ആത്മ സാക്ഷാത്ക്കാരം |
| **10.Shree Simandhar Swami: The Living God**<br>**11.Tri Mantra: The Mantra that removes all worldly obstacles**<br>**12.The Essence of All Religions**<br>**15.Noble Use of Money**<br>**16.Pure Love**<br>**17.Autobiograpy of Gnani Purush A.M Patel**<br>**18.The Science of Karma**<br>**19.Science of Speech**<br>**20.Generation Gap**<br>**21.Science of Money**<br>**22.Ahimsa : Non-violence**<br>**23.Brahmcharya : Celibacy Attained with understanding** | **24.Harmony in Married Life**<br>**25.Pratikraman: The master key that resolves all conflicts**<br>**26.The Guru and the Disciple**<br>**27.Flawless Vision**<br>**28.Life without Conflict**<br>**29.Aptavani 1**<br>**30.Aptavani 2**<br>**31.Aptavani 3**<br>**32.Aptavani 4**<br>**33.Aptavani 5**<br>**34.Aptavani 6**<br>**35.Aptavani 7**<br>**36.Aptavani 8**<br>**37.Aptavani 9**<br>**38.Aptavani 10** |

- **Dada Bhagwan books are available in different languages: Gujarati, Hindi, English, Marathi, Telugu, Kannada, Oriya, Malayalam, Bengali, Punjabi, Assamese, Tamil, German, Spanish Russian etc.**
- **Few books are available in 'E' books in Dada Bhagwan mobile App.**
- **' Dadavani' Magazine is published every month in three Languages: Gujarati, Hindi, and English**

**www.dadabhagwan.org**

# Dada Bhagwan Parivar

**Adalaj:** Trimandir, Simandhar City, Ahmedabad-Kalol Highway, Po/Adalaj, Dist.: Gandhinagar-382421, Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



# സേവനത്തിന്റെ ഫലങ്ങൾ

ലോകത്തിനുവേണ്ടി പ്രവർത്തിക്കൂ; നിങ്ങളുടെ സ്വന്തം ജോലി തീർച്ചയായും നടന്നു കൊണ്ടിരിക്കും. നിങ്ങൾ ലോകത്തിനു വേണ്ടി പ്രവർത്തിക്കുമ്പോൾ, നിങ്ങളുടെ ജോലി സ്വയം നടന്നുകൊണ്ടിരിക്കും, അപ്പോഴാണ് നിങ്ങൾക്ക് അത്ഭുതം തോന്നുക!

ഒരു മനുഷ്യൻ മറ്റുള്ളവർക്ക് സന്തോഷം കൊടുക്കാൻ ആരംഭിക്കുന്ന നിമിഷം മുതൽ ധർമ്മം ആരംഭിക്കുന്നു. ഒരാൾ തന്റെ സ്വന്തം സന്തോഷത്തെ കുറിച്ച് ചിന്തിക്കാതാകുമ്പോൾ, തുടർച്ചയായി, "എങ്ങനെയാണ് മറ്റുള്ളവരുടെ വിഷമങ്ങൾ നീക്കുക" എന്ന ചിന്തയിൽ മുഴുകുമ്പോൾ, ആ നിമിഷം മുതൽ കാരുണ്യത ആരംഭിക്കുന്നു. കുട്ടിക്കാലം മുതൽ ഞാൻ എപ്പോഴും മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ നീക്കുന്ന കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. സ്വന്തം കാര്യത്തെ കുറിച്ച് ഒരൊറ്റ ചിന്ത പോലും ഉയരാത്ത അവസ്ഥയെ ആണ് കാരുണ്യത എന്ന് വിളിക്കുന്നത്. തീർച്ചയായും ഇതിലൂടെയാണ് ആത്മാവിനെ കുറിച്ചുള്ള ജ്ഞാനം പ്രകടമാകുന്നത്.

_ദാദാശ്രീ

dadabhagwan.org

ISBN 978-93-91375-08-9

Printed in India

Price ₹25